/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2025 ആഗസ്റ്റ് പുസ്തകം 12 ലക്കം 1

## പെൺകരുത്തിന്റെ നവകേരളം

ആരോഗ്യവും സുരക്ഷിതത്വവും ആത്മവിശ്വാസവുമുള്ള സ്ത്രീകളാണ് പുരോഗമനനിലപാടുള്ള ഏതൊരു നാടിന്റെയും അടയാളം. ആ ലക്ഷ്യത്തിലേക്ക് രാജ്യത്തിന് മാതൃകയായി മുന്നേറുകയാണ് കേരളം.







ആട്ടിപ്പായിച്ചവർക്ക് ഇപ്പോൾ ഞങ്ങൾ പ്രിയപ്പെട്ടവർ

# വി എസ്
## ഓർമ്മ ചിത്രങ്ങൾ


















അനീതികൾക്കെതിരെ ജനങ്ങളുടെ ശബ്ദമായിരുന്ന മുൻ മുഖ്യമന്ത്രി വി. എസ് എന്ന വേലിക്കകത്ത് ശങ്കരൻ അച്യുതാനന്ദൻ 2025 ജൂലൈ 21ന് കാലയവനികയിൽ മറഞ്ഞു. 1923 ഒക്ടോബർ 20 ന് ആയിരുന്നു ജനനം. 1940-ലാണ് രാഷ്ട്രീയ ജീവിതത്തിന്റെ തുടക്കം. 1946 ൽ സർ സി.പി. രാമസ്വാമി അയ്യരുടെ പോലീസിനെതിരെ പുന്നപ്രയിൽ സംഘടിപ്പിച്ച സമരത്തെ തുടർന്ന് അറസ്റ്റിലായ അദ്ദേഹത്തിന് ലോക്കപ്പിൽ ക്രൂരമർദനത്തിനിരയാകേണ്ടി വന്നു. നാലു വർഷക്കാലം പൂജപ്പുര സെൻട്രൽ ജയിലിൽ.

അമ്പലപ്പുഴ, മാരാരിക്കുളം, മലമ്പുഴ എന്നീ നിയമസഭാമണ്ഡലങ്ങളിൽ നിന്നായി ഏഴു തവണ വിഎസ് നിയമസഭയിൽ എത്തി. 1992 ലും 2001 ലും 2011 ലും പ്രതിപക്ഷനേതാവായി തിരഞ്ഞെടുക്കപ്പെട്ടു.

2006 മുതൽ 2011 വരെ കേരളത്തിന്റെ മുഖ്യമന്ത്രി. അദ്ദേഹത്തിന്റെ സർക്കാർ നിരവധി ജനക്ഷേമപദ്ധതികൾ നടപ്പിലാക്കി. ഭരണ പരിഷ്കാര കമ്മിഷൻ ചെയർമാനുമായിരുന്നു. തലമുറകൾക്ക് മാർഗദീപമായി പ്രചോദനാത്മകമായ ജീവിതം നയിച്ച വി.എസിന് കേരളം ആദരാഞ്ജലി അർപ്പിച്ചപ്പോൾ..

ഫോട്ടോ: ആർ പ്രശാന്ത്, ഐപിആർഡി ആർക്കൈവ്സ്


















6 സ്ത്രീ ശാക്തീകരണവും നവകേരളവും
**പിണറായി വിജയൻ**

9 ലക്ഷ്യം സ്ത്രീസൗഹൃദ കേരളം
**വീണാ ജോർജ്**

12 കുടുംബശ്രീ ലോകത്തിന് ഒരു പാഠപുസ്തകം
**എം. ബി. രാജേഷ്**





15 കുടുംബശ്രീ വിജയസംരംഭങ്ങൾ

21 കുടുംബശ്രീ മികവിന്റെ പുതു മാതൃകകൾ





26 വീട്ടുമുറ്റത്തെ അയൽക്കൂട്ട വിപ്ലവം
**മൈന ഉമൈബാൻ**

29 ആട്ടിപ്പായിച്ചവർക്ക് ഇപ്പോൾ ഞങ്ങൾ പ്രിയപ്പെട്ടവർ
**ഐശ്വര്യ പി.എസ്**

32 അന്വേഷണത്തിൽ നിന്നും തൊഴിലരങ്ങത്തേക്ക്
**ഡോ. പി. എസ്. ശ്രീകല**





34 സംരംഭകത്വം: സ്വപ്നങ്ങൾക്ക് ചിറകേകും പദ്ധതികൾ

36 സാഫ് കടലോര ജനതയുടെ സ്ത്രീശക്തി

38 ദ്വന്ദ്വങ്ങളിൽ കുടുങ്ങാത്ത ലിംഗനീതി
**അനിഷ രുദ്രാണി**

40 സർക്കാർ ഒപ്പമുണ്ടെന്ന ആത്മവിശ്വാസം
**ശ്യാമ എസ് പ്രഭ**





41 കുരുന്നുകൾക്കൊപ്പം വളരുന്ന അങ്കണവാടികൾ
**ശോഭിക വി കുറുപ്പത്ത്**

44 ടീം വൈപ്പർ സാഹസികതയുടെ മറുപേര്
**പ്രിയ ടി ജോസഫ്**

46 നാട്ടുവിശേഷം

48 അറിവുലകം


**കവർചിത്രം:** വയനാട്ടിലെ തിരുനെല്ലി നെട്ടറ വനഗ്രാമത്തിൽ നിന്നുള്ള ഗോത്രവിദ്യാർഥിനികൾ
**ചിത്രം:** രമേഷ് കുമാർ വെള്ളമുണ്ട

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം

2025 ആഗസ്റ്റ് 1 • പുസ്തകം 12 • ലക്കം 1

**എഡിറ്റർ** ടി വി സുഭാഷ് ഐ എ എസ്
**അഡീഷണൽ എഡിറ്റർ** കെ ജി സന്തോഷ് **ഡപ്യൂട്ടി എഡിറ്റർ** നാഫിഹ്.എം
**എഡിറ്റർ-ഇൻ-ചാർജ്** കെ എസ് ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** ഡെന്നി സുൽഹ് **സർക്കുലേഷൻ ഓഫീസർ** മെർലിൻ ജെ എൻ
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്** വിനിത വി എസ്

എഡിറ്റോറിയൽ »



# സ്ത്രീസൗഹൃദ നവകേരളം

കേരള സമൂഹത്തിന്റെ പകുതിയിലധികം വരും സ്ത്രീ ജനസംഖ്യ. പല സംസ്ഥാനങ്ങളെയും അപേക്ഷിച്ച് സ്ത്രീകളുടെ സാമൂഹിക, സാമ്പത്തിക മുന്നേറ്റം ഏറെ ദൃശ്യമായ നാടാണ് കേരളം. നാം വിഭാവനം ചെയ്യുന്നതും ഒരു സ്ത്രീപക്ഷ നവകേരളമാണ്. ഈ ലക്ഷ്യത്തോടെ 2016 മുതൽ സംസ്ഥാന സർക്കാർ ക്രിയാത്മകമായ നയങ്ങൾ രൂപവൽക്കരിച്ചു. ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി

സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിലെന്നപോലെ സാമൂഹിക ശാക്തീകരണത്തിലും ലോകത്തിനു മാതൃകയായ കുടുംബശ്രീ പ്രസ്ഥാനം നമ്മുടെ അഭിമാനമാണ്. സംസ്ഥാനം സമ്പൂർണ്ണ ദാരിദ്ര്യ നിർമ്മാർജന പ്രഖ്യാപനത്തിലേക്കു നീങ്ങുമ്പോൾ ആ ലക്ഷ്യപ്രാപ്തിയിൽ കുടുംബശ്രീയുടെ പങ്കും സുപ്രധാനമാണ്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ് തന്നെ ആരംഭിച്ച ആദ്യസംസ്ഥാനമായി കേരളം മാറി. വനിതാക്ഷേമം, വികസനം, സുരക്ഷ തുടങ്ങിയവയിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ വകുപ്പിനായി. തൊഴിലിടങ്ങളിലെ സ്ത്രീസുരക്ഷയിൽ വസ്ത്രശാലകളുൾപ്പെടെയുള്ള ഇടങ്ങളിൽ ഇരിക്കാനുള്ള അവകാശം ഉറപ്പാക്കി. എല്ലാ സർക്കാർ ഓഫീസുകളിലും ആഭ്യന്തര പരാതി പരിഹാര സമിതി രൂപവൽക്കരിച്ച സംസ്ഥാനവും കേരളമാണ്. സംരംഭകരംഗത്തും സ്ത്രീപങ്കാളിത്തം വർധിപ്പിക്കുന്നതിനു സർക്കാർ വലിയ പിന്തുണയാണ് നൽകുന്നത്. സംരംഭകവർഷം പദ്ധതിയിലൂടെ ഒരുലക്ഷം വനിതാസംരംഭകരെ സൃഷ്ടിക്കാനായി എന്നതും ശ്രദ്ധേയമാണ്. ഇങ്ങനെ സ്ത്രീശാക്തീകരണത്തിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങളാണ് ഈ ലക്കം സമകാലിക ജനപഥത്തിന്റെ കവർസ്റ്റോറി.

**ടി വി സുഭാഷ് ഐ എ എസ്**
എഡിറ്റർ

2025 AUGUST 1 VOLUME 12 ISSUE 1 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications/ https://janapadham.kerala.gov.in/

പിണറായി വിജയൻ
മുഖ്യമന്ത്രി



**നവകേരളം സ്ത്രീപക്ഷമായിരിക്കണം എന്ന ലക്ഷ്യത്തോടെയാണ് കഴിഞ്ഞ ഒൻപത് വർഷമായി സംസ്ഥാന സർക്കാർ പ്രവർത്തിച്ചുവരുന്നത്. ഈ കാഴ്ചപ്പാടോടെ സ്ത്രീസുരക്ഷയിലും സ്ത്രീശാക്തീകരണത്തിലും മാതൃകാപരമായ നിരവധി ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്**

# സ്ത്രീ ശാക്തീകരണവും നവകേരളവും



മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം എല്ലാ മേഖലകളിലും മുന്നിട്ടു നിൽക്കുന്നതിനു പിന്നിലുള്ള ഒരു കാരണം കേരളത്തിൽ സ്ത്രീകൾക്കു ലഭിക്കുന്ന തുല്യ അവകാശങ്ങളും അവസരങ്ങളുമാണ്. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ-സാമൂഹിക-സാമ്പത്തികാവസ്ഥ വളരെയധികം മെച്ചപ്പെട്ടതാണ്. നമ്മുടെ നവോത്ഥാന പ്രസ്ഥാനങ്ങളും തൊഴിലാളി മുന്നേറ്റങ്ങളുമെല്ലാം കേരളത്തിലെ സ്ത്രീകളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതിന് കാരണമായിട്ടുണ്ട്. ഒന്നാം ഇ എം എസ് സർക്കാരിന്റെ കാലം മുതലുള്ള പുരോഗമന സർക്കാരുകൾ നടപ്പാക്കിയ സ്ത്രീസൗഹൃദനയങ്ങളും അതിനു വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്.

കേരളത്തിലെ സ്ത്രീകളുടെ ശാക്തീകരണം സാധ്യമാക്കിയ ഏറ്റവും പ്രധാനപ്പെട്ട ഘടകം വിദ്യാഭ്യാസമാണ്. ഏറ്റവും ഉയർന്ന സാക്ഷരതാനിരക്ക് തുടർച്ചയായി രേഖപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. പൊതുവിദ്യാഭ്യാസത്തിൽ എത്രയോ കാലം മുമ്പുതന്നെ ലിംഗസമത്വം കൈവരിച്ച നാടാണ് നമ്മുടേത്. പ്രൊഫഷണൽ യോഗ്യത, ഉന്നതവിദ്യാഭ്യാസം എന്നിവ നേടിയവരുടെ പട്ടികയിലും കേരളത്തിലെ സ്ത്രീകൾ തന്നെയാണ് മുന്നിൽ.

ഐക്യകേരള രൂപവൽക്കരണത്തിനു ശേഷം തെരഞ്ഞെടുപ്പിലൂടെ അധികാരമേറ്റ ഇ എം എസ് സർക്കാർ മുന്നോട്ടു വച്ച കാഴ്ചപ്പാട് പുതിയ കേരളം സൃഷ്ടിക്കുക എന്നതായിരുന്നു. സമൂഹത്തിലെ പരമ്പരാഗത അധികാര ഘടനയിൽ ഇടർച്ചയുണ്ടാക്കുന്നതിന് കാരണമാകുന്ന ഭൂപരിഷ്കരണം, മിനിമം കൂലി ഉറപ്പാക്കൽ, വിദ്യാഭ്യാസ - ആരോഗ്യമേഖലകളുടെ ജനാധിപത്യവൽക്കരണം തുടങ്ങിയ നിർണ്ണായക നടപടികൾ സ്വാതന്ത്ര്യലബ്ധിക്കു ശേഷം മറ്റൊരു സംസ്ഥാനത്തും സൃഷ്ടിക്കപ്പെടാത്ത സാമൂഹികമാറ്റത്തിനു കേരളത്തിൽ കളമൊരുക്കി. സ്ത്രീകളായിരുന്നു ഈ മാറ്റത്തിന്റെ ഗുണഫലം ലഭിച്ച പ്രധാനവിഭാഗം.

1987 ലെ നായനാർ സർക്കാർ നടപ്പിലാക്കിയ സമ്പൂർണ്ണ സാക്ഷരതാപ്രസ്ഥാനം അക്ഷരാഭ്യാസത്തിന്റെ പുതിയ അറിവുകളിലേക്ക് സ്ത്രീകളെ നയിക്കുക മാത്രമല്ല ചെയ്തത്. സാക്ഷരതാപ്രസ്ഥാനമെന്ന ബൃഹത്തായ ജനകീയ പ്രസ്ഥാനത്തിന്റെ ഭാഗമായി പതിനായിരക്കണക്കിന് സ്ത്രീകളെ മാറ്റുകയും ചെയ്തു. 1996 ൽ നടപ്പാക്കിയ ജനകീയാസൂത്രണ പ്രക്രിയ അധികാരവികേന്ദ്രീകരണം സാധ്യമാക്കിയതിലൂടെ സ്ത്രീകൾ ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രാദേശിക വികസനത്തിൽ സംഭാവന ചെയ്യാൻ കഴിയുന്ന പരിസരം ഒരുക്കി.

2010 ൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അമ്പത് ശതമാനം വനിതാസംവരണം നടപ്പാക്കി. അങ്ങനെ ചെയ്ത ചുരുക്കം ചില സംസ്ഥാനങ്ങളിലൊന്നാണ് കേരളം. അതോടെ സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളിലേക്കുള്ള സ്ത്രീ പ്രവേശനത്തിന്റെ പുത്തൻ കുതിപ്പിന് സാഹചര്യമൊരുങ്ങി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷ പദവികളിൽ പകുതിയും സ്ത്രീകൾക്കായി സംവരണം ചെയ്ത ഏക സംസ്ഥാനമാണ് കേരളം.

സ്ത്രീകളുടെ സാമ്പത്തിക സ്വയംപര്യാപ്തത ലക്ഷ്യംവെച്ച് ആരംഭിച്ച കുടുംബശ്രീ ഇന്നു ലോകത്തിനു തന്നെ മാതൃകയാണ്. മൂന്ന് ലക്ഷത്തോളം അയൽക്കൂട്ടങ്ങളും 48 ലക്ഷം അംഗങ്ങളുമുള്ള കുടുംബശ്രീ ലോകത്തെ ഏറ്റവും വലിയ സ്ത്രീശാക്തീകരണ പ്രസ്ഥാനമായി വളർന്ന് പന്തലിച്ചു നിൽക്കുന്നു. സ്ത്രീകളുടെ സാമ്പത്തിക, സാമൂഹിക ശാക്തീകരണത്തിനായി ആവിഷ്കരിച്ച വിവിധ പദ്ധതികളിലൂടെ സ്വയംപര്യാപ്തമായ വലിയൊരു സ്ത്രീസമൂഹത്തെ സൃഷ്ടിക്കുവാൻ കുടുംബശ്രീ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കാൽനൂറ്റാണ്ട് പിന്നിട്ട കുടുംബശ്രീ ഇന്ന് സംസ്ഥാന സർക്കാരിന്റെ ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുന്ന വികസന ഏജൻസിയായി മാറിയിരിക്കുന്നു.

നവകേരളം സ്ത്രീപക്ഷമായിരിക്കണം എന്ന ലക്ഷ്യത്തോടെയാണ് കഴിഞ്ഞ ഒൻപത് വർഷമായി സംസ്ഥാന സർക്കാർ പ്രവർത്തിച്ചുവരുന്നത്. ഈ കാഴ്ചപ്പാടോടെ സ്ത്രീസുരക്ഷയിലും സ്ത്രീശാക്തീകരണത്തിലും മാതൃകാപരമായ നിരവധി ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ് ആരംഭിച്ച രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറിയത് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്.



സ്ത്രീകൾക്കായുള്ള ജൻഡർ ബജറ്റിങ്ങ് രാജ്യത്ത് ആദ്യമായി നടപ്പിലാക്കിയത് 1997 ൽ കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലാണ്. 2008 ൽ സംസ്ഥാന സർക്കാർ ആദ്യമായി ജെൻഡർ ബജറ്റ് നടപ്പിലാക്കി. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും പഞ്ചായത്തുകൾ സ്ത്രീകൾക്കായി പ്രത്യേക വനിതാഘടക പദ്ധതി നടപ്പാക്കുന്നില്ല.

2017-18 മുതൽ എല്ലാ വർഷവും സംസ്ഥാന ബജറ്റിനൊപ്പം വാർഷിക ജെൻഡർ ബജറ്റും അവതരിപ്പിച്ചു വരുന്നുണ്ട്. 2025-26 ൽ കേരളത്തിൽ ജെൻഡർ ബജറ്റ് ഈ വർഷത്തെ ആകെ ബജറ്റിന്റെ 20.8 ശതമാനമാണ്. തുടർച്ചയായ വർധനവാണ് സ്ത്രീകൾക്കായുള്ള പദ്ധതി വിഹിതത്തിൽ വരുത്തുന്നത്. വനിതാശിശുക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വനിതാ കമ്മീഷൻ, വനിതാവികസന കോർപ്പറേഷൻ, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, ജെൻഡർ പാർക്ക് തുടങ്ങിയവ വഴി സ്ത്രീകളുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിന് വലിയ ഇടപെടൽ നടത്തിവരുന്നുണ്ട്.

ഇതിനൊക്കെ പുറമെ പോലീസ് സേനയിലേക്ക് സ്ത്രീകളുടെ പ്രത്യേക റിക്രൂട്ടിങ് യാഥാർഥ്യമാക്കിയതും പ്രത്യേക സ്ത്രീ ബറ്റാലിയൻ രൂപവൽക്കരിച്ചതും അഗ്നിരക്ഷാസേനയിൽ ആദ്യമായി വനിത ഫയർ ഓഫീസർമാരെ നിയമിച്ചതുമൊക്കെ നമ്മുടെ ഓർമ്മയിലുണ്ടാവും.

സ്ത്രീസുരക്ഷ ഉറപ്പുവരുത്താനായി പോലീസും ശക്തമായ ഇടപെടലുകളാണ് നടത്തിവരുന്നത്. നിർഭയ പദ്ധതിക്കു പുറമെ പോലീസിന്റെ ആഭിമുഖ്യത്തിൽ അപരാജിതാ ഹെൽപ്പ് ലൈൻ, പോലീസ് സ്റ്റേഷനുകളിലെ വനിതാ ഹെൽപ്പ് ഡെസ്ക്, പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ്, സൈബർ പോലീസ് സ്റ്റേഷനുകൾ, വിമൻ സെൽഫ് ഡിഫൻസ് ട്രെയിനിങ് എന്നിവയും നിലവിലുണ്ട്.

ഗാർഹിക പീഡന നിരോധനം, സ്ത്രീധന നിരോധനം തുടങ്ങിയ നിയമങ്ങൾ നടപ്പാക്കുന്നതിൽ മുൻപന്തിയിലാണ് കേരളം. സ്ത്രീകൾക്ക് സുരക്ഷിതമായ ജോലിസ്ഥലം ഉറപ്പാക്കുന്നതിലും കേരളം മാതൃകാപരമായി മുന്നേറിയിരിക്കുന്നു. എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവ പരിഹരിക്കുന്നതിനായി ഇവയെ ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന കുറ്റകൃത്യങ്ങളെ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. അതിൽ ഉൾപ്പെടുന്ന കുറ്റവാളികൾ എത്ര ഉന്നതരായാലും അവരെ നിയമത്തിനു മുന്നിൽ എത്തിക്കുന്ന കാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അടുത്തിടെ നമ്മുടെ നാട്ടിലുണ്ടായ

**സ്ത്രീകളുടെ സാമ്പത്തിക സ്വയംപര്യാപ്തത ലക്ഷ്യംവെച്ച് ആരംഭിച്ച കുടുംബശ്രീ ഇന്നു ലോകത്തിനു തന്നെ മാതൃകയാണ്. മൂന്ന് ലക്ഷത്തോളം അയൽക്കൂട്ടങ്ങളും 48 ലക്ഷം അംഗങ്ങളുമുള്ള കുടുംബശ്രീ ലോകത്തെ ഏറ്റവും വലിയ സ്ത്രീശാക്തീകരണ പ്രസ്ഥാനമായി വളർന്ന് പന്തലിച്ചു നിൽക്കുന്നു.**



സംഭവങ്ങൾ പരിശോധിച്ചാൽ ആർക്കുമിത് മനസ്സിലാക്കാവുന്നതേയുള്ളു. ഏതു മേഖലയിലും സ്ത്രീകൾക്ക് തലയുയർത്തിത്തന്നെ പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യം ഉറപ്പാക്കും.

സംസ്ഥാന സർക്കാരിന്റെ ഇടപെടലുകൾ മൂലം തൊഴിലിടങ്ങളിൽ സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിലാളികൾക്ക് ഇരിക്കാനുള്ള അവകാശം ഉറപ്പുവരുത്തിയ കേരളത്തിന്റെ നടപടി രാജ്യത്തിനാകെ മാതൃകയായിരുന്നു. സംസ്ഥാനത്തെ എല്ലാ കടകളിലും സ്ഥാപനങ്ങളിലും പ്രത്യേകിച്ച് വസ്ത്രസ്ഥാപനങ്ങളിലും മറ്റും ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് ഇത് വലിയ ആശ്വാസം നൽകിയിട്ടുണ്ട്.

കോളേജ്, സർവകലാശാല വിദ്യാർഥിനികൾക്ക് ആർത്തവ, പ്രസവാവധി അനുവദിച്ചുകൊണ്ടും കേരളം രാജ്യത്തിനു മാതൃകയായി. രാജ്യത്ത് ആദ്യമായി സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വനിതാ ജീവനക്കാർക്കു കൂടി പ്രസവാനുകൂല്യം നൽകിയും കേരളം മാതൃകയായി. നിയമപ്രകാരം അവർക്ക് 26 ആഴ്ചത്തെ പ്രസവാവധിക്ക് അർഹതയുണ്ട്. പ്രസവാവധിയുടെ കാലയളവിൽ മുഴുവൻ ശമ്പള ആനുകൂല്യങ്ങളും ചികിത്സാച്ചെലവുകൾക്കായി 3,500 രൂപ ഒറ്റത്തവണ ഗ്രാന്റും ലഭിക്കും.

തൊഴിലിടങ്ങളിലും ഓഫീസുകളിലും സ്ത്രീകൾ നേരിടുന്ന ശാരീരിക - മാനസിക പീഡനങ്ങളെ സംബന്ധിച്ച പരാതികളിൽ സമയബന്ധിതമായി തീർപ്പുണ്ടാക്കും. നീതി വൈകിപ്പിച്ചുകൊണ്ട് നീതി നിഷേധിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. പോഷ് ആക്ട് പ്രകാരം എല്ലാ ഓഫീസുകളിലും ആഭ്യന്തര പരാതി പരിഹാര സമിതി രൂപവൽക്കരിച്ചുവെന്ന നേട്ടവും കേരളം കൈവരിച്ചു.

> സംരംഭക രംഗത്തേക്ക് സ്ത്രീകൾ കടന്നുവരുന്നത് ഏറെ സന്തോഷകരമായ കാര്യമാണ്. സംരംഭക വർഷം പദ്ധതിയിലൂടെ മൂന്നരലക്ഷം സംരംഭങ്ങൾ ആരംഭിച്ചതിൽ ഒരു ലക്ഷത്തിലധികം വനിതാ സംരംഭകരുടേതാണ്.

സാമ്പത്തികമായ സ്വാതന്ത്ര്യം നേടിയാൽ മാത്രമേ സ്ത്രീകൾക്ക് സാമൂഹിക മുന്നേറ്റം കൈവരിക്കാൻ കഴിയുകയുള്ളു. അതിന് ഏറെ ആവശ്യം തൊഴിൽ നേടുക എന്നതാണ്. 20 ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ രൂപീകരിച്ച നോളജ് എക്കോണമി മിഷൻ വഴി സ്ത്രീകൾക്കായി പ്രത്യേക തൊഴിൽ മേളകളും നൈപുണ്യ പരിശീലന ക്ലാസ്സുകളും നടപ്പാക്കിവരുന്നുണ്ട്. നേഴ്സുമാർ ഉൾപ്പെടെയുള്ളവർക്ക് വിദേശത്തേക്ക് കുടിയേറാനുള്ള മികച്ച അവസരങ്ങൾ നോർക്കയിലൂടെയും ഒഡെപെക്കിലൂടെയും ഒരുക്കുന്നുണ്ട്.

സംരംഭക രംഗത്തേക്ക് സ്ത്രീകൾ കടന്നുവരുന്നത് ഏറെ സന്തോഷകരമായ കാര്യമാണ്. സംരംഭക വർഷം പദ്ധതിയിലൂടെ മൂന്നരലക്ഷം സംരംഭങ്ങൾ ആരംഭിച്ചതിൽ ഒരു ലക്ഷത്തിലധികം വനിതാ സംരംഭകരാണ്. നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റാർട്ടപ്പ് നയം രൂപീകരിച്ച് മുന്നോട്ടുപോവുകയാണ് സംസ്ഥാന സർക്കാർ. അതിൽത്തന്നെ വനിതാ സംരംഭകരുടെ സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക പിന്തുണ നൽകുന്നുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രൊഡക്റ്റൈസേഷൻ ഗ്രാന്റിന് ഒൻപത് വനിതാ സംരംഭകരുടെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ അർഹമായി. ഒരു കോടിയിലേറെ രൂപയാണ് ഗ്രാന്റായി അനുവദിച്ചത്. അതിനു പുറമെ സോഫ്റ്റ് ലോണായി ഇവർക്ക് 6 ശതമാനം പലിശ നിരക്കിൽ 15 ലക്ഷം രൂപ വീതം ലഭ്യമാക്കുകയും ചെയ്യും. വിമൻസ് സ്റ്റാർട്ടപ്പ് സമ്മിറ്റും സംഘടിപ്പിക്കുകയുണ്ടായി.

സംസ്ഥാനത്തിന്റെ മാലിന്യനിർമ്മാർജന പദ്ധതിയിലെ ചാലകശക്തിയും ഹരിത കർമ്മസേനയിലൂടെ സ്ത്രീകളാണ്.

കേരളത്തിലെ സ്ത്രീകളുടെ വികസനത്തിനു വേണ്ട ശക്തമായ അടിത്തറ നമ്മൾ ഒരുക്കിയിട്ടുണ്ട് എന്നതിന്റെ തെളിവാണ് ഉന്നത വിദ്യാഭ്യാസമേഖലയിലെ സ്ത്രീപങ്കാളിത്തം. രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കാണ് ഇക്കാര്യത്തിൽ കേരളത്തിനുള്ളത് എന്നാണ് നാഷണൽ സർവേ ഓൺ ഹയർ എജ്യൂക്കേഷൻ വ്യക്തമാക്കുന്നത്. അതായത്, ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള സ്ത്രീകൾ കേരളത്തിലുണ്ട്. അവരുടെ ശേഷികളെ കൂടുതൽ വികസിപ്പിച്ചുകൊണ്ട് വ്യവസായ, ഉൽപാദന, തൊഴിൽ രംഗങ്ങളിൽ അവരുടെ പങ്കാളിത്തം വർധിപ്പിക്കാൻ കഴിയണം.

വിജ്ഞാനത്തിന്റെയും സാങ്കേതികവിദ്യയുടെയും അടിത്തറയിൽ നവകേരളത്തിലേക്ക് നടത്തുന്ന വികസനക്കുതിപ്പിൽ തുല്യനീതിയും ലിംഗതുല്യതയും ഉറപ്പുവരുത്തി മുന്നേറാനാണ് കേരളം ശ്രമിക്കുന്നത്. ഇത്തരമൊരു ആധുനിക സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കേരളത്തിലെ സ്ത്രീകളെ കൊണ്ടുവരാൻ സഹായകരമാകുന്ന നിരവധി അനുകൂല ഘടകങ്ങൾ ഇന്ന് നമുക്കുണ്ട്. രാജ്യത്തെ ഏറ്റവും മെച്ചപ്പെട്ട ഉന്നതവിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസ നിലവാരം, തൊഴിൽ വൈദഗ്ധ്യത്തിനും മെച്ചപ്പെട്ട തൊഴിലിനും വേണ്ടിയുള്ള പെൺകുട്ടികളുടെ താൽപര്യം, രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലെ ഉയർന്ന സ്ത്രീ പ്രാതിനിധ്യം, കുടുംബശ്രീയിലൂടെ ഉൾപ്പെടെ വികസന-ക്ഷേമ പ്രവർത്തനങ്ങളിലെ വർധിച്ച സ്ത്രീപങ്കാളിത്തം തുടങ്ങി അനുകൂല സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തി നവകേരളത്തിലേക്കുള്ള മുന്നേറ്റം നമുക്ക് സാധ്യമാക്കാം.■

വീണാ ജോർജ്
ആരോഗ്യ-വനിതാ ശിശു വികസന വകുപ്പ് മന്ത്രി



**ആരോഗ്യവും സുരക്ഷിതത്വവും ആത്മവിശ്വാസവുമുള്ള സ്ത്രീകളാണ് പുരോഗമനനിലപാടുള്ള ഏതൊരു നാടിന്റെയും അടയാളം. ആ ലക്ഷ്യത്തിലേക്ക് രാജ്യത്തിന് മാതൃകയായി മുന്നേറുകയാണ് കേരളം**

# ലക്ഷ്യം സ്ത്രീസൗഹൃദ കേരളം



ഈ വർഷം നവംബറിൽ ലോക ബാങ്ക് സംഘടിപ്പിച്ച വാർഷിക മീറ്റിങ്ങിൽ സ്ത്രീ ശാക്തീകരണത്തെക്കുറിച്ചുള്ള ചർച്ചകളിൽ പാനലിസ്റ്റ് ആയി ഞാൻ ക്ഷണിക്കപ്പെട്ടിട്ടുണ്ട്. വനിതകളുടേയും കുട്ടികളുടേയും ക്ഷേമം ഉറപ്പാക്കുന്നതിന് കേരളം നടത്തിയ ഇടപെടലുകൾക്കുള്ള അംഗീകാരമായാണ് ഇതിനെ കാണുന്നത്. സ്ത്രീസൗഹൃദ കേരളമാണ് ലക്ഷ്യമിടുന്നത്. വനിതാനയം കാലാനുസൃതമായി പരിഷ്‌ക്കരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. സ്ത്രീകളുടെയും പെൺകുട്ടികളുടെയും ആരോഗ്യം ഉറപ്പാക്കുന്നതിന്'വിവാകേരളം''കാൻസർ ക്യാമ്പയിൻ' എന്നിവ സംഘടിപ്പിച്ചു. ട്രൈബൽ തീരദേശ മേഖലകളിൽ കൂടുതൽ പ്രാധാന്യം നൽകുന്നതാണ് ഈ ക്യാമ്പയിനുകൾ. തൊഴിലിടങ്ങളിലെ സ്ത്രീപ്രാതിനിധ്യം വർധിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കി. സ്‌കില്ലിങ്, റീ സ്‌കില്ലിങ്, അപ് സ്‌കില്ലിങ്, പ്രോഗ്രാമുകൾ, വനിതാ ഹോസ്റ്റലുകൾ, വനിതാഹോസ്റ്റലുകളിൽ ചൈൽഡ് കെയർ സെന്റർ, തൊഴിലിടങ്ങളിൽ ക്രെഷ് സംവിധാനം എന്നിവ നടപ്പാക്കി. ഒറ്റയ്ക്കായി പോകുന്ന സ്ത്രീകളുടെ സംരക്ഷണത്തിനായും വിധവകളുടെ മക്കൾക്കുള്ള ഉന്നതപഠനത്തിനായും പ്രത്യേക പദ്ധതികൾ ആവിഷ്‌കരിച്ചു.

രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ വിനോദത്തിന്റെ ഇടങ്ങൾ സ്ത്രീകളുടേത് കൂടിയാണ്. ഈ ലക്ഷ്യം മുൻനിർത്തി സിനിമാ തിയറ്ററുകളിൽ സ്ത്രീകൾക്ക് സെക്കൻഡ് ഷോ സിനിമ കാണുന്നതിനായുള്ള സജ്ജീകരണങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജില്ലാതലത്തിൽ ഒരുക്കിയിട്ടുണ്ട്. വിവിധ ജില്ലകളിലായി 94 തിയറ്ററുകളിലായി സിനിമാ പ്രദർശനം സംഘടിപ്പിക്കുന്നു. വനിതകളായ എംഎൽഎമാർ, ജനപ്രതിനിധികൾ, ജില്ലാ കളക്ടർമാർ, പോലീസ് മേധാവികൾ, സാമൂഹ്യ പ്രവർത്തകർ, വിവിധ സംഘടനകളിലെ പ്രതിനിധികൾ, ഹരിത കർമ്മസേന, കുടുംബശ്രീ പ്രവർത്തകർ, അങ്കണവാടി ജീവനക്കാർ തുടങ്ങി സമൂഹത്തിലെ വിവിധ തലങ്ങളിലുള്ളവർ ഉൾപ്പെടെ 10,166 പേർ പ്രസ്തുത സെക്കൻഡ് ഷോ സിനിമാ പ്രദർശനത്തിൽ പങ്കെടുത്തു.

മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സ്ത്രീകളുടെ വികസനത്തിൽ വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്താവുന്നവിധം കേരളം മുൻപന്തിയിലാണ്.



മാതൃശിശു മരണ നിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം. അത് വികസിത രാജ്യത്തോട് തുല്യമാണ്. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സമസ്ത മേഖലകളിലും സ്ത്രീകൾ മുന്നോട്ട് കുതിക്കുകയാണ്. ഉയർന്ന ആയുർദൈർഘ്യം കേരളത്തിന്റെ മറ്റൊരു പ്രത്യേകതയാണ്.

> **ഉന്നത വിദ്യാഭ്യാസ മേഖലയിൽ, സാങ്കേതിക വിദ്യാഭ്യാസം ഒഴികെ മറ്റെല്ലാ മേഖലകളിലും പെൺകുട്ടികൾ ആൺകുട്ടികളെക്കാൾ വലിയ തോതിൽ കൂടുതലാണ്**

കേരളത്തിലെ സ്ത്രീ ശാക്തീകരണത്തിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഘടകമായി വിദ്യാഭ്യാസത്തെ കണക്കാക്കാം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ, സാങ്കേതിക വിദ്യാഭ്യാസം ഒഴികെ മറ്റെല്ലാ മേഖലകളിലും പെൺകുട്ടികൾ ആൺകുട്ടികളെക്കാൾ വലിയ തോതിൽ കൂടുതലാണ്. സ്ത്രീകളുടേയും കുട്ടികളുടേയും വികസനത്തിനായി സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. 2017-ൽ പ്രത്യേകമായി വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചു. ഈ വകുപ്പിന് കീഴിൽ സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനായി നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2017-18 മുതൽ എല്ലാ വർഷവും ബജറ്റിനൊപ്പം കേരളത്തിലെ വാർഷിക ജെൻഡർ ബജറ്റും അവതരിപ്പിക്കുന്നു.

## തൊഴിൽ സുരക്ഷയും സാമ്പത്തിക ഉന്നമനവും

സ്ത്രീകളുടെ ജീവിതനിലവാരവും സുരക്ഷിതത്വവും തൊഴിൽ സുരക്ഷയും ഉറപ്പാക്കാനായി ഒട്ടേറെ നടപടികൾ വനിതാ ശിശു വികസന വകുപ്പ് കൈക്കൊണ്ടു. ഇവയ്ക്കെല്ലാം മികച്ച സ്വീകാര്യതയാണ് പൊതുസമൂഹത്തിൽ നിന്നും വിവിധ ഏജൻസികളിൽനിന്നും ലഭിക്കുന്നത്. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ചാനലൈസിങ് ഏജൻസിക്കുള്ള ദേശീയ അംഗീകാരം സംസ്ഥാന വനിതാ വികസന കോർപ്പറേഷന് ലഭിച്ചു. സ്ത്രീകൾക്ക് സ്വയം തൊഴിലിനായി വായ്പ വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും സംസ്ഥാന സർക്കാരിന്റെ അംഗീകാരവും അനുമതിയുള്ള ഏജൻസി എന്ന നിലയിലാണ് പുരസ്കാരം. ചരിത്രത്തിൽ ആദ്യമായാണ് തുടർച്ചയായി രണ്ടാംവർഷവും അംഗീകാരം ലഭിക്കുന്നത്. വനിതകളുടെ ഉന്നമനത്തിനായി വനിത വികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണിത്.

സ്ത്രീപക്ഷ ഉന്നമനത്തിനായി നിലകൊള്ളുന്ന സംസ്ഥാന സർക്കാർ വനിതകളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനു വേണ്ടി നിരവധി പദ്ധതികളും പരിപാടികളും നടപ്പാക്കുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് സംരംഭകത്വ വികസന പരിപാടികൾ. വനിത വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സ്ത്രീ സംരംഭക

# തൊഴിലിടങ്ങളിലെ സ്ത്രീസുരക്ഷ
## എല്ലാ സ്ഥാപനങ്ങളിലും പരാതിപരിഹാര സമിതികൾ

സ്ത്രീകളുടെ ഉന്നമനത്തോടൊപ്പം അവർക്ക് സുരക്ഷിതമായി ജോലിചെയ്യാനുള്ള അന്തരീക്ഷവും ഉറപ്പാക്കാനായി നടപടി സ്വീകരിച്ചു. 2013ലാണ് രാജ്യത്ത് തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷിതത്വം ഉറപ്പാക്കാൻ പോഷ് ആക്ട് POSH Act, The Sexual Harassment of Women at Workplace Prevention, Prohibition and Redressal Act, 2013) നിലവിൽ വന്നത്. 2023 ജനുവരിയിലാണ് സംസ്ഥാന വനിതാ ശിശുവികസന വകുപ്പ് തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരേയുള്ള ലൈംഗിക അതിക്രമം തടയുന്നതിനായി പോഷ് ആക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി പോഷ് പോർട്ടൽ ആരംഭിച്ചത്.

ആ ഘട്ടത്തിൽ ആയിരത്തോളം സ്ഥാപനങ്ങളിൽ മാത്രമായിരുന്നു നിയമപ്രകാരം ആഭ്യന്തര പരാതി പരിഹാര സമിതികൾ ഉണ്ടായിരുന്നത്. 2024 ആഗസ്റ്റിൽ വകുപ്പ് ജില്ലാടിസ്ഥാനത്തിൽ ക്യാമ്പയിൻ ആരംഭിച്ചു. എന്നാലിപ്പോൾ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം 26,000ലധികം ആയി ഉയർന്നു. സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളിലും നിയമപ്രകാരം ഇന്റേണൽ കമ്മിറ്റികൾ രൂപീകരിക്കേണ്ടതുണ്ട്. ഇപ്പോൾ വകുപ്പ് നടത്തിയ ക്യാമ്പയിന്റെ ഭാഗമായി 95 ഓളം സർക്കാർ വകുപ്പുകളിൽ വരുന്ന 19,000 ത്തിലധികം ഓഫീസുകളിൽ ഇതിനകം ഇന്റേണൽ കമ്മിറ്റികൾ രൂപീകരിച്ച് കഴിഞ്ഞു.

ഇതിനോടൊപ്പം ഐടി പാർക്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയും ഐ.സി. കമ്മിറ്റികളുള്ള സ്ഥാപനങ്ങളാക്കി മാറ്റാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

രെ സൃഷ്ടിക്കാനായി വലിയ പ്രയത്നമാണ് നടത്തി വരുന്നത്. ഈ കാലഘട്ടത്തിൽ മാത്രം അരലക്ഷത്തിലധികം സ്ത്രീ സംരംഭകരുണ്ട്. രണ്ടുലക്ഷത്തിൽപരം ആളുകൾക്ക് വനിത വികസന കോർപ്പറേഷനിലൂടെ തൊഴിൽ നൽകാനാകുന്നുണ്ട്.

70 ശതമാനത്തിന് മുകളിലാണ് പെൺകുട്ടികൾ ഉന്നത വിദ്യാഭ്യാസ രംഗത്തുള്ളത്. പല തൊഴിൽ സ്ഥാപനങ്ങളിലും സ്ത്രീകളാണ് കൂടുതൽ. ആരോഗ്യരംഗത്തും 70 ശതമാനത്തിലധികം സ്ത്രീകളാണ്. തൊഴിൽ ചെയ്യുന്ന സ്ത്രീകൾ കേരളത്തിൽ കൂടുതലാണ്. എങ്കിലും വിദ്യാഭ്യാസം നേടുന്നവരും തൊഴിൽ ചെയ്യുന്ന സ്ത്രീകളും തമ്മിൽ വലിയ ഗ്യാപ്പ് ഉണ്ട്. ഐടി മേഖലകളിലുൾപ്പെടെ പലപ്പോഴും സ്ത്രീകൾ കൊഴിഞ്ഞുപോകുന്ന അവസ്ഥയുമുണ്ട്. ഇതെല്ലാം പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കേരളത്തിലെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളെ യുഎൻ വിമണും അഭിനന്ദിച്ചിരുന്നു. വനിതകളെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ പ്രാപ്തരാക്കാൻ ഡിജിറ്റൽ പാഠശാല പദ്ധതി, സ്ത്രീകൾക്ക് വേണ്ടിയിട്ടുള്ള റീ സ്ക്രില്ലിങ് പ്രോഗ്രാം, സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പരിശീലനം, വിദേശത്ത് പോകുന്ന നഴ്സുമാർക്ക് വേണ്ടി പ്രത്യേക പരിശീലന പരിപാടി തുടങ്ങിയവ നടപ്പിലാക്കി.



സ്ത്രീധന നിരോധന ചട്ടങ്ങളിൽ ഭേദഗതി വരുത്തി, എല്ലാ ജില്ലകളിലും ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരെ നിശ്ചയിച്ചു. സ്ത്രീധനത്തിനെതിരെയുള്ള പരാതികൾക്കും റിപ്പോർട്ട് ചെയ്യാനും ഓൺലൈൻ പോർട്ടൽ സജ്ജമാക്കി. വിവാഹപൂർവ കൗൺസിലിങ് ആരംഭിച്ചു. ബാല്യകാലത്തിൽതന്നെ പെൺകുട്ടികളിൽ ആത്മവിശ്വാസവും ധൈര്യവും വളർത്താൻ ധീര പദ്ധതി നടപ്പിലാക്കി. പുതിയ നിർഭയ പോളിസി കൊണ്ടുവന്നു. ആദിവാസി സ്ത്രീകളുടെ ഉന്നമനത്തിനായി വനമിത്ര വനിതാ ശാക്തീകരണ പദ്ധതി നടപ്പാക്കി.

സ്ത്രീകളുടെ ആരോഗ്യത്തിനും സർക്കാർ വലിയ പ്രാധാന്യം നൽകുന്നു. കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന ആരോഗ്യ വകുപ്പ് 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം'എന്ന പേരിൽ ഒരു ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻ ആരംഭിച്ചു. സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയഗളാർബുദം (സെർവിക്കൽ കാൻസർ) എന്നിവയ്ക്ക് സ്ക്രീനിങ് നടത്തി പരിശോധനയും ചികിത്സയും ഉറപ്പാക്കി. സർക്കാർ, സ്വകാര്യ, സഹകരണ മേഖലകൾ, സന്നദ്ധ പ്രവർത്തകർ, സംഘടനകൾ, പൊതുസമൂഹം തുടങ്ങി എല്ലാവരും സഹകരിച്ച് കൊണ്ടാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്.

ആരോഗ്യവും സുരക്ഷിതത്വവും ആത്മവിശ്വാസവുമുള്ള സ്ത്രീകളാണ് പുരോഗമനനിലപാടുള്ള ഏതൊരു നാടിന്റെയും അടയാളം. ആ ലക്ഷ്യത്തിലേക്ക് രാജ്യത്തിന് മാതൃകയായി മുന്നേറുകയാണ് കേരളം. എല്ലാവരും ഒപ്പം ഉണ്ടാകണം.■

എം. ബി. രാജേഷ്
തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി



**ദാരിദ്ര്യ നിർമ്മാർജനത്തിനും അതിലൂടെ സ്ത്രീശാക്തീകരണത്തിനും കുടുംബശ്രീ നൽകുന്ന സംഭാവനകൾ ഒരു സംസ്ഥാനത്തിന്റെയാകെ വികസന കാഴ്ചപ്പാടുകൾക്ക് നെടുംതൂണായി മാറുകയാണ്.**

# കുടുംബശ്രീ ലോകത്തിന് ഒരു പാഠപുസ്തകം



ദാരിദ്ര്യ നിർമ്മാർജനം എന്ന ലക്ഷ്യവുമായി കേരളത്തിൽ കുടുംബശ്രീയുടെ ജൈത്രയാത്ര തുടങ്ങിയിട്ട് 27 സുവർണ്ണ വർഷങ്ങൾ പിന്നിട്ടിരിക്കുകയാണ്. സ്ത്രീകളെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിനൊപ്പം സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് സാധാരണക്കാരായ വനിതകൾക്ക് കടന്നുചെല്ലാനും തന്റേതായ ഇടം കണ്ടെത്താനും കുടുംബശ്രീ നൽകി വരുന്ന സംഭാവനകൾ ഇന്ന് ദേശീയ അന്തർദേശീയതലങ്ങളിൽ മികച്ച അംഗീകാരം നേടിയിട്ടുണ്ട്.

കുടുംബശ്രീ നൽകിയ സംഭാവനകൾ ഇന്ന് ലോകത്തിന്റെ മുന്നിൽ പാഠപുസ്തകമായി മാറിക്കഴിഞ്ഞു. ദാരിദ്ര്യ നിർമ്മാർജനത്തിനും അതിലൂടെ സ്ത്രീശാക്തീകരണത്തിനും കുടുംബശ്രീ നൽകുന്ന സംഭാവനകൾ ഒരു സംസ്ഥാനത്തിന്റെയാകെ വികസന കാഴ്ചപ്പാടുകൾക്ക് നെടുംതൂണായി മാറുകയാണ്. ഉൽപ്പാദന, സേവന മേഖലകളിലടക്കം വിവിധ തൊഴിൽ മേഖലകളിൽ വലിയ മുന്നേറ്റമാണ് കുടുംബശ്രീ കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ 48 ലക്ഷം കുടുംബശ്രീ കുടുംബങ്ങൾ ഈ മുന്നേറ്റത്തിൽ നിസ്വാർഥമായ പങ്കുവഹിക്കുന്നു. ഇതിന് കേരളത്തിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നൽകുന്ന പിന്തുണയും പ്രോത്സാഹനവും വളരെ വലുതാണ്.



ദാരിദ്ര്യനിർമ്മാർജനം ലക്ഷ്യമിട്ടുകൊണ്ടാണ് കുടുംബശ്രീക്ക് തുടക്കമിട്ടത്. പ്രാദേശിക സാമ്പത്തിക വികസനത്തിനും ഊന്നൽ നൽകിയുള്ള പദ്ധതി പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിൽ ഈ ലക്ഷ്യം അർഥപൂർണ്ണമായി സാക്ഷാത്ക്കരിക്കാൻ സാധിച്ചു. നീതി ആയോഗിന്റെ 2021ലെ കണക്കുകൾ പ്രകാരം 0.71 ആണ് സംസ്ഥാനത്ത് ദാരിദ്ര്യത്തിന്റെ തോത്. എന്നാൽ 2024 ലെ കണക്കുകൾ പ്രകാരം അത് 0.48 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജനം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ കുടുംബശ്രീ വഹിച്ച പങ്ക് എത്രമാത്രം സുപ്രധാനമാണ് എന്നതാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. അതിദരിദ്രരില്ലാത്ത കേരളം എന്ന ലക്ഷ്യം കൈവരിക്കാനുള്ള കഠിനപരിശ്രമങ്ങളിലാണ് സർക്കാർ. ഇതിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 64006 അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിരുന്നു. ഇതിൽ 93 ശതമാനം കുടുംബങ്ങളെയും അതിദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. വീടില്ലാത്ത ഗുണഭോക്താക്കൾക്ക്

ലൈഫ് മിഷനുമായി ചേർന്നു വീട്ടു നൽകുന്നതിനും ഭൂമിയില്ലാത്ത ഭവനരഹിതർക്ക് ഭൂമി കണ്ടെത്തി വീട് ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുകയാണ്. നാലായിരത്തിലേറെ അതിദരിദ്ര കുടുംബങ്ങൾക്ക് 'ഉജ്ജീവനം' പദ്ധതിയിലൂടെ വരുമാനം ലഭ്യമാക്കുന്നതിനും സാധിച്ചു.

## അയൽക്കൂട്ട വനിതകളുടെ സാമ്പത്തിക ശാക്തീകരണം

കുടുംബശ്രീയുടെ അടുത്ത ലക്ഷ്യം അയൽക്കൂട്ട വനിതകൾക്ക് മെച്ചപ്പെട്ട തൊഴിലും വരുമാന വർധനവുമാണ്. നിലവിൽ സൂക്ഷ്മ സംരംഭ മേഖലയിൽ 1,57,057 സൂക്ഷ്മസംരംഭങ്ങളും അതിൽ 3,18,265 അംഗങ്ങളുമുണ്ട്. ഉൽപ്പാദന, സേവന, വ്യാപാര മേഖലയിലുള്ള സംരംഭങ്ങളും മറ്റു വിഭാഗങ്ങളിലെ സംരംഭങ്ങളും ഉൾപ്പെടെയാണിത്. വനിതകളുടെ വരുമാന വർധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. ഇതിന്റെ ഭാഗമായി അടുത്ത ഒരു വർഷത്തിനുള്ളിൽ മൂന്നുലക്ഷം വനിതകൾക്ക് തൊഴിൽ നൈപുണ്യപരിശീലനം നൽകി വേതനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കും. തൊഴിൽ അന്വേഷകരായ സ്ത്രീകൾക്ക് തൊഴിൽദാതാക്കൾ ആവശ്യപ്പെടുന്ന നൈപുണ്യപരിശീലനം ലഭ്യമാക്കി തൊഴിൽ നേടിക്കൊടുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. നിലവിൽ കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 20 ശതമാനമാണ്. ഇത് 50 ശതമാനമാക്കി ഉയർത്തും. ഇത് കേരളത്തിലെ സമ്പദ്ഘടനയിലും സാമൂഹ്യപുരോഗതിയിലും കുടുംബത്തിന്റെ അഭിവൃദ്ധിയിലും വലിയ പങ്കുവഹിക്കുമെന്ന് തീർച്ചയാണ്. വിജ്ഞാനകേരളം പദ്ധതിയുമായി സഹകരിച്ച് ഓണത്തിന് ഒരു ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കും.

ഈ സർക്കാർ അധികാരമേറ്റ ശേഷം പദ്ധതികളുടെ വൈപുല്യവും വേഗവും കൊണ്ട് കുടുംബശ്രീ സംവിധാനത്തെ ഒന്നാകെ ചലിപ്പിക്കാൻ കഴിഞ്ഞുവെന്നത് ഏറെ ശ്രദ്ധേയമാണ്. ഭാവനാപൂർണ്ണമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതോടൊപ്പം അവ നടപ്പാക്കുന്നതിനാവശ്യമായ സാമ്പത്തിക പിന്തുണ നൽകുന്നതിലും സമയബന്ധിതമായി നടപ്പാക്കുന്നതിലും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനും പ്രത്യേകമായ ശ്രദ്ധയും മുൻഗണനയുമാണ് നൽകുന്നത്. ഇതിന്റെ ഭാഗമായി ത്രിതല സംഘടനാ ശാക്തീകരണം, സാമൂഹിക വികസനം, കാർഷിക-മൃഗസംരക്ഷണ- സൂക്ഷ്മസംരംഭമേഖല, തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾ എന്നീ മേഖലകളിലെല്ലാം ശാസ്ത്രീയവും സാങ്കേതികവുമായ നവീനമായ ആശയങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്.

ലോകത്തിനുമുന്നിൽതന്നെ അഭിമാനപൂർവം സമർപ്പിക്കാവുന്നതും കേരളത്തിന്റെ പൊതുഗതാഗത രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിതെളിച്ചതുമായ 'കൊച്ചി മെട്രോ', 'വാട്ടർ മെട്രോ' എന്നിവയിൽ കുടുംബശ്രീ വനിതകളാണ് ജോലി ചെയ്യുന്നത്. വിവിധ ഗാർഹിക പരിചരണങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന 'കെ 4 കെയർ' പദ്ധതിയിലൂടെ കെയർ എക്കണോമിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി അറുനൂറിലേറെ സ്ത്രീകൾക്ക് ഇതിനകം മികച്ച തൊഴിലും വരുമാനവും ലഭ്യമാക്കി. കൂടുതൽ വനിതകൾക്ക് പരിശീലനം നൽകി വരികയാണ്. കേരളത്തിൽ നിലവിലുള്ള സാമൂഹിക സാഹചര്യത്തിൽ വയോജനപരിചരണമടക്കമുള്ള ഗാർഹിക പരിചരണ രംഗത്ത് സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ ഇവർക്കായി പ്രയോജനപ്പെടുത്താനാകും.

കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന 'പോക്കറ്റ്മാർട്ട്' വഴി ഓൺലൈൻ വ്യാപാര രംഗത്തേക്കും കുടുംബശ്രീ കടക്കുകയാണ്. സംരംഭകർക്ക് വലിയതോതിൽ വരുമാന വർധനവിന് സഹായകമാകുന്ന പദ്ധതിയാണിത്. കൂടാതെ ഉച്ചഭക്ഷണം ലഭ്യമാക്കുന്ന ലഞ്ച് ബെൽ, ഉപഭോക്താക്കൾക്ക് മികച്ച നിലവാരത്തിൽ വൈവിധ്യമാർന്ന ഭക്ഷ്യവിഭവങ്ങൾ ലഭ്യമാക്കുന്ന പ്രീമിയം കഫേ റെസ്റ്റോറന്റുകൾ, വിദ്യാർഥികൾക്ക് ആവശ്യമായ ലഘുഭക്ഷണങ്ങളും പാനീയങ്ങളും ലഭ്യമാക്കുന്നതിനായി വിദ്യാലയങ്ങളിൽ ആരംഭിച്ച മാ കെയർ എന്നീ പദ്ധതികളെല്ലാം സൂക്ഷ്മസംരംഭമേഖലയെ സജീവമാക്കുന്നു. ഹരിത കർമ്മസേന കേരളത്തെ മാലിന്യ വിമുക്തമാക്കി ശുചിത്വ കേരളം സൃഷ്ടിക്കുന്നതിൽ അഭിനന്ദനാർഹമായ പങ്കുവഹിച്ചുകൊണ്ട് മുന്നേറുകയാണ്.

## കാർഷിക സംരംഭങ്ങൾ

നൂതന സാങ്കേതികവിദ്യകൾ സ്വീകരിച്ച് കാർഷിക മേഖലയ്ക്ക് ആധുനികതയുടെ മുഖം നൽകുന്ന കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി നൂറ്റിയെൺപതിലേറെ സാങ്കേതിക വിദ്യകളാണ് ഇന്ത്യയിലെ പ്രശസ്ത കാർഷിക സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും കുടുംബശ്രീ സ്വന്തമാക്കിയത്. ഉയർന്ന ഗുണനിലവാരമുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനും പ്രാദേശിക വിപണിയുടെ പരിമിതികൾക്കപ്പുറത്തേക്കുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താനും ഈ പദ്ധതി സഹായിക്കും. ഇതിലൂടെ കാർഷിക സംരംഭകരുടെയും കർഷകരുടെയും വരുമാനം വർധിക്കും. മികവാർന്നതും ഉയർന്ന സുസ്ഥിര വരുമാനമുള്ളതുമായ മികച്ച ബിസിനസ് മാതൃകകളിലേക്ക് വനിതാ കാർഷിക സംരംഭങ്ങൾ വളർത്താനുമാകും. കൂടാതെ ഓണ വിപണി ലക്ഷ്യമിട്ട് 'ഓണക്കനി', 'നിറപ്പൊലിമ', 'പുനർജീവനം' കാർഷിക സംരംഭകത്വ വികസന

**ഈ സർക്കാർ അധികാരമേറ്റ ശേഷം പദ്ധതികളുടെ വൈപുല്യവും വേഗവും കൊണ്ട് കുടുംബശ്രീ സംവിധാനത്തെ ഒന്നാകെ ചലിപ്പിക്കാൻ കഴിഞ്ഞുവെന്നത് ഏറെ ശ്രദ്ധേയമാണ്**





പരിശീലന പരിപാടി എന്നീ കാർഷിക പദ്ധതികളും കർഷകർക്ക് മികച്ച ഉപജീവനമാർഗം ഒരുക്കാൻ കഴിയുന്നവയാണ്. ഉപഭോക്താക്കൾക്ക് ശുദ്ധമായ ചിക്കൻ ലഭ്യമാക്കുന്ന കേരള ചിക്കൻ പദ്ധതി വഴി നാളിതുവരെ കർഷകർക്ക് 394 കോടി രൂപയാണ് വരുമാന ഇനത്തിൽ ലഭിച്ചത്. കേരള ചിക്കൻ ഉൽപാദനം 50 ശതമാനം വർധിപ്പിച്ചുകൊണ്ട് കൂടുതൽ വനിതകൾക്ക് തൊഴിലും വരുമാനവുമൊരുക്കും.

പട്ടികവർഗ മേഖലയിലെ വനിതകളുടെ സംരംഭക വികസനത്തിനായി 'കുടുംബശ്രീ ട്രൈബൽ എന്റർപ്രൈസ് ആൻഡ് ഇന്നവേഷൻ സെന്റർ അഥവാ കെ-ടിക്', പട്ടികവർഗ മേഖലയിലെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷാപരിശീലനം ലഭ്യമാക്കുന്ന 'കമ്മ്യൂണിക്കോർ', ഭിന്നശേഷിക്കാരായ കുട്ടികൾക്കും മുതിർന്നവർക്കുമുള്ള ബഡ്സ് സ്ഥാപനങ്ങൾ, ശ്രദ്ധേയവും വൈവിധ്യവുമാർന്ന ജെൻഡർ അവബോധ പ്രവർത്തനങ്ങൾ, അതിക്രമങ്ങൾ നേരിടേണ്ടി വരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അഭയകേന്ദ്രമൊരുക്കുന്ന 'സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക് എന്നിങ്ങനെ സാമൂഹിക വികസനത്തിനും സ്ത്രീകളുടെ വരുമാന ലബ്ധിക്കും ഊന്നൽ നൽകി ഒട്ടനവധി പദ്ധതികളാണ് കുടുംബശ്രീ നടപ്പാക്കുന്നത്.

> **കേരള ചിക്കൻ ഉൽപാദനം 50 ശതമാനം വർധിപ്പിച്ചുകൊണ്ട് കൂടുതൽ വനിതകൾക്ക് തൊഴിലും വരുമാനവുമൊരുക്കും.**



## ദേശീയാംഗീകാരം

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലും വലിയ മുന്നേറ്റം ഇക്കാലയളവിൽ കൈവരിക്കാനായി. ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം, പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ), ദേശീയ നഗര ഉപജീവന ദൗത്യം, സ്റ്റാർട്ടപ് വില്ലേജ് എന്റർപ്രണർഷിപ് പ്രോഗ്രാം, ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന(ഡി.ഡി.യു. ജി.കെ.വൈ) എന്നീ പദ്ധതികളെല്ലാം കുടുംബശ്രീയുടെ നിശ്ചയദാർഢ്യത്തിലും പ്രവർത്തനമികവിലും ദേശീയതലത്തിൽവരെ അംഗീകാരം നേടിയവയാണ്.

കേരളത്തെ പിടിച്ചുലച്ച രണ്ട് മഹാപ്രളയ കാലത്തും കോവിഡ് മഹാമാരിയുടെ വ്യാപനത്തെ പ്രതിരോധിക്കുന്നതിലും ഏറ്റവുമൊടുവിൽ മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടലിൽ ദുരന്തബാധിതർക്ക് അതിജീവനത്തിനും പുനരധിവാസത്തിനും താങ്ങും തണലുമായി സർക്കാരിനൊപ്പം നിലയുറപ്പിച്ചുകൊണ്ടാണ് കുടുംബശ്രീ സാമൂഹിക പ്രതിബദ്ധത അറിയിച്ചത്. പ്രളയകാലത്ത് 11.5 കോടിയും മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടലിൽ സർക്കാരിന്റെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് കരുത്തേകാൻ 20.07 കോടി രൂപയും ആണ് കുടുംബശ്രീ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയത്.

ഭാവിപ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകുന്നതിനൊപ്പം സഹജീവികൾക്ക് താങ്ങും തണലുമായും കുടുംബശ്രീ ഈ സമൂഹത്തിൽ നിലകൊള്ളുന്നു. സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിൽ അയൽക്കൂട്ട വനിതകളെ ശാക്തീകരിച്ചും കേരളത്തിന്റെ വികസനക്കുതിപ്പുകൾക്ക് കരുത്തുപകർന്നും മുന്നേറുകയാണ് ഈ പെൺകൂട്ടായ്മ.■

## സ്ത്രീസംരംഭങ്ങൾക്ക് കുടുംബശ്രീ നൽകുന്ന പിന്തുണയുടെ ഏതാനും വിജയമാതൃകകൾ

# അന്നപൂർണയിൽ വിജയഗാഥ തീർത്ത അമ്മമാർ



കണ്ണൂർ ജില്ലയിലെ നാലു അയൽക്കൂട്ടത്തിലെ അഞ്ചുപേർ ചേർന്നൊരു സംരംഭം തുടങ്ങി. കുറുമാത്തൂർ പഞ്ചായത്തിലെ 12-ാം വാർഡിലുള്ള ഉഷ, സതിമോഹൻ, കമലാക്ഷി, സുജാത, നിഷ എന്നിവർ 2014 മാർച്ച് 31ന് എടുത്ത തീരുമാനമാണ് മുണ്ടപ്പാലത്തെ അന്നപൂർണ റൈസ് ആൻഡ് ഫ്ളോർ മിൽസിന്റെ വിജയത്തിന് പിന്നിൽ. പതിനൊന്ന് വർഷത്തിനിപ്പുറം വായ്പ തിരിച്ചടച്ച് മിൽ സ്വന്തമാക്കിയതോടെ കുടുംബശ്രീ പ്രവർത്തകരുടെ കൂട്ടായ്മയുടെ വിജയം നാട് നേരിൽ കണ്ടു. അപ്പം, ഇഡലി, ദോശ തുടങ്ങി ട്രെൻഡിനൊപ്പമുള്ള പൊടികളും ഇവിടെ ഇപ്പോൾ സുലഭം. നിലവിൽ കുടുംബശ്രീ ജില്ലാ മിഷൻ വഴി ഇവരുടെ കറിപൗഡറുകൾ ഉൾപ്പെടെയുള്ള 13 ഇനങ്ങൾ വിപണിയിലെത്തുന്നുണ്ട്.

ആദ്യം അരിയും ഗോതമ്പും തുടങ്ങി ഇപ്പോൾ മുളകും മല്ലിയും പൊടിപ്പിച്ച പാക്കറ്റുകളാക്കി വിപണിയിൽ എത്തിച്ചു. കൂടാതെ കൊപ്ര ആട്ടലും നെല്ല് കുത്തലുമുണ്ട്. പ്രതിമാസം വരുമാനം മൂന്നുലക്ഷം രൂപ. ഒരുവർഷം 25 ലക്ഷത്തിലധികമാണ് വിറ്റുവരവ്. 2019ൽ കറിപൗഡറുകൾ കൺസോർഷ്യം രൂപീകരിച്ച് ബ്രാൻഡിങ് പാക്കറ്റുകൾ വിപണിയിൽ ഇറക്കി. സംസ്ഥാന മിഷന്റെയും ജില്ലാ പഞ്ചായത്തിന്റെയും ധനസഹായത്തോടെ പതിനൊന്നുതരം കറിപൗഡറുകളുടെ ബ്രാൻഡിങ് നടത്തി. ജില്ലാപഞ്ചായത്തിന്റെയും കറിപൗഡർ കൺസോർഷ്യത്തിന്റെയും സഹായത്തോടെ ഒരു വാഹനവും വാങ്ങി. സംസ്ഥാനത്തും ഡൽഹി, മുംബൈ എന്നിവിടങ്ങളിലേക്കും വിദേശത്തേക്കും കറിപൗഡറുകൾ അയയ്ക്കുന്നുണ്ട്. ഓൺലൈൻ വിപണിയുമുണ്ട്.

ബാങ്കിൽനിന്നും അയൽക്കൂട്ടത്തിൽനിന്നും സ്വന്തം നിലയിലുമെല്ലാം വായ്പയെടുത്ത് ഇവർ മില്ല് സ്വന്തമാക്കിയിരിക്കുകയാണിപ്പോൾ. മില്ലിന്റെ പ്രവർത്തനങ്ങൾ മില്ലുടമയിൽ നിന്ന് കണ്ടുപഠിച്ചു. കറിപൗഡർ ഉണ്ടാക്കാൻ ജില്ലാമിഷൻ പരിശീലനം നൽകി. വായ്പയെടുത്ത് പുതിയ മെഷീനുകൾ വാങ്ങി. കടങ്ങളൊക്കെ വേഗം തീർത്തെന്നുമാത്രമല്ല, ഒരു സ്റ്റോർ റൂമും ഇവർ നിർമ്മിച്ചു.

# ശിങ്കാരി മേളത്തിലെ 'സ്വരലയം'



ചെണ്ടകൊട്ടി ചുവടുവെച്ച് ജീവിതവിജയത്തിലേക്ക് കൊട്ടിക്കയറിയ കഥയാണ് കോഴിക്കോട് പറമ്പിൽ ബസാറിലെ സ്വരലയം ശിങ്കാരിമേളം വനിതാ സംഘത്തിന്റേത്. സ്ത്രീസാന്നിധ്യം പൊതുവേ കുറവായ ചെണ്ടമേളത്തിൽ 15 വർഷത്തെ സജീവ സാന്നിധ്യംകൊണ്ട് സ്വരലയം നേടിയത് കോടികളുടെ വരുമാനമാണ്.

കുരുവട്ടൂർ പഞ്ചായത്തിൽ സ്ത്രീഘടക പദ്ധതിയുടെ ഭാഗമായി ലഭിച്ച ധനസഹായത്തോടെ 2011-ൽ തൊഴിൽ സംരംഭമായാണ് ശിങ്കാരിമേളം സംഘം രൂപീകരിക്കുന്നത്. പിന്നീട് 23 കുടുംബശ്രീ അംഗങ്ങളും 15ഓളം ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളുമുള്ള യൂണിറ്റുകാരുടെ പ്രധാന വരുമാനമായി മാറിയ സ്വരലയം രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിലായി 1700ൽ അധികം വേദികളിൽ പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. നിരവധി അംഗീകാരങ്ങളും നേടി.

കുടുംബശ്രീ സംസ്ഥാന കലോത്സവത്തിൽ ശിങ്കാരിമേളം മത്സരത്തിൽ തുടർച്ചയായി ആറാം തവണയും ഒന്നാം സ്ഥാനം നേടി. കുടുംബശ്രീ ഗ്രൂപ്പായത് കൊണ്ടു രാജ്യമെമ്പാടും നല്ല സ്വീകാര്യതയും ലഭിക്കുന്നുണ്ട്.'

'പ്രത്യേകം ആസ്വാദകരുള്ള കലാപ്രകടനമാണ് ശിങ്കാരിമേളം. നാട്ടിൽ തന്നെ മറ്റ് സംഘങ്ങളുമുണ്ട്. എങ്ങനെ വ്യത്യസ്ത കൊണ്ടുവരും എന്ന ചിന്തയിൽ നിന്നാണ് ചുവടുവെച്ചു തുടങ്ങിയതും വിവിധ ഭാഷകളിലെ സിനിമാ പാട്ടുകളുടെയും മറ്റും വ്യത്യസ്ത ബീറ്റുകൾ ഉൾപ്പെടുത്തി ഫ്യൂഷൻ രീതി പരീക്ഷിക്കുന്നതും. വർണ്ണാഭമായ യൂണിഫോമുകൾ ധരിച്ചാണ് പരിപാടി അവതരിപ്പിക്കാറുള്ളത്.

# നേട്ടം തുന്നിയ പെൺകൂട്ടായ്മ



പേപ്പർ ബാഗിൽ തുടങ്ങി വസ്ത്ര നിർമ്മാണത്തിലേക്ക് മുന്നേറിയ വിജയകഥയാണ് പത്തനംതിട്ട പന്തളം നേച്ചർ ബാഗ്സ് യൂണിറ്റിന്റേത്. രണ്ടര ലക്ഷം രൂപ മുതൽമുടക്കിൽ 2014ൽ അഞ്ച് വനിതകൾ ആരംഭിച്ച സംരംഭം നിലവിൽ 35 ലക്ഷം രൂപ വാർഷിക വരുമാനമുള്ള സ്ഥാപനമാണ്. പന്തളം നഗരസഭയിലെ മുളമ്പുഴ വാർഡിൽ കുടുബശ്രീ അംഗങ്ങളായ ജയലക്ഷ്മി, സുജ, സുശീല, സുജാത, ജഗദമ്മ എന്നിവരാണ് സംരംഭകർ. പ്രായഭേദമന്യേ എല്ലാവരെയും ആകർഷിക്കും വിധം ഭംഗിയിലും ഗുണമേന്മയിലും ഒരുക്കിയ യൂണിറ്റിന്റെ ഉൽപന്നങ്ങൾക്ക് വിപണിയിൽ ആവശ്യക്കാരേറെ.

കുടുംബശ്രീ സംരംഭകത്വവികസനത്തിന്റെ ഭാഗമായി പുതിയ സംരംഭകർക്ക് വൈദഗ്ധ്യപരിശീലനം നൽകുന്ന ഏജൻസിയായും 'നേച്ചർ ബാഗ്സ്' പ്രവർത്തിക്കുന്നു. കുടുംബശ്രീയുമായി ചേർന്ന് നിലവിൽ 750 വനിതകളെ സ്വയംതൊഴിൽ കണ്ടെത്താൻ പ്രാപ്തരാക്കി.

2018ൽ സംസ്ഥാനതലത്തിൽ മികച്ച പരിസ്ഥിതി സൗഹാർദ യൂണിറ്റ്, 2019ൽ ജില്ലയിലെ മികച്ച കുടുംബശ്രീ യൂണിറ്റ്, 2015മുതൽ 2017വരെ മുൻസിപ്പാലിറ്റി തലത്തിൽ മികച്ച യൂണിറ്റ് എന്നീ പുരസ്കാരങ്ങൾ സ്വന്തമാക്കി.

# ഇസ്മത്ത് പറയുന്നു, കിസ്മത്ത് എന്ന ഒന്നുണ്ട്



സ്വപ്നങ്ങൾ തുന്നിച്ചേർത്ത് ജന്മനാട്ടിൽ ഒരുക്കിയ കൊട്ടാരം. 'ഇസ്സാറ ബൊട്ടിക്ക്' എന്ന ഫാഷൻ ഡിസൈനിങ് സ്ഥാപനത്തെ ഇങ്ങനെ വിശേഷിപ്പിക്കാനാണ് അത്രക്കുറ്റി സ്വദേശി ഇസ്മത്തിന് ഇഷ്ടം. ഫാഷൻ ഡിസൈനിങിലെ വിദ്യാഭ്യാസ യോഗ്യതയും ആ മേഖലയോടുള്ള അഭിനിവേശവും മാത്രം കൈമുതലായുണ്ടായിരുന്ന ഇസ്മത്തിനെ യുവസംരംഭകയാക്കിയത് കുടുംബശ്രീയാണ്.

വിവാഹത്തിന് ശേഷം ഇരുപത്തിഅഞ്ചാം വയസ്സിൽ ബൊട്ടിക്ക് തുടങ്ങി നാലാംവർഷം വിജയത്തിലേക്ക്. മാസം അമ്പതിനായിരത്തോളം രൂപ ലാഭത്തിനുപുറമെ എട്ടോളം വനിതകൾക്ക് ജോലി നൽകാനും സാധിക്കുന്നു.

ഒരു ഏഴാം ക്ലാസ്സുകാരിക്ക് തയ്യലിനോട് തോന്നിയ ഇഷ്ടത്തിൽനിന്ന് നാട്ടിൽ അറിയപ്പെടുന്ന ബൊട്ടിക്കിന്റെ ഉടമയായതിനുമപ്പുറം ഇനിയും മുന്നേറാനുള്ള യാത്രയിലാണ് ഇസ്മത്ത്. ബിസിനസ് വിപുലപ്പെടുത്താൻ കുടുംബശ്രീയിൽനിന്ന് അനുവദിക്കുന്ന രണ്ടാംഘട്ട വായ്പ കൃത്യമായി വിനിയോഗിക്കാനുള്ള പദ്ധതിയും ഇപ്പോഴേ ഇസ്മത്തിന്റെ കൈയിൽ സെറ്റ് ആണ്.

# തൂവൽ ഗ്രാമത്തിലെ സംരംഭക ശ്രീ

കുടുംബത്തിന്റെ പ്രധാന വരുമാനമാർഗമായ റബ്ബർ വില ഇടിഞ്ഞതോടെയാണ് ഇടുക്കി നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ ഈട്ടിത്തോപ്പ് തൂവൽ ഗ്രാമത്തിൽ ബീനാമ്മ സോണിയെന്ന വീട്ടമ്മ 2014 ൽ ജൂഡ് പൗൾട്രി ഫാം ആരംഭിക്കുന്നത്.

ചെലവുകൾ കഴിഞ്ഞ് പ്രതിമാസം ഏകദേശം ഒരുലക്ഷം രൂപ ലാഭം ലഭിക്കുന്നുണ്ട്. കുടുംബശ്രീയുടെ കേരള ചിക്കൻ പദ്ധതിയിൽ ഉൾപ്പെടുത്തി റിവോൾവിങ് ഫണ്ടായി ഒരുലക്ഷം രൂപയും സംരംഭത്തിന്റെ നടത്തിപ്പിനായി അനുവദിച്ചിട്ടുണ്ട്. ഇത് നാല് ശതമാനം പലിശ നിരക്കിൽ തിരിച്ചടയ്ക്കുന്നു. അധ്വാനിക്കാനുള്ള മനസ്സും കോഴിക്കുഞ്ഞുങ്ങളെ പരിചരിക്കാനുള്ള താത്പര്യവും ഉണ്ടെങ്കിൽ ആർക്കും സംരംഭം തുടങ്ങി വിജയിക്കാമെന്നും 11 വർഷത്തെ പരിചയ സമ്പന്നതയിലൂടെ ബീനാമ്മ പറയുന്നു. ബീനാമ്മക്കും സോണിക്കും ഒപ്പം മക്കളായ അലനും, സാന്ദ്രയും അവധി ദിവസങ്ങളിൽ മാതാപിതാക്കളെ സഹായിക്കാനുണ്ട്.



# രുചിയുടെ ട്രാക്കിൽ സമൃദ്ധിയുടെ ചൂളംവിളി




നാലുവർഷമായി കുറഞ്ഞ നിരക്കിൽ രുചികരമായ ഭക്ഷണം വിളമ്പി നഗരത്തിലെത്തുന്നവരുടെ വയറും മനസ്സും നിറച്ച് മുന്നേറുകയാണ് കൊച്ചി കോർപ്പറേഷന്റെ നേതൃത്വത്തിലുള്ള ജനകീയ ഹോട്ടൽ സമൃദ്ധി@കൊച്ചി. മേയർ അഡ്വ. എം അനിൽകുമാർ നിർദേശിച്ച വിശപ്പുരഹിത കൊച്ചി എന്ന ആശയത്തിലാണ് സമൃദ്ധിയുടെ ആരംഭം. 10 രൂപയ്ക്ക് ഊണുമായി കച്ചേരിപ്പടി പരമാര റോഡിൽ കൊച്ചിൻ കോർപ്പറേഷൻ കെട്ടിടത്തിൽ ആരംഭിച്ച സ്ഥാപനം ഇന്ന് 24 മണിക്കൂറും വ്യത്യസ്തമായ രുചികൾ പകർന്നുനൽകുന്ന വലിയൊരു ബ്രാൻഡായി മാറിക്കഴിഞ്ഞു.

20 രൂപയ്ക്കാണ് ഊണ് നൽകുന്നത്. 70 രൂപയ്ക്ക് മീൻകറി ഊണും ലഭിക്കും. ബിരിയാണി, കഞ്ഞി, പൊതിച്ചോർ, മില്ലറ്റ് കഞ്ഞി എന്നിവയും ലഭ്യമാണ്.

കുടുംബശ്രീ വഴി തിരഞ്ഞെടുത്ത 14 തൊഴിലാളികളുമായി ആരംഭിച്ച സ്ഥാപനം ഇന്ന് 140ലധികം പേർക്ക് തൊഴിൽ നൽകുന്നു. 30,000 മുതൽ 35,000 വരെയാണ് മാസവേതനം. പാർട്ട് ടൈമായി 25ൽ അധികം വിദ്യാർഥികളും ജോലിചെയ്യുന്നു.

ഏറ്റവും പുതിയതായി കടവന്ത്ര ജിസിഡിഎ ആസ്ഥാനത്ത് ആരംഭിച്ച സമൃദ്ധിയുടെ കാന്റീനും കരുത്തോടെ മുന്നേറുകയാണ്. 40 രൂപയ്ക്കാണ് ഇവിടെ ഭക്ഷണം നൽകുന്നത്. സമൃദ്ധിയുടെ ശൃംഖല കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാനാണ് കോർപ്പറേഷൻ ലക്ഷ്യമിടുന്നത്.

# കോവിഡ്കാലം കുടുംബശ്രീ താങ്ങായി

കോവിഡ് ജീവിതം മാറ്റിമറിച്ച കഥയാണ് സുധിനയുടേത്. ഭർത്താവിന് ജോലി നഷ്ടപ്പെട്ടു. നിഷ് നാച്ചുറൽസ് എന്ന ലേബലിന്റെയും സുധിന എന്ന സംരംഭകയുടെയും പിറവി അവിടെ നിന്നായിരുന്നു. ഹെയർ ഓയിൽ നിർമ്മാണത്തിലെ കൈത്തഴക്കവും കുടുംബശ്രീ ജില്ലാ മിഷന്റെ പരിശീലനവും സഹായവും കൂടിയായപ്പോൾ സംരംഭത്തിന് തുടക്കംകുറിക്കാനായി. ഇന്ന് പ്രതിദിനം 5000 ഓർഡറുകൾ വരെ കൈകാര്യം ചെയ്യുന്ന സംരംഭമാണ് നിഷ് നാച്ചുറൽസ്.

പ്രകൃതിദത്ത ബാത്ത് സോപ്പുകളുടെയും അലക്ക് സോപ്പുകളുടെയും നിർമ്മാണത്തിലൂടെ തുടക്കം. 2020ന്റെ തുടക്കത്തിൽ കുടുംബശ്രീ സിഡിഎസ് മുഖേന ലഭിച്ച കൊറോണ ഫണ്ട് ഉപയോഗിച്ച് സ്വയം തൊഴിൽ എന്ന നിലയിൽ നിഷ് നാച്ചുറൽസ് പ്രവർത്തനമാരംഭിച്ചു. പിന്നീട് ഹെയർ ഓയിൽ, കൺമഷി, ഫെയ്സ് പാക്ക്, ഐബ്രോ ഗ്രോത്ത് ഓയിൽ, ഉരുക്ക് വെളിച്ചെണ്ണ തുടങ്ങി നിരവധി പ്രകൃതിദത്ത ഉൽപ്പന്നങ്ങൾ വിപണിയിലേത്തിക്കാൻ സാധിച്ചു.

വാട്സ്ആപ്പ്, യൂട്യൂബ്, ഇൻസ്റ്റഗ്രാം എന്നീ സമൂഹമാധ്യമങ്ങളിൽ കൂടിയുള്ള ഓൺലൈൻ വിപണനത്തിന് പുറമേ വീട്ടിൽ തയ്യാറാക്കുന്ന ഉൽപ്പന്നങ്ങൾ പാക്ക് ചെയ്ത് കാഞ്ഞങ്ങാട് പ്രവർത്തിക്കുന്ന ഷോപ്പ് വഴിയും വിപണനം നടത്തുന്നു. ഇതിനിടയിൽ കുടുംബശ്രീയുടെ സംരംഭകത്വ ക്ലാസുകളും കൈകാര്യം ചെയ്യുന്നുണ്ട്. മൂന്നുവർഷം കൊണ്ട് വലിയ മുന്നേറ്റം ഉണ്ടാക്കിയ ഈ സംരംഭകയെ വനിതാദിനത്തിൽ കുടുംബശ്രീ ആദരിക്കുകയും ചെയ്തു.



# കടലിനപ്പുറം ചക്കപ്പെരുമയുമായി

തൃത്താലക്കാർക്ക് ചക്ക വെറുമൊരു പഴം മാത്രമല്ല, വൈവിധ്യം നിറഞ്ഞ രുചിക്കൂട്ടുകളുടെ കലവറയാണ്. ചക്കവിഭങ്ങളുടെ ഒരു ബ്രാൻഡ് തന്നെ പാലക്കാട് തൃത്താലയിലുണ്ട്. ചക്കയുടെ വൈവിധ്യങ്ങളെ ഉൾക്കൊള്ളിച്ച് കുടുംബശ്രീ പ്രവർത്തക ലത മോഹൻ ആരംഭിച്ച ലാമോസ് ബ്രാൻഡ് കടൽ കടന്നും പെരുമ നേടി.

ചക്ക പൗഡർ, ചക്ക വരട്ടിയത്, പുട്ടുപൊടി, ആട്ടപ്പൊടി, ഇടിച്ചക്ക അച്ചാർ, ചക്കക്കുരു ബിസ്ക്കറ്റ്, ചക്ക ഹൽവ, സ്ക്വാഷ്, പായസം എന്നിങ്ങനെ നിരവധി ചക്ക വിഭവങ്ങളാണ് ലാമോസിലൂടെ വിപണിയിലെത്തുന്നത്. അഞ്ചൂറോളം ചക്കയാണ് ഒരു മാസത്തെ ചക്ക ഉൽപന്നങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. അമേരിക്കയിലും ഗൾഫിലും ലാമോസിന് ആവശ്യക്കാരേറെ.

2024ൽ മേഴത്തൂരിലാണ് കുടുംബശ്രീയുടെ സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രനർഷിപ്പ് പ്രോഗ്രാം (എസ്.വി.ഇ.പി) പദ്ധതിയിലൂടെ ലാമോസ് അഗ്രി പ്രൊഡക്ഷൻ യൂണിറ്റ് ആരംഭിച്ചത്. 15 ലക്ഷത്തോളം രൂപ മുതൽമുടക്കിയ ഈ സംരംഭത്തിൽനിന്ന് ഒരുമാസം ഒന്നരലക്ഷം രൂപവരെ വരുമാനമുണ്ടാക്കാൻ കഴിയുന്നുണ്ട്. ലത മോഹന്റെ നേതൃത്തിൽ അഞ്ചംഗ സംഘമാണ് പദ്ധതിക്ക് ചുക്കാൻ പിടിക്കുന്നത്.




# പ്രീമിയം ഹിറ്റായി കോഴായിലെ കഫേ




ആദ്യമൂന്നുമാസം കൊണ്ട് അരക്കോടിയിലേറെ രൂപയുടെ ബിസിനസുമായി കുറവിലങ്ങാട്ട് കോഴായിലെ പ്രീമിയം കഫേ കുടുംബശ്രീയുടെ സംരംഭകചരിത്രത്തിൽ പുതിയ അധ്യായമാവുകയാണ്. വിൽപനയും സൗകര്യങ്ങളും കൊണ്ട് കുടുംബശ്രീയുടെ പ്രീമിയം കഫേകളിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനത്താണ് കോഴാ കെ.എം.മാണി തണൽ വിശ്രമകേന്ദ്രത്തിൽ ആരംഭിച്ച കുടുംബശ്രീ കഫേ.

ഒരു ലക്ഷം രൂപയ്ക്കു മുകളിൽ കച്ചവടം നടന്ന ദിവസങ്ങളുണ്ട്. ഈ വർഷം ഏപ്രിലിൽ ഉദ്ഘാടനം ചെയ്ത റെസ്റ്റോറന്റിൽ ജൂലൈ 16 വരെയുള്ള കണക്ക് അനുസരിച്ച് ഭക്ഷണവിൽപനയിലൂടെ മാത്രം 54,69,487 രൂപയാണ് വരുമാനം. തുടങ്ങി രണ്ടാം മാസംതന്നെ പ്രതിമാസ ബിസിനിസ് 20 ലക്ഷം രൂപ കടന്നു.

രണ്ടാംനിലയിൽ സ്ത്രീകൾക്കായുള്ള ഷീ ലോഡ്ജിന്റെ നിർമ്മാണപ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തിയായാലുടൻ ഒന്നാംനിലയിൽ ഗ്രിൽഡ് വിഭവങ്ങൾ നൽകുന്ന ഓപ്പൺ റെസ്റ്റോറന്റ് കൂടി ആരംഭിക്കും. രണ്ടു ഷിഫ്റ്റുകളിലായി 13 പാചകക്കാരാണ് കഫേയിലുള്ളത്. ആകെ 52 കുടുംബശ്രീ വനിതകൾക്ക് തൊഴിൽ നൽകുന്നു. തൃശ്ശൂർ ആസ്ഥാനമായ ഐഫ്രം എന്ന ഏജൻസിയാണ് പരിശീലനം നൽകിയത്.

ഒന്നരക്കോടിയിലേറെ രൂപ ചെലവഴിച്ചാണ് ആധുനിക കിച്ചനും പ്രീമിയം നിലവാരത്തിലുള്ള റെസ്റ്റോറന്റും മിനി കോൺഫറൻസ് ഹാളും സജ്ജമാക്കിയത്. കുടുംബശ്രീ മിഷൻ ഗ്രാൻഡ് ഇൻ എയ്ഡായി 20 ലക്ഷം രൂപയും നൽകി. ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള കുടുംബശ്രീ അംഗങ്ങളിൽ നിന്നുള്ള 32 പേർ അടങ്ങുന്ന കൺസോർഷ്യമാണ് വായ്പയിലൂടെയും സ്വന്തം പണംമുടക്കിയും ബാക്കി സംവിധാനങ്ങൾ ഒരുക്കിയത്. ഉഴവൂർ ബ്ലോക്കിനു കീഴിലുള്ള ഏഴ് സി.ഡി.എസ്. ചെയർപേഴ്സൺമാരുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് കഫേയുടെ ചുമതല വഹിക്കുന്നത്. ജീവനക്കാർക്കൊപ്പം രണ്ടോ, മൂന്നോ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും നടത്തിപ്പിനായി ദിവസവും കഫേയിലുണ്ട്.

# ഉണ്ണിയപ്പത്തിൽ നിന്ന് പ്രീമിയം കഫേയിലേക്ക്



കർക്കിടകത്തിലെ കോരിച്ചൊരിയുന്ന മഴയത്ത് വാടകവീട്ടിലിരുന്ന് മലപ്പുറം സ്പിന്നിങ് മിൽ സ്വദേശിയായ കളത്തിങ്കൽ ഷെരീഫയ്ക്ക് ഒരു സ്വപ്നമേ കാണാനുണ്ടായിരുന്നുള്ളൂ. മക്കൾക്ക് വയറുനിറയെ ഭക്ഷണം കൊടുത്ത്, അടച്ചുറപ്പുള്ള സ്വന്തം വീട്ടിൽ കിടന്നുറങ്ങുക. പെയിന്റിങ് പണിക്കാരനായ ഭർത്താവ് സക്കീറിന് മഴക്കാലത്ത് പണിയില്ല. അടുപ്പ് പുകയാൻ നിവൃത്തിയില്ല. അയൽവാസിയോട് കടം വാങ്ങിയ 100 രൂപയുമായി ഷരീഫ 10 പാക്കറ്റ് ഉണ്ണിയപ്പമുണ്ടാക്കി. 2012ലായിരുന്നു അത്. ഒരു കൈയിൽ കുഞ്ഞുമോളും മറുകൈയിൽ ഉണ്ണിയപ്പവുമായി അടുത്തുള്ള പലചരക്ക് കടയിലെത്തി. ചെലവായില്ലെങ്കിൽ തിരിച്ചെടുക്കാം എന്ന ഉറപ്പിൽ. എന്നാൽ ഉണ്ണിയപ്പം വൻ ഹിറ്റായി, ആവശ്യക്കാരേറി. ഉണ്ണിയപ്പത്തോടൊപ്പം പത്തിരിയുടെയും ചപ്പാത്തിയുടെയും ഓർഡറുകൾ പിടിച്ചു.

2018 ആയപ്പോഴേക്കും മുത്തൂസ് കാറ്ററിങ് എന്ന സംരംഭം കുടുംബശ്രീയുടെ ഭാഗമായി. അന്നത്തെ ജില്ലാ മിഷൻ കോ-ഓഡിനേറ്ററായിരുന്ന ഹേമലത ധനസഹായ പദ്ധതികൾ പരിചയപ്പെടുത്തി. കുടുംബശ്രീ വഴി രണ്ട് ലക്ഷം രൂപ ലോൺ നൽകി. അതോടെ കാറ്ററിങ് ഒന്നുകൂടി വിപുലമാക്കി. സിവിൽ സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്ക് ഉച്ചഭക്ഷണം എത്തിക്കുന്ന ഡബ്ബവാല പദ്ധതി.

പിന്നാലെ വന്ന കോവിഡ്കാലവും ഷരീഫയെ ബാധിച്ചില്ല. മഞ്ചേരി മെഡിക്കൽ കോളേജിലെ കോവിഡ് രോഗികൾക്ക് ഭക്ഷണം എത്തിക്കുന്ന ദൗത്യം ഏറ്റെടുത്തു. അഞ്ചുവർഷത്തിനിപ്പുറവും എല്ലാദിവസവും പ്രഭാതഭക്ഷണം മഞ്ചേരി മെഡിക്കൽ കോളേജിലെ രോഗികൾക്ക് എത്തിക്കുന്നു. പിന്നീട് കുടുംബശ്രീയിൽ നിന്നുള്ള നിർദേശപ്രകാരം കോട്ടയ്ക്കൽ ആയുർവേദ കോളേജിന്റെ കാന്റീൻ നടത്തി. പ്രിൻസിപ്പൽ ആവശ്യപ്പെട്ട പ്രകാരം സെൻട്രൽ സ്കൂൾ കാന്റീനും ഏറ്റെടുത്തു. അപ്പോഴേക്കും കുടുംബശ്രീയുടെ എല്ലാവിധ കാറ്ററിങ് ഓർഡറുകളും കിട്ടിത്തുടങ്ങിയിരുന്നു. അതിനിടെയാണ് കോട്ടയ്ക്കലുള്ള പാലസ് ഹോട്ടൽ വിൽക്കാനുണ്ടെന്നറിയുന്നത്. അഞ്ച് ലക്ഷത്തിന് പാലസ് ഹോട്ടൽ വാങ്ങിച്ച് നടത്താൻ തുടങ്ങി.

സ്വലാത്ത് നഗറിൽ മന്ത്രിമാർ പങ്കെടുത്ത അദാലത്തിൽ 1500 പേർക്ക് ബിരിയാണിയും 50 സ്പെഷ്യൽ സദ്യയും ഒരുക്കിയതും ഷരീഫയുടെ നേതൃത്വത്തിലാണ്. ഇത്രയും നന്നായി ഭക്ഷണമുണ്ടാക്കുന്നയാൾക്ക് പ്രീമിയം ഹോട്ടൽ തുടങ്ങിക്കൂടെ എന്ന ചോദ്യം ഉയരുന്നത് ആ സദ്യ കഴിച്ചവരിൽ നിന്നാണ്. അനുയോജ്യമായ സ്ഥലം ലഭിച്ചതോടെ പ്രീമിയം ഹോട്ടൽ എന്ന സ്വപ്നവും യാഥാർഥ്യമായി. കോട്ടയ്ക്കൽ ബസ് സ്റ്റാൻഡിന് പിറകിലാണ് ഷരീഫയുടെ 'കഫേ കുടുംബശ്രീ'. പാഴ്സൽ സർവീസ്, ടേക്ക് എവേ കൗണ്ടറുകൾ, കാത്തിരിപ്പുകേന്ദ്രം, കാറ്ററിങ്, ഓൺലൈൻ സേവനങ്ങൾ, മാലിന്യസംസ്കരണ ഉപാധികൾ, പാർക്കിങ് സൗകര്യം, ശൗചാലയം, നാപ്കിൻ മെഷീൻ തുടങ്ങിയ വിപുലമായ സൗകര്യങ്ങൾ കഫെയിലുണ്ട്. കേരളീയ വിഭവങ്ങളും അറബിക്, ചൈനീസ് വിഭവങ്ങളും ഒപ്പം മലപ്പുറത്തിന്റെ തനത് രുചിക്കൂട്ടുകളും ലഭ്യമാണ്.

# തയ്യൽമെഷീനിൽ തുന്നിയെടുത്ത വിജയം



തയ്യൽമെഷീനിൽ ജീവിതം തുന്നിയെടുത്താണ് തൃശൂർ പൊങ്ങണംകാട് സ്വദേശിനി ജെസി ഫ്രാൻസിസ് സംരംഭകവേഷമണിഞ്ഞത്. ഇറങ്ങിത്തിരിച്ച സംരംഭത്തിന് കുടുംബശ്രീ പിന്തുണ ലഭിച്ചതോടെ കൂടുതൽ പേർക്ക് തൊഴിൽ നൽകാനായി. വരുമാനം വർധിച്ചു. ഒപ്പം വൈവിധ്യമാർന്ന മേഖലകളിലേക്ക് സംരംഭം വ്യാപിപ്പിക്കുകയും ചെയ്തു.

2016ൽ തൃശൂരിലെ പൊങ്ങണംകാട് ആരംഭിച്ച നീനൂസ് സ്റ്റിച്ചിങ് സെന്ററിലായിരുന്നു തുടക്കം. വെറും രണ്ട് തൊഴിലാളികളായിരുന്നു അന്നുണ്ടായിരുന്നത്. ആദ്യകാലത്ത് ഹോം സർവീസ് ആയിരുന്നു. 2019ൽ തുണിസഞ്ചി നിർമ്മാണത്തിൽ പരിശീലനം നേടി. 2020ൽ പ്ലാസ്റ്റിക് നിരോധനം വന്നതോടെ പഞ്ചായത്തിൽ നിന്ന് ലഭിച്ച

1.5 ലക്ഷം രൂപ ഗ്രാന്റ് ഉപയോഗിച്ച് തുണി സഞ്ചി നിർമ്മാണം ആരംഭിച്ചു.

കൊറോണക്കാലത്ത് വീടുകളിൽ തളയ്ക്കപ്പെട്ടവർക്കായി ഭക്ഷ്യകിറ്റുകൾ നൽകാനായുള്ള പദ്ധതിയിൽ, കുടുംബശ്രീയുടെ നേതൃത്വത്തിൽ പതിനായിരക്കണക്കിന് തുണിസഞ്ചികൾ തയ്ച്ച് സപ്ലൈക്കോയ്ക്ക് നൽകാൻ നീനൂസ് ടീമിന് കഴിഞ്ഞു. നിരവധി സ്ത്രീകൾക്ക് ഈ അവസരം വരുമാന മാർഗമായി മാറി.

ഇന്ന് പത്തോളം പേർ ജോലി ചെയ്യുന്ന സ്ഥാപനമാണ് നീനൂസ്. സ്കൂൾ യൂണിഫോമുകൾക്ക് പുറമെ സൂപ്പർമാർക്കറ്റുകൾ, ഹോട്ടലുകൾ, ഹരിതകർമ്മസേന തുടങ്ങിയവയ്ക്കുള്ള ഓവർകോട്ടുകളും തയ്ക്കുന്നുണ്ട്. ജ്യൂട്ട് ബാഗുകളും വസ്ത്രങ്ങളും ആമസോൺ, ഫേസ്ബുക്ക്, ഇന്ത്യാമാർട്ട് തുടങ്ങിയ പ്ലാറ്റ്ഫോമുകൾ വഴി വിപണനം ചെയ്യുന്നു.

2021ൽ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിൽ പ്രധാനമന്ത്രിയുടെ ആഹ്വാനത്തിന്റെ ഭാഗമായി നീനൂസ് തയ്ച്ചത് 20,000 ത്രിവർണ്ണപതാകകൾ. ദേശസ്നേഹവും സേവനമനോഭാവവും സമന്വയിപ്പിച്ച ഉജ്ജ്വല കൈവെപ്പായിരുന്നു അത്. 2025ലെ കേരള വിഷൻ കുടുംബശ്രീ സംരംഭക പുരസ്കാരം നീനൂസ് സ്റ്റിച്ചിങ് സെന്ററിന് ലഭിച്ചു.



# ചുവർ ചിത്രങ്ങളിലൂടെ ഒരു സംരംഭക

ചുവർ ചിത്രങ്ങളിലൂടെയും മുള ക്രാഫ്റ്റിങ്ങിലൂടെയും ശ്രദ്ധേയ ആവുകയാണ് കലയും കരകൗശലവും ഇഷ്ടപ്പെടുന്ന കുടുംബശ്രീ സംരംഭക സൂര്യ സുജിത്ത്. ഇഷ്ടപ്പെട്ട മേഖലയിൽ ജോലി ചെയ്യണമെന്ന ആഗ്രഹവും കുടുംബശ്രീയുടെ സഹായവും ചേർന്നതോടെ പഞ്ചവർണയെന്ന സംരംഭം ആരംഭിക്കാനായി. വയനാട് പൂതാടി ഗ്രാമപഞ്ചായത്തിലെ പതിനെട്ടാം വാർഡിൽ രൂപീകരിച്ച ഹസ്തകല എന്ന കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾ ഇന്ന് മുളയിലൂടെയും ചുവർചിത്രങ്ങളിലൂടെ വിജയചരിത്രം വരച്ചിടുകയാണ്.

മുളയിൽ മ്യൂറൽ പെയിന്റിങ് ചെയ്തുതുടങ്ങി. പിന്നീട് സാരി, ക്യാൻവാസ് തുടങ്ങിയവയിലും പെയിന്റിങ് തുടങ്ങി. വിവാഹത്തിന് ശേഷം സംരംഭം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ വീടിനടുത്തുള്ള കുറച്ചു വനിതകളെ കണ്ടെത്തി അവരെ പെയിന്റിങ് പഠിപ്പിച്ചു. പിന്നാലെ 10 പേർ ചേർന്ന് ഹസ്തകല എന്ന പേരിൽ 2013ൽ കുടുംബശ്രീ യൂണിറ്റ് രൂപീകരിച്ചു.

കുടുംബശ്രീ മുഖേന ആദ്യഘട്ടത്തിൽ രണ്ടര ലക്ഷം രൂപ വായ്പയെടുത്ത് പ്രവർത്തനം കാര്യക്ഷമമാക്കി. സംരംഭം പരിപോഷിപ്പിക്കുന്നതിന് രണ്ടാംഘട്ടത്തിൽ അഞ്ച് ലക്ഷം രൂപ കൂടി വായ്പയെടുത്തു. ഇതിന് 50,000 രൂപയുടെ സബ്സിഡി ലഭിക്കുകയും ചെയ്തു. തുടർന്ന് കുടുംബശ്രീ മുഖേന ഇന്നൊവേഷൻ ഫണ്ടായി 1.25 ലക്ഷം അനുവദിച്ചു. നിലവിൽ കുടുംബശ്രീ മിഷനും ബാംബൂ മിഷനും സംയുക്തമായി 7.25 ലക്ഷം രൂപ പഞ്ചവർണ്ണ സംരംഭത്തിന് ഗ്രാന്റായി അനുവദിച്ചു. പൂതാടി, മേപ്പാടി ഗ്രാമപഞ്ചായത്തുകളിലെ സ്വന്തം സ്ഥലത്തെ രണ്ട് കെട്ടിടങ്ങളിലായാണ് നിലവിൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്.

രണ്ട് യൂണിറ്റുകളിലായി 20 പേരാണ് തൊഴിലെടുക്കുന്നത്. കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ വിവിധ സംസ്ഥാനങ്ങളിൽ പ്രദർശനങ്ങളിൽ പങ്കെടുക്കുന്നത് സാമ്പത്തിക പുരോഗതിക്ക് വഴിയൊരുക്കുന്നു. ഇതിനുപുറമെ ആവശ്യക്കാർ യൂണിറ്റിലെത്തി പെയിന്റിങ്ങും മറ്റ് ഉത്പന്നങ്ങളും വാങ്ങാറുമുണ്ട്. ഇതൊരു ജോലി മാത്രമല്ല മാനസികോല്ലാസം കൂടിയാണെന്നും മക്കളുടെ പഠനച്ചെലവുകൾ കണ്ടെത്താനും ഭർത്താവിനെ സാമ്പത്തികമായി സഹായിക്കാനും സാധിക്കുന്നുണ്ടെന്നും യൂണിറ്റിൽ ജോലി ചെയ്യുന്ന സിനി പറയുന്നു.

ഓരോ വർക്കും പൂർത്തിയാവുമ്പോൾ ലഭിക്കുന്ന ആത്മസംതൃപ്തി വലുതാണെന്ന് കൂട്ടിച്ചേർക്കുകയാണ് ഒപ്പമുള്ള മറ്റൊരു അംഗം സിമി. ലോകപ്രശസ്ത ഇറ്റാലിയൻ ചിത്രകാരൻ ടാഷിറ്റോയുടെ കൂടെ ഒരു പെയിന്റിങ് ചെയ്യാൻ സാധിച്ചത് മികച്ചൊരു അനുഭവമായിരുന്നു. ചിത്രകലയിൽ മാത്രം ഒതുങ്ങുന്നില്ല ഇവരുടെ പ്രവർത്തനം. ഗോത്രമേഖലയിലെ തനത് ഭക്ഷണ വിഭവങ്ങൾ പരിചയപ്പെടുത്താൻ ഉറിയെന്ന പേരിലുള്ള യൂട്യൂബ് ചാനൽ, മുള ഉൽപന്നങ്ങൾ കൊണ്ടുള്ള സംഗീതോപകരണങ്ങളുടെ നിർമ്മാണം, ചെരുപ്പ് നിർമ്മാണം, പരമ്പരാഗത നൃത്തരൂപങ്ങൾ ആലേഖനം ചെയ്ത് മുളയിൽ തീർക്കുന്ന മാസ്ക് നിർമ്മാണം എന്നിവയുമുണ്ട്. കുടുംബശ്രീ അംഗങ്ങളായ വനിതകൾക്ക് മുള ചെടികൾ നട്ടുവളർത്തി സാമ്പത്തിക നേട്ടം കൈവരിക്കാൻ സാധിക്കുമെന്ന സന്ദേശം കൂടിയാണ് ഇവരുടെ ബാംബൂ ക്രാഫ്റ്റിങ് സംരംഭം നൽകുന്നത്.

ജനങ്ങൾക്ക് പുതിയ സേവനങ്ങൾ നൽകി കുടുംബശ്രീ അംഗങ്ങൾക്ക് വരുമാനം ഉറപ്പാക്കാനായി പുതുതായി ആവിഷ്കരിച്ച മാതൃകാപദ്ധതികൾ

# കുടുംബശ്രീ മികവിന്റെ പുതു മാതൃകകൾ

**കമ്യൂണിക്കോർ പദ്ധതി**


## ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നൽകാൻ




തദ്ദേശീയ മേഖലയിൽ അധിവസിക്കുന്നവർക്ക് മലയാളം, ഇംഗ്ലീഷ് ഭാഷകൾ മനസ്സിലാക്കുന്നതിന് പ്രയാസം നേരിടുന്നത് വിദ്യാഭ്യാസ രംഗത്തും തൊഴിൽമേഖലയിലും അവരുടെ മുന്നേറ്റത്തെ സാരമായി ബാധിക്കാറുണ്ട്. ഈ സാഹചര്യത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഇംഗ്ലീഷ് ഭാഷാനൈപുണ്യ പരിശീലന പരിപാടിയാണ് കമ്യൂണിക്കോർ. ജില്ലകളിൽ തിരഞ്ഞെടുത്ത കുട്ടികൾക്കായി എല്ലാ മാസവും തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ പരിശീലനം നൽകും.

**പദ്ധതി ഗുണഭോക്താക്കളായ ആയിരത്തോളം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.**

നിലവിൽ പട്ടികവർഗ പ്രത്യേക പദ്ധതി നടപ്പാക്കുന്ന അട്ടപ്പാടി, പറമ്പിക്കുളം(പാലക്കാട്), തിരുനെല്ലി, നൂൽപ്പുഴ (വയനാട്), ആറളം ഫാം (കണ്ണൂർ), നിലമ്പൂർ(മലപ്പുറം), കോടഞ്ചേരി (കോഴിക്കോട്), കുട്ടമ്പുഴ (എറണാകുളം), മറയൂർ, കാന്തല്ലൂർ, വട്ടവട(ഇടുക്കി) കൊറഗ പ്രത്യേക പദ്ധതി (കാസർകോട്), കാടർ പ്രത്യേക പദ്ധതി (തൃശ്ശൂർ), മലൈപണ്ടാരം പ്രത്യേക പദ്ധതി(പത്തനംതിട്ട) എന്നിവിടങ്ങളിൽ നിന്നും തിരഞ്ഞെടുത്ത കുട്ടികളാണ് പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നത്. ഒരു വർഷമാണ് പരിശീലന പരിപാടിയുടെ ദൈർഘ്യം. നാൽപ്പതോളം അധ്യാപകരുടെ നേതൃത്വത്തിലാണ് പരിശീലനം നൽകുന്നത്.




**ജന ഗൽസ**

## ഗോത്രകലാരൂപങ്ങൾ സംരംഭമാതൃകയിലേക്ക്

തദ്ദേശീയ മേഖലയിൽ നിലവിലുള്ളതും അന്യംനിന്നു പോകുന്നതുമായ പാരമ്പര്യകലകൾക്ക് പുതുജീവൻ നൽകുന്നതിനായി കുടുംബശ്രീ ആവിഷ്ക്കരിച്ച പദ്ധതിയാണ് 'ജന ഗൽസ'. ജനങ്ങളുടെ ആഘോഷം എന്നാണ് അർഥം. ഗോത്രകലാരൂപങ്ങൾ സംരംഭമാതൃകയിൽ ഉൾപ്പെടുത്തി തദ്ദേശീയ ജനതയ്ക്ക് മികച്ച തൊഴിലും വരുമാനവും ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനും വിദ്യാഭ്യാസവകുപ്പുമായി ചേർന്ന് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനും ഉദ്ദേശിക്കുന്നു. ആദ്യപടിയായി കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ തദ്ദേശീയ മേഖലയിലെ മുഴുവൻ കലാകാരരെയും ഗോത്രകലാരൂപ

ങ്ങളെയും കുറിച്ചുള്ള സമഗ്ര ഡയറക്ടറി തയ്യാറാക്കും. പട്ടികവർഗ വിഭാഗത്തിലുള്ള അനിമേറ്റർമാരെ ഉപയോഗിച്ചു സർവേ ആഗസ്റ്റിൽ പൂർത്തിയാക്കും.

നിലവിൽ തദ്ദേശീയ മേഖലയിൽ 38-ലേറെ വിഭാഗങ്ങളുണ്ട്. ഓരോ വിഭാഗത്തിനും തനതായ കലാരൂപങ്ങളുമുണ്ട്. ഇവയെ പുനരുജ്ജീവിപ്പിച്ച് വരുമാനദായക സംരംഭരൂപവൽക്കരണമാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. നിലവിൽ കുടുംബശ്രീ നടപ്പാക്കുന്ന ട്രൈബൽ പദ്ധതിക്ക് കീഴിലെ അർഹരായ മുഴുവൻ ഗുണഭോക്താക്കളെയും ഇതിനായി കണ്ടെത്തും. കലാരൂപങ്ങളെ ഉൾപ്പെടുത്തി സംസ്ഥാനതല കൺസോർഷ്യം രൂപവൽക്കരിക്കും.

ലഹരി അടക്കമുള്ള സാമൂഹികവിപത്തുകൾക്കെതിരേ സർക്കാരിന്റെ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും സംരംഭം പ്രയോജനപ്പെടുത്തും. കുടുംബശ്രീയുടെ കമ്യൂണിറ്റി തിയേറ്റർ ഗ്രൂപ്പായ രംഗശ്രീയുമായും സാംസ്കാരിക ടൂറിസം കേന്ദ്രങ്ങളുമായും ചേർന്നുപ്രവർത്തിക്കും. ഫോക്‌ലോർ അക്കാദമി, കിർത്താഡ്സ് തുടങ്ങിയ സ്ഥാപനങ്ങളുമായും സഹകരിച്ച് തദ്ദേശീയർക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കും.

## കെ 4 കെയർ

# രോഗീപരിചരണ സേവനങ്ങൾ



വയോജന, രോഗീപരിചരണ മേഖലയിൽ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് കെ ഫോർ കെയർ. വിദഗ്ധ പരിശീലനം ലഭിച്ച വനിതകൾ കെ 4 കെയർ എക്സിക്യൂട്ടീവുകൾ എന്ന പേരിൽ എല്ലാ ജില്ലകളിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വയോജനങ്ങൾ, കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ, നവജാത ശിശുക്കൾ എന്നിവരുടെ പരിചരണം, പ്രസവാനന്തര പരിചരണം തുടങ്ങി വിവിധ മേഖലകളിൽ ഇവരുടെ സേവനം ലഭ്യമാകും. പദ്ധതിയുടെ ഭാഗമായി സംസ്ഥാനതല കോൾ സെന്റർ സംവിധാനവും പ്രവർത്തിക്കുന്നുണ്ട്.

കിടപ്പുരോഗികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ തുടങ്ങി ദൈനംദിന ജീവിതത്തിൽ മറ്റൊരാളുടെ സഹായം ആവശ്യമായി വരുന്ന വ്യക്തികളും കുഞ്ഞുങ്ങളുമുള്ള കുടുംബങ്ങൾക്കാവശ്യമായ പ്രൊഫഷണൽ സേവനങ്ങളാണ് കെയർ എക്സിക്യൂട്ടീവുകൾ വഴി ലഭ്യമാവുക. ഇവർക്കാവശ്യമായ സഹായപരിചരണങ്ങൾ ഒരു മണിക്കൂർ മുതൽ ദിവസ, മാസ അടിസ്ഥാനത്തിൽ ലഭിക്കും. വയോജനങ്ങളെ ആശുപത്രിയിൽ എത്തിക്കുക, കുട്ടികളെ സ്കൂളിൽ നിന്നും കൊണ്ടുവരിക എന്നിങ്ങനെയുള്ള കാര്യങ്ങളിലും ഇവരുടെ സേവനം പ്രയോജനപ്പെടുത്താനാകും. ഉപഭോക്താവ് ആവശ്യപ്പെടുന്ന സമയത്ത് ജില്ലയിൽ കെയർ എക്സിക്യൂട്ടീവ് ലഭ്യമല്ലെങ്കിൽ അടുത്ത ജില്ലയിൽ നിന്നും കണ്ടെത്തി നൽകും.

ഈ വർഷം ജനുവരിയിൽ ആരംഭിച്ച പദ്ധതിയുടെ ഭാഗമായി മികച്ച പരിശീലനം ലഭിച്ച 500 വനിതകളിൽ മുന്നൂറോളം പേർക്ക് ഇതിനകം ഈ രംഗത്ത് ആകർഷകമായ വരുമാനത്തോടെ തൊഴിൽ ലഭ്യമായിട്ടുണ്ട്.

കൂടുതൽ തൊഴിൽ അവസരങ്ങളൊരുക്കുന്നതിന്റെ ഭാഗമായി പരിശീലനം ലഭിച്ച കെയർ എക്സിക്യൂട്ടീവുകളെ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും ജില്ലാതല കൺസോർഷ്യവും രൂപീകരിച്ചിട്ടുണ്ട്.

സേവനങ്ങൾക്ക് വിളിക്കാം 91889 25597

## കെ-ടിക്

# പട്ടികവർഗ മേഖലയിൽ സംരംഭകത്വ പ്രോത്സാഹനം

പട്ടികവർഗ മേഖലയിലെ ജനവിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിച്ചുകൊണ്ട് നൂതനമായ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് കുടുംബശ്രീ ട്രൈബൽ എന്റർപ്രൈസ് ആൻഡ് ഇന്നവേഷൻ സെന്റർ അഥവാ കെ-ടിക്. 14 ജില്ലകൾ കൂടാതെ പാലക്കാട് അട്ടപ്പാടി, വയനാട് ജില്ലയിലെ തിരുനെല്ലി എന്നിവിടങ്ങളിൽ നിന്നായി ആകെ എണ്ണൂറോളം പേരാണ് ഗുണഭോക്തൃ പട്ടികയിലുള്ളത്. ഇവർക്ക് സംരംഭകത്വ വികസന പരിശീലനം നൽകുന്ന ഇൻകുബേറ്റർമാരായി 36 പേരെ തിരഞ്ഞെടുത്തിട്ടുണ്ട്.

പട്ടികവർഗ മേഖലയിലെ യുവജനങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും ഈ മേഖലയിൽ പ്രൊഫഷണലിസം കൈവരിക്കുന്നതിനും സഹായകമായ രീതിയിലാണ് പരിശീലന പരിപാടിയുടെ ആസൂത്രണം. വിവിധ ഘട്ടങ്ങളിലായി ഒന്നര വർഷം നീണ്ടുനിൽക്കുന്നതാണ് പരിശീലനം. ഇക്കാലയളവിൽ സൂക്ഷ്മസംരംഭങ്ങളുടെ പ്രവർത്തനരീതിയും ഉൽപ്പന്ന വിപണനവും ഉൾപ്പെടെയുള്ള കാര്യങ്ങൾ നേരിൽ കണ്ടു മനസിലാക്കുന്നതിനായി ഫീൽഡ് സന്ദർശനവും ഉണ്ടാകും. ഇതിനായി കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കാർഷിക മൃഗസംരക്ഷണം, എസ്.വി.ഇ.പി, സൂക്ഷ്മസംരംഭങ്ങൾ എന്നീ പദ്ധതികളുടെ ജില്ലാപ്രോഗ്രാം മാനേജർമാർ, സാമൂഹിക വികസന പദ്ധതികളുടെ കമ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർ എന്നിവരുടെ പിന്തുണയും ലഭിക്കും.

**ലഞ്ച് ബെൽ**

# ഉച്ചഭക്ഷണം ജോലിസ്ഥലത്തെത്തും

വീട്ടിൽനിന്നും ഉച്ചഭക്ഷണം കൊണ്ടുപോകാൻ കഴിയാതെ തിരക്കിട്ട് ഓഫീസിലേക്കും മറ്റ് ജോലി സ്ഥലങ്ങളിലേക്കും പോകുന്നവർക്ക് ഒറ്റ ക്ലിക്കിൽ ഉച്ചഭക്ഷണം അരികിലെത്തുന്ന കുടുംബശ്രീയുടെ പദ്ധതിയാണ് 'ലഞ്ച് ബെൽ'. തിരുവനന്തപുരം ജില്ലയിൽ സെക്രട്ടേറിയറ്റ്, നിയമസഭ, വികാസ് ഭവൻ, പബ്ലിക് ഓഫീസ് പ്രദേശങ്ങളിലെ സർക്കാർ ഓഫീസുകൾ, ബാങ്കുകൾ, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണ് ഉച്ചഭക്ഷണ വിതരണം. ഓൺലൈൻ ഫുഡ് ഡെലിവറി രംഗത്ത് കുടുംബശ്രീയുടെ പ്രാതിനിധ്യം ഉറപ്പിക്കുന്നതോടൊപ്പം വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.



കുടുംബശ്രീയുടെ ഫുഡ് ഡെലിവറി ആപ് 'പോക്കറ്റ്മാർട്ട്' വഴിയാണ് ഉച്ചയൂണിന് ഓർഡർ നൽകുന്നത്. ചോറ്, സാമ്പാർ, അച്ചാർ, കൂട്ടുകറി, പുളിശ്ശേരി എന്നിവ ഉൾപ്പെടുന്ന ബജറ്റ് ലഞ്ചും നോൺ വെജ് വിഭവങ്ങൾ കൂടി ഉൾപ്പെട്ട പ്രീമിയം ലഞ്ചും ലഭ്യമാണ്. ഓരോ ദിവസത്തെയും ഉച്ചഭക്ഷണം അന്ന് രാവിലെ ഏഴ് മണിവരെ ഓർഡർ ചെയ്യാം. രാവിലെ പത്തുമണിക്കുള്ളിൽ വിതരണത്തിന് തയ്യാറാകുന്ന പാഴ്സൽ ഉച്ചയ്ക്ക് 12നു മുമ്പായി ഓർഡർ ചെയ്ത ആൾക്ക് ലഭിക്കും. ഉപഭോക്താവിന്റെ ഓഫീസ് പ്രവർത്തന ദിവസങ്ങൾ അനുസരിച്ച് ആറ് മാസം വരെ ഉച്ചഭക്ഷണം മുൻകൂട്ടി ബുക്ക് ചെയ്യാനും സൗകര്യമുണ്ട്.

കുടുംബശ്രീയുടെ പ്രീമിയം കഫേ റെസ്റ്റോറന്റിൽ സജ്ജീകരിച്ച കിച്ചണിലാണ് ഭക്ഷണം തയ്യാറാക്കുന്നത്. പൂർണമായും ഹരിതചട്ടം പാലിച്ചുകൊണ്ടാണ് ഉച്ചഭക്ഷണ വിതരണം. ബ്രേക്ക് ഫാസ്റ്റിന്റെ വിതരണം കൂടി ഉടൻ ആരംഭിക്കും. നിലവിൽ മുപ്പതോളം വനിതകൾക്ക് ലഞ്ച് ബെൽ പദ്ധതി വഴി വരുമാനം നേടാനാകുന്നുണ്ട്.

**മാ കെയർ സ്റ്റോർ**

# വിദ്യാലയവളപ്പിലെ സ്റ്റോറുകൾ

വിദ്യാർഥികൾക്ക് ആരോഗ്യകരവും പോഷകസമൃദ്ധമായ ലഘുഭക്ഷണങ്ങൾ, പാനീയങ്ങൾ, സ്കൂൾ സ്റ്റേഷനറി വസ്തുക്കൾ, സാനിട്ടറി നാപ്കിനുകൾ എന്നിവ ലഭ്യമാക്കുന്നതിന് സ്കൂൾ വളപ്പിൽ തന്നെ പ്രവർത്തിക്കുന്ന സ്റ്റോറുകളാണിവ. കിയോസ്കുകൾ സ്ഥാപിക്കാൻ സ്ഥലം ലഭ്യമല്ലെങ്കിൽ ഉപയോഗിക്കാതെ കിടക്കുന്ന ക്ലാസ് മുറികളും ഇതിനായി ഉപയോഗിക്കും. ഹയർ സെക്കൻഡറി, ഹൈസ്കൂൾ വിഭാഗത്തിനുകീഴിലുള്ള ആയിരം സ്കൂളുകളിലെങ്കിലും പദ്ധതി തുടങ്ങാനാണ് ലക്ഷ്യമിടുന്നത്.

നിലവിൽ ഇരുനൂറോളം വിദ്യാലയങ്ങളിൽ പദ്ധതി ആരംഭിച്ചു കഴിഞ്ഞു. ആദ്യഘട്ടത്തിൽ കുറഞ്ഞത് 5000 വനിതകൾക്കെങ്കിലും മികച്ച ഉപജീവനമാർഗം കണ്ടെത്താനാകും.

Maa Care Centre
മാ കെയർ സെന്റർ
WITH A MOTHER'S LOVE
ഒരു കുടുംബശ്രീ സംരംഭം

നിലവിൽ കാസർകോട്, കണ്ണൂർ ജില്ലകളിൽ ആരംഭിച്ച പദ്ധതിക്ക് മികച്ച സ്വീകാര്യത നേടാനായിട്ടുണ്ട്. ലഘുഭക്ഷണങ്ങളും പാനീയങ്ങളും പഠനസഹായത്തിനാവശ്യമായ സ്റ്റേഷനറികളും ലഭ്യമാക്കുന്നതുവഴി സ്കൂൾ സമയത്ത് കുട്ടികൾ പുറത്തുപോകുന്നത് ഒഴിവാക്കാനാകും. സ്കൂൾ കോമ്പൗണ്ടിനുള്ളിൽ തന്നെ ആരോഗ്യകരമായ ലഘുഭക്ഷണ പാനീയങ്ങൾ ലഭിക്കുന്നതിനാൽ സ്കൂളിനു പുറത്തുള്ള അനാരോഗ്യകരമായ ഭക്ഷണങ്ങളും ലഹരിപദാർഥങ്ങളും ഉപയോഗിക്കുന്നതിനുള്ള സാഹചര്യങ്ങൾക്ക് തടയിടാനുമാകും.

കുടുംബശ്രീയുടെ നേതൃത്വത്തിൽ സംരംഭ മാതൃകയിൽ കിയോസ്ക് നടത്തുന്നതിനാവശ്യമായ പരിശീലനം നൽകും. കുടുംബശ്രീയുടെ വിവിധ പദ്ധതികൾ, കമ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട്, ലിങ്കേജ് വായ്പ, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതം എന്നിവ വഴി സംരംഭം ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായവും ലഭ്യമാക്കും.

**പോക്കറ്റ് മാർട്ട് ആപ്ലിക്കേഷൻ**

## ആപ്പിലൂടെ ഉൽപ്പന്നങ്ങൾ വാങ്ങാം




ഇക്കുറി മലയാളിക്ക് ഓണം ആഘോഷിക്കാൻ കുടുംബശ്രീ ഉൽപ്പന്നങ്ങൾ പോക്കറ്റ് മാർട്ട് ആപ്പിലൂടെ ഓൺലൈനായി ഓർഡർ ചെയ്തുവാങ്ങാം. ചിപ്സ്, ശർക്കരവരട്ടി, പായസം മിക്സ്, സാമ്പാർ മസാല, മുളക് പൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി, വെജ്മസാല എന്നിവ ഉൾപ്പെടെ എട്ട് ഉൽപ്പന്നങ്ങളാണ് ആകർഷകമായ ഗിഫ്റ്റ് ഹാംപറിൽ ഉപഭോക്താക്കളുടെ കൈകളിലെത്തുക.

കുടുംബശ്രീ ഉൽപ്പന്നങ്ങളും വിവിധ പദ്ധതികൾ വഴി ലഭ്യമാകുന്ന സേവനങ്ങളും ഇ-കൊമേഴ്സ് ആപ്ലിക്കേഷനിലൂടെ വിപണിയിലെത്തിക്കുകയും അതുവഴി സംരംഭകർക്ക് ഓൺലൈൻ വിപണിയുടെ സാധ്യത തുറന്നു കൊടുക്കുന്നതിനുമായി കുടുംബശ്രീ രൂപീകരിച്ച പുതിയ സംവിധാനമാണ് പോക്കറ്റ്മാർട്ട് ആപ്ലിക്കേഷൻ.

ആദ്യഘട്ടത്തിൽ അറുന്നൂറിലേറെ ഉൽപ്പന്നങ്ങൾ സംബന്ധിച്ച വിവരങ്ങൾ പോക്കറ്റ്മാർട്ട് ആപ്പിൽ ലഭ്യമാകും. ഇന്ത്യയിലെവിടെയും ഉൽപ്പന്നങ്ങൾ കൊറിയർ വഴി എത്തിക്കുന്നതിനുള്ള സംവിധാനവും പൂർത്തിയായി വരികയാണ്. ഏറ്റവും അടുത്തുള്ള കുടുംബശ്രീ സംരംഭങ്ങൾ, പ്രീമിയം ഹോട്ടലുകൾ, ജനകീയ ഹോട്ടലുകൾ, കേരള ചിക്കൻ ഔട്ട്ലെറ്റുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനും സഹായകമാകും. നിലവിൽ കുടുംബശ്രീയുടെ ഫുഡ് ഡെലിവറി സംവിധാനമായ 'ലഞ്ച് ബെൽ' പദ്ധതിയുടെ ഭാഗമായി ഉപഭോക്താക്കൾ ഭക്ഷണം ഓർഡർ ചെയ്യുന്നത് പോക്കറ്റ്മാർട്ട് ആപ്ലിക്കേഷൻ വഴിയാണ്.

**ക്വിക് സെർവ് - അർബൻ സർവീസ് ടീം**

## ഗാർഹിക ജോലികൾക്കും ശുചീകരണത്തിനും

നഗര പ്രദേശങ്ങളിലെ ജനങ്ങളുടെ മാറുന്ന ജീവിത സാഹചര്യങ്ങൾ കണക്കിലെടുത്തും കുടുംബശ്രീ അംഗങ്ങൾക്ക് കൂടുതൽ വരുമാനദായക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി കുടുംബശ്രീ രൂപം നൽകിയ പദ്ധതിയാണ് ക്വിക് സെർവ് എന്ന അർബൻ സർവീസ് ടീം.

വീട്ടുജോലി, ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയുള്ള ഗൃഹശുചീകരണം, പാചകം, വാഹന ശുചീകരണം, വയോജനങ്ങൾ, കിടപ്പു രോഗികൾ, കുട്ടികൾ എന്നിവരുടെ പരിചരണം തുടങ്ങിയവയാണ് ലഭിക്കുന്ന സേവനങ്ങൾ.

പദ്ധതിയിൽ ഉൾപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്ക് സോഫ്റ്റ് സ്കിൽ പരിശീലനം ഉൾപ്പെടെ നൽകി അവരെ മികച്ച സേവനദാതാക്കളാക്കി മാറ്റിയിട്ടുണ്ട്. എല്ലാവർക്കും യൂണിഫോമും തിരിച്ചറിയൽ കാർഡും നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതുവരെ 42 നഗരസഭകളിലായി 43 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇതുവഴി 1224 കുടുംബശ്രീ അംഗങ്ങൾക്ക് മെച്ചപ്പെട്ട തൊഴിലും വരുമാനവും ഉറപ്പാക്കാൻ കഴിയുന്നു.

നഗര സി.ഡി.എസുകളിലെ അയൽക്കൂട്ടങ്ങളിൽ നിന്നോ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളിൽ നിന്നോ തിരഞ്ഞെടുക്കുന്ന മൂന്നോ അതിലധികമോ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ഗ്രൂപ്പ് സംരംഭമായി രൂപീകരിച്ചാണ് ക്വിക് സെർവിന്റെ പ്രവർത്തനം. തുടർന്ന് സംരംഭം സി.ഡി.എസിൽ രജിസ്റ്റർ ചെയ്യും. അടുത്ത ഘട്ടത്തിൽ ക്വിക് സെർവിന്റെ സേവനദാതാവായി പ്രവർത്തിക്കാൻ താൽപര്യമുള്ളവരെ കണ്ടെത്തി അവരെ ക്വിക് സെർവ് പദ്ധതിയുടെ സേവനദാതാവായി രജിസ്റ്റർ ചെയ്യും. ഇപ്രകാരം രജിസ്റ്റർ ചെയ്ത അംഗങ്ങൾക്ക് അഞ്ചു ദിവസം പരിശീലനം നൽകി ക്വിക് സെർവ് പദ്ധതിയുടെ ഭാഗമായി വിവിധ സേവനങ്ങൾ ലഭ്യമാക്കാൻ പ്രാപ്തരാക്കുന്നു. വിവിധ ഗൃഹോപകരണങ്ങളുടെ ഉപയോഗം, പാചക രീതികൾ, കുട്ടികൾ, കിടപ്പുരോഗികൾ, വയോജനങ്ങൾ എന്നിവരുടെ പരിചരണം, വിവിധ ആധുനിക ഗൃഹോപകരണങ്ങൾ ഉപയോഗിച്ചുള്ള ക്ലീനിങ് തുടങ്ങി വിവിധ വിഷയങ്ങളിൽ ക്ലാസുകൾ, ഇവയുടെ പ്രായോഗിക പരിശീലനം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.




ക്വിക് സെർവിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വെബ്സൈറ്റും മൊബൈൽ ആപ്ലിക്കേഷനും രൂപപ്പെടുത്തും. വീടുകളിൽ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്താനുള്ള മൊബൈൽ യൂണിറ്റുകളും ഇതിന്റെ ഭാഗമാക്കും. ഇതോടൊപ്പം കാർവാഷ് യൂണിറ്റുകളും സജ്ജമാക്കുന്നുണ്ട്.

## സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്

24 മണിക്കൂറും എല്ലാ ജില്ലകളിലും അട്ടപ്പാടിയിലും പ്രവർത്തിക്കുന്ന ജെൻഡർ ഹെൽപ്ഡെസ്ക് ആണ് സ്നേഹിത. 11 സബ് സെന്ററുകളുമുണ്ട്. സമൂഹത്തിൽ വിവിധ പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പിന്തുണയും സഹായവും ലഭ്യമാക്കുന്നു. ദുരിതമനുഭവിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നപരിഹാരത്തിനായി താൽക്കാലിക അഭയം, സൗജന്യ നിയമസഹായം, ടെലി കൗൺസിലിങ്ങ്, മറ്റ് വകുപ്പുകൾ, എൻ.ജി.ഒകൾ എന്നിവയുമായി സഹകരിച്ച് പുനരധിവാസം തുടങ്ങിയ സേവനങ്ങൾ നൽകിവരുന്നു. പ്രശ്നങ്ങൾ



സ്നേഹിത
കൈവിടില്ല കൂട്ടുണ്ട് സ്നേഹിത...

പരിഹരിക്കുന്നതിന് ലീഗൽ സർവീസ് അതോറിറ്റി, പോലീസ്, വനിതാ ശിശുവികസന വകുപ്പ് മുതലായവ) സേവനവും സ്നേഹിത വഴി ലഭ്യമാക്കുന്നു. 2016-2025ൽ നാളിതുവരെ സ്നേഹിതവഴി നേരിട്ടുള്ള കേസുകളും ടെലി കേസുകളും ഉൾപ്പെടെ ഏകദേശം 57,000 കേസുകൾ കൈകാര്യം ചെയ്തു. ഏകദേശം 11,500 സ്ത്രീകൾക്കും കുട്ടികൾക്കും അഭയം നൽകി. കൂടാതെ ജെൻഡർ പോയിന്റ് പേഴ്സൺ, വിജിലന്റ് ഗ്രൂപ്പ്, ജെൻഡർ റിസോഴ്സ് സെന്റർ, കമ്മ്യൂണിറ്റി കൗൺസിലിങ് തുടങ്ങിയ എല്ലാ കുടുംബശ്രീ ജെൻഡർ പ്രവർത്തനങ്ങളുടെയും ജില്ലാതല ജെൻഡർ റിസോഴ്സ് സെന്റർ ആയും സ്നേഹിത പ്രവർത്തിക്കുന്നു. സ്നേഹിതയുടെ എണ്ണം: 15, ഉപകേന്ദ്രങ്ങളുടെ എണ്ണം: 11.

## എഫ് എൻ എച്ച് ഡബ്ല്യു
ഫുഡ്, ന്യൂട്രിഷൻ, ഹെൽത്ത്, വാട്ടർ & സാനിറ്റേഷൻ



സ്ത്രീകൾക്കും കുട്ടികൾക്കും ഭക്ഷണം, പോഷകാഹാരം, ആരോഗ്യം, വെള്ളം, ശുചിത്വം എന്നിവ ലഭ്യമാക്കുന്നതിനും ഇതു സംബന്ധിച്ച ബോധവൽക്കരണം നടത്തുന്നതിനുമായി 2015 ൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലാണ് പദ്ധതി ആദ്യമായി ആരംഭിച്ചത്. 2023-24 ൽ 14 ജില്ലകളിലും പദ്ധതി വ്യാപിപ്പിച്ചു. ഇതിന്റെ ഭാഗമായി ഓരോ ജില്ലയിലും രണ്ട് ബ്ലോക്കുകൾ വീതം ഇമേർഷ്യൻ സൈറ്റുകളായി തിരഞ്ഞെടുത്തു.

വയോജനങ്ങൾ, മാനസികരോഗികൾ, ഭിന്നശേഷിക്കാർ, ട്രാൻസ് ജെൻഡർ എന്നിവരുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുകയും പദ്ധതിയുടെ ലക്ഷ്യമാണ്.

>> മൈന ഉമൈബാൻ
എഴുത്തുകാരി, അധ്യാപിക



**വിളിച്ചാൽ കേൾക്കുന്ന ദൂരത്തുള്ള സ്ത്രീകൾ ചേർന്നുണ്ടാക്കിയ വിപ്ലവകരമായ പ്രസ്ഥാനമാണ് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ. കഴിഞ്ഞ രണ്ട് ദശകങ്ങളിലേറെയായി കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക രംഗത്ത് ഏറ്റവും ശക്തമായ മാറ്റങ്ങൾക്ക് തുടക്കമിട്ടത് അയൽക്കൂട്ടങ്ങളാണ്.**

# വീട്ടുമുറ്റത്തെ അയൽക്കൂട്ട വിപ്ലവം



രണ്ടായിരാമാണ്ടിന്റെ തുടക്കത്തിൽ, ഞങ്ങളുടെ വീട്ടിൽ അയൽവീടുകളിലെ സ്ത്രീകൾ ഒത്തുകൂടി. 'അയൽക്കൂട്ടം' എന്ന ഒരു സംവിധാനം ഉണ്ടാകാൻ പോകുന്നു എന്നു പറഞ്ഞുകൊണ്ടാണ് ആ യോഗം ചേർന്നത്. രണ്ടുവർഷം നെഹ്റു യുവ കേന്ദ്രയിൽ നാഷണൽ സർവീസ് വളണ്ടിയർ ആയിരുന്നതുകൊണ്ട് സ്വയംസഹായ സംഘങ്ങൾ അപരിചിതമായിരുന്നില്ല.

ഇടുക്കിയിൽ സ്വയം സഹായസംഘങ്ങളുമായി ബന്ധപ്പെട്ടിരുന്ന എനിക്ക്, 'അയൽക്കൂട്ടം' വെറും സ്വയംസഹായസംഘമല്ലെന്ന് ആദ്യയോഗത്തിൽതന്നെ മനസ്സിലായി. ആ അയൽക്കൂട്ടത്തിൽ ഞാൻ അംഗമായിരുന്നില്ല, കുടുംബത്തിലെ മുതിർന്നവർക്കായിരുന്നു ആദ്യം അവസരം. എന്നാൽ, ആദ്യയോഗത്തിൽ സ്വാഗതം പറയാൻ ക്ഷണിച്ചപ്പോൾ ഞാൻ മടിച്ചു നിന്നു. ഇടുക്കിയിൽ കൗമാരകാലത്ത് തന്നെ സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ഒരാളായിട്ടും വയനാട്ടിലെ ആ വീട്ടുമുറ്റത്തെ സ്ത്രീകളുടെ മുന്നിൽനിന്ന് രണ്ടുവാക്ക് പറയാൻ മടിച്ചു. അത് സഹസ്രാബ്ദങ്ങളായി അടിമജീവിതം നയിച്ച സ്ത്രീകൾ അപ്പോഴും എന്റെയുള്ളിൽ ഇടപെട്ടുകൊണ്ടിരുന്നതുകൊണ്ടായിരിക്കണം. 25 വർഷം മുമ്പ് നടന്ന ആ യോഗത്തിൽ മറ്റാരും സംസാരിക്കില്ല എന്ന ഘട്ടത്തിൽ, നിർബന്ധത്തിന് വഴങ്ങിയാണ് സ്വാഗതം പറഞ്ഞത്. പിന്നീട് ഓരോ ആഴ്ചയിലും പാസ്ബുക്കുമായി അടുത്ത വീട്ടിലേക്കുള്ള സ്ത്രീകളുടെ യാത്രകൾ കണ്ടു നിന്നിട്ടുണ്ട്. അന്ന് ഞങ്ങളുടെ വീട്ടുമുറ്റത്ത് നിന്ന് ആരംഭിച്ച അയൽക്കൂട്ടം ഇന്ന് വയനാട്ടിലെ മികച്ച അയൽക്കൂട്ടങ്ങളിൽ ഒന്നാണ്. അവിടെനിന്നും മികച്ച സംരംഭകരുണ്ടായി. കൃഷിക്കാർ ഉണ്ടായി. പൊതുപ്രവർത്തകർ ഉണ്ടായി...

അന്ന് സ്വാഗതം പറയാൻ മടിച്ച ചെറുപ്പകാരികളായ ചില സ്ത്രീകളെ ഓർക്കുന്നു. ഭാരവാഹികളാകാൻ ചിലർ വേണമെന്ന് പറഞ്ഞപ്പോൾ ഒരാൾക്കും സമ്മതമായിരുന്നില്ല. നിർബന്ധപൂർവ്വമാണ് ചിലർക്ക് സ്ഥാനം നൽകിയത്. രണ്ടുമൂന്നുവർഷം കഴിഞ്ഞപ്പോൾ ഭാരവാഹികളാകാൻ താൽപര്യത്തോടെ മുന്നോട്ടുവരുന്നവരെയാണ് കണ്ടത്. വീട്ടിനകത്തുപോലും അധികം സംസാരിക്കാതിരുന്ന, മരുമകൾ സ്ഥാനം മാത്രമുണ്ടായിരുന്ന ചിലർ കാര്യഗൗരവത്തോടെ ഏതു വിഷയവും സംസാരിക്കും എന്ന നിലയിലേക്ക് മാറി. ഇത് നേരിട്ടുള്ള ഒരു ഉദാഹരണം മാത്രം.

## വീടിനു പുറത്തെ ലോകത്തിലേക്ക്

ഒരുപാട് സ്ത്രീകൾ എന്നോട് അനുഭവങ്ങൾ പങ്കുവെച്ചിട്ടുണ്ട്. അവരിൽ പലരും അയൽക്കാരിയുടെ വീട്ടിൽ നടന്ന യോഗത്തിൽ ക്ഷണിച്ചിട്ടോ ക്ഷണിക്കപ്പെടാതെയോ കയറിച്ചെന്നപ്പോൾ ചിന്തിച്ചിരുന്നില്ല വീടിന് പുറത്തൊരു ലോകമുണ്ടെന്ന്. ആ വ്യക്തികളിൽ ചിലർ ഇന്ന് 'ഇന്ത്യയെ അറിയുന്ന' വ്യക്തികളായി മാറിയിട്ടുണ്ട്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സമാനമായ അയൽക്കൂട്ടം രൂപീകരണത്തിനുള്ള റിസോഴ്സ് പേഴ്സണായി ചിലർ മാറി. ഭാഷയും ടെക്നോളജിയും അറിയാതിരുന്ന പലരും ഇംഗ്ലീഷും ഹിന്ദിയും മറ്റ



പല ഭാഷകളും ഉപയോഗിക്കാവുന്ന തരത്തിലേക്ക് വളർന്നു. ലാപ്ടോപ്പും മൊബൈൽ ഫോണും ശരിയായ വിധത്തിൽ ഉപയോഗിക്കാൻ സാധിക്കാതിരുന്ന പലരും ആ മേഖലകളിലെല്ലാം സ്വന്തമായ കൈയൊപ്പ് പതിപ്പിച്ചു. ചിലർ വലിയ സംരംഭകരായി മാറി. മറ്റുചിലർ സാമൂഹിക- സാംസ്കാരിക രംഗത്ത് പ്രസിദ്ധരായി. വേറെ ചിലർ ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പുകളിൽ വിജയിച്ച് സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുന്നു. പൊതുവിടങ്ങളിൽ തന്റേതായ ഇടമില്ലാത്തവരായിരുന്നു അവർ. ആഴ്ചയിൽ 10 രൂപപോലും അയൽക്കൂട്ടത്തിൽ സമ്പാദ്യമായി നൽകുവാൻ നിവൃത്തിയില്ലാത്തവരും ഉണ്ടായിരുന്നു. ആ സ്ത്രീകളിൽ പലരും ജീവിതത്തിൽ ഒരിക്കലും ബാങ്കിലേക്ക് പോകാത്തവരായിരുന്നു. അവഗണിക്കപ്പെട്ട ഇടങ്ങളിൽനിന്ന് അംഗീകരിക്കപ്പെട്ട ഇടങ്ങളിലേക്കുള്ള സ്ത്രീകളുടെ മാറ്റമാണ് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ കൊണ്ടുവന്ന ഏറ്റവും വലിയ വിപ്ലവം.

കേരളത്തിന്റെ പൊതുമണ്ഡലത്തിൽ അയൽക്കൂട്ടങ്ങൾ ഇത്രയേറെ സ്വാധീനം ചെലുത്തുമെന്ന് അക്കാലത്ത് ആരും കരുതിയിരുന്നില്ല. പരമ്പരാഗതമായി പുരുഷാധിപത്യപരമായിരുന്ന കുടുംബഘടനയെ തകർക്കുക എന്നത് അത്ര എളുപ്പമായിരുന്നില്ല. ഇന്നും അതിലേക്ക് നമ്മൾ പൂർണ്ണമായും എത്തിയിട്ടുമില്ല. കഴിഞ്ഞ രണ്ടു ദശകത്തിലേറെക്കാലത്തെ പ്രവർത്തനത്തിലൂടെ, അയൽക്കൂട്ട കൂട്ടായ്മകൾ സ്ത്രീകളെ വീടിനുള്ളിൽനിന്നും പുറത്തേക്ക് കൊണ്ടുവന്ന് സാമൂഹികമായി ശക്തിപ്പെടുത്തി.

വളരെ ചെറിയ നിക്ഷേപങ്ങളോടെയാണ് അയൽക്കൂട്ടങ്ങളുടെ തുടക്കം. ഓരോ ആഴ്ചയിലും കുറഞ്ഞ തുക സംഭാവന ചെയ്യുകയും അതിൽനിന്ന് വായ്പയെടുക്കുകയും ചെയ്യുന്ന രീതി. വീട്ടിലെ അടിയന്തര ചികിത്സാച്ചെലവുകൾക്കും കുട്ടികളുടെ പഠനത്തിനും ഒരു ചെറിയ സംരംഭം തുടങ്ങുന്നതിനും ഇത്തരം വായ്പകൾ വലിയ സഹായമായിത്തീർന്നു. അതുവരെ കൊള്ളപലിശക്കാരെ ആശ്രയിക്കേണ്ടി വന്ന സ്ത്രീകൾക്ക് വലിയ ആശ്വാസമായിരുന്നു ഇത്.

കുടുംബശ്രീയുടെ യോഗങ്ങൾ വെറും സാമ്പത്തിക ഇടപെടലുകൾക്കുള്ള വേദിയല്ല. യോഗത്തിനായി ഒരുങ്ങുന്ന ഓരോ വീടും അതിലെ അംഗങ്ങൾക്ക് വലിയ മാനസിക സന്തോഷവും ആത്മബോധവുമാണ് നൽകുന്നത്. ചായയും പലഹാരവുമൊക്കെ പങ്കുവച്ച് സ്ത്രീകൾ തമ്മിൽ സഹജീവിതത്തിന്റെ സൗന്ദര്യവും അതിലെ വെല്ലുവിളികളുമെല്ലാം പങ്കിട്ടുകൊണ്ട് അന്യംപോയ ബന്ധങ്ങളുടെ ഊഷ്മളത തിരിച്ചെടുത്തത് അയൽക്കൂട്ടങ്ങളിലൂടെയാണ്. മറ്റുള്ളവരുടെ നേട്ടങ്ങളിൽ സന്തോഷിക്കുവാൻ പഠിച്ച അവർ, സ്വന്തം കൈകളാൽ ജീവിതത്തെ മാറ്റിയെടുക്കാൻ തുടങ്ങുകയായിരുന്നു. ഇതെല്ലാം ഒരു സാമൂഹിക വിപ്ലവത്തിലേക്ക് നയിച്ചു. ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയിലൂടെ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയിലൂടെ അയൽക്കൂട്ടാംഗങ്ങൾ ജനാധിപത്യം പഠിക്കുകയായിരുന്നു. ഈ ഘടന സ്ത്രീകളെ രാഷ്ട്രീയതലത്തിൽ പങ്കാളികളാക്കി മാറ്റി. ഗ്രാമപഞ്ചായത്തിലേക്കും ബ്ലോക്ക് പഞ്ചായത്തിലേക്കും ജില്ലാ പഞ്ചായത്തിലേക്കും നിയമസഭകളിലേക്കും സ്ത്രീകളുടെ നേതൃത്വം വളരാൻ ഇതൊരു അടിസ്ഥാനമായി. ഈ വേദികൾ സ്ത്രീകൾക്ക് ജനാധിപത്യത്തെ നേരിൽ കാണാനും അതിൽ പങ്കാളികളാവാനും അവസരമൊരുക്കി. സ്വാശ്രയത്വവും സമത്വവും സ്വാതന്ത്ര്യവും എന്താണെന്ന് മനസ്സിലാക്കുകയായിരുന്നു അവർ.



അക്കാലത്ത്, വിജയിക്കാത്ത സ്വയം സഹായ സംഘങ്ങൾക്ക് ഒരുപാട് ഉദാഹരണങ്ങളുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അയൽക്കൂട്ടങ്ങളെക്കുറിച്ച് 'എങ്ങനെ, എത്രനാൾ' തുടങ്ങിയ ചോദ്യങ്ങൾ പല ഘട്ടങ്ങളിലും രൂപവൽക്കരണത്തിന് നേതൃത്വം നൽകിയവർക്ക് നേരിടേണ്ടിവന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വനിതാ സ്വയംസഹായ സംഘങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, അവയിൽ നിന്നെല്ലാം വ്യത്യസ്തമാണ് അയൽക്കൂട്ടങ്ങൾ. അയൽക്കൂട്ടങ്ങളുടെ പ്രത്യേകത അയൽവീടുകളുടെ കൂട്ടായ്മയാണ് എന്നത് തന്നെയാണ്. സാമ്പത്തിക, സാമൂഹിക വ്യത്യാസങ്ങൾ പരിഗണിക്കാതെ അംഗങ്ങളുടെ വീടുകളിൽ മാറിമാറിയാണ് യോഗങ്ങൾ ചേരുന്നത്.

**കുടുംബശ്രീയുടെ യോഗങ്ങൾ വെറും സാമ്പത്തിക ഇടപെടലുകൾക്കുള്ള വേദിയല്ല. യോഗത്തിനായി ഒരുങ്ങുന്ന ഓരോ വീടും അതിലെ അംഗങ്ങൾക്ക് വലിയ മാനസിക സന്തോഷവും ആത്മബോധവുമാണ് നൽകുന്നത്**

ജീവിതാനുഭവങ്ങൾ പങ്കിടൽ, പ്രാദേശിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യൽ, പത്രവാർത്തകളുടെ ചർച്ച, സാമ്പത്തിക പ്രവർത്തനം എന്നിവയാണ് അയൽക്കൂട്ട പ്രതിവാര യോഗത്തിലെ പ്രധാന ഇനങ്ങൾ. (വാർത്തകൾ വിശകലനം ചെയ്യുന്നത് എല്ലായിടത്തും നടക്കുന്ന എന്നില്ലെങ്കിലും) വനിതാ സ്വയംസഹായ സംഘങ്ങൾക്ക് എവിടെനിന്നെങ്കിലുമുള്ള ഒരുകൂട്ടം സ്ത്രീകൾ മതിയാകുമ്പോൾ, അയൽക്കൂട്ടങ്ങൾക്ക് അയൽവീടുകളിൽ നിന്നുള്ളവർതന്നെ വേണം. പരസ്പരം പരിചയമുള്ള, പരസ്പരം സഹവർത്തിത്വത്തിൽ കഴിയുന്ന മനുഷ്യരാണ് ഇവിടെ ഒത്തുകൂടുന്നത് എന്ന സവിശേഷതയുണ്ട്. സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവർ എല്ലാ ആഴ്ചയും ഓരോ വീടുകളിൽ യോഗം ചേരുക എന്ന തീരുമാനം ഒട്ടേറെ സാമൂഹിക മാനങ്ങളുള്ള ഒന്നായിരുന്നു. വളരെ ചെറിയ ഓഹരിയും നിക്ഷേപവുമായി ആരംഭിച്ച അയൽക്കൂട്ടങ്ങൾ, 'വീട്ടുമുറ്റത്തെ ബാങ്ക്' എന്ന നിലയിലേക്ക് വളർന്നു. വികസന-അധികാരസ്ഥാപനങ്ങളിൽ നിന്ന് ചോദിച്ചും സമ്മർദം ചെലുത്തിയും നേടിയെടുക്കാനുള്ള ശേഷീവികസനമാണ് അയൽക്കൂട്ട പ്രവർത്തനം കാൽനൂറ്റാണ്ടുകൊണ്ടാർജിച്ചത്.



> **ഈ അയൽക്കൂട്ട പദ്ധതി ഇന്ന് ലോകത്തിന് ഒരു വലിയ അത്ഭുതമാണ്. അയൽക്കൂട്ടങ്ങൾ പ്രാദേശിക ജനാധിപത്യത്തിനും സാംസ്കാരിക വികസനത്തിനും നിർണായകമായ സ്വാധീനമാണ് ചെലുത്തിവരുന്നത്**

## മാറ്റത്തിന്റെ ജീവൽസാക്ഷ്യങ്ങൾ

വിളിച്ചാൽ കേൾക്കുന്ന ദൂരത്തുള്ള സ്ത്രീകൾ ചേർന്നുണ്ടാക്കിയ വിപ്ലവകരമായ പ്രസ്ഥാനമാണ് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ. അയൽക്കൂട്ടങ്ങൾ കൊണ്ടുള്ള ഏറ്റവും പ്രധാന നേട്ടം കഴിഞ്ഞ കാൽ നൂറ്റാണ്ടായി സ്ത്രീകളുടെ ചലനാത്മകതയും പൊതുസമൂഹത്തിലേക്കുള്ള ദൃശ്യതയുമാണ്. പരിസരത്തെ വിവിധ സ്ഥാപനങ്ങളുമായുള്ള പ്രവർത്തന പങ്കാളിത്തം വികസന ആശയങ്ങൾ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിനും അതിൽ പങ്കാളിയാകുന്നതിനും അയൽക്കൂട്ടാംഗങ്ങളെ സഹായിക്കുന്നുണ്ട്. പലകാര്യങ്ങൾക്കായി പുറത്തിറങ്ങേണ്ടി വരുന്ന സാഹചര്യമുള്ളതുകൊണ്ട് സ്ത്രീകളിൽ പൊതു ചലനാത്മകതയും ഉയർന്നു. ഈ അയൽക്കൂട്ട പദ്ധതി ഇന്ന് ലോകത്തിന് ഒരു വലിയ അത്ഭുതമാണ്. അയൽക്കൂട്ടങ്ങൾ പ്രാദേശിക ജനാധിപത്യത്തിനും സാംസ്കാരിക വികസനത്തിനും നിർണായകമായ സ്വാധീനമാണ് ചെലുത്തിവരുന്നത്.



ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്ത മാർവാടി ആയിഷ എന്ന ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി പ്രസിഡന്റിനോട് സംസാരിക്കാൻ അവസരമുണ്ടായി. അയൽക്കൂട്ടത്തിൽ അംഗമായതുകൊണ്ട് മാത്രമാണ് താൻ ഇംഗ്ലീഷും മലയാളവും എഴുതാനും വായിക്കാനും പഠിച്ചതെന്നും ഇപ്പോൾ കമ്പ്യൂട്ടറും അറിയാം എന്നും അവർ അഭിമാനത്തോടുകൂടി പറഞ്ഞു. പോലീസ് ഓഫീസിന്റെ കീഴിലെ മഹിളാ സംരക്ഷണ സമിതിയിൽ ജോലി നോക്കിയിട്ടുണ്ട്. കുറച്ചുകാലം വക്കീലിന്റെ ഗുമസ്തയായിരുന്നു. കാർഷിക വിപണന കേന്ദ്രത്തിൽ കുടുംബശ്രീ വഴി പാർട്ട് ടൈം സ്വീപ്പർ ജോലി ചെയ്യുന്നു എന്ന് അവർ വളരെ അഭിമാനത്തോടുകൂടിയാണ് പറഞ്ഞത്.

കഴിഞ്ഞ രണ്ട് ദശകങ്ങളിലേറെയായി കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക രംഗത്ത് ഏറ്റവും ശക്തമായ മാറ്റങ്ങൾക്ക് തുടക്കമിട്ടത് അയൽക്കൂട്ടങ്ങളാണ്. വീട്ടുമുറ്റത്തെ ചെറിയ യോഗങ്ങളിൽ നിന്ന് ആരംഭിച്ച ഈ സംഘടനകൾ, ഇന്ന് സ്ത്രീകളുടെ ജീവിതത്തെ മാറ്റിമറിച്ച വിപ്ലവത്തിന്റെ പ്രതീകമായി മാറിയിരിക്കുന്നു. സാമ്പത്തിക സ്വാതന്ത്ര്യം, ആത്മവിശ്വാസം, സാമൂഹികപങ്കാളിത്തം, രാഷ്ട്രീയബോധം എന്നിവയുടെ ശക്തമായ അടിത്തറയാണ് അയൽക്കൂട്ടങ്ങൾ സൃഷ്ടിച്ചത്.

മാർവാടി ആയിഷ പോലുള്ള സ്ത്രീകളുടെ കഥകൾ ഈ മാറ്റത്തിന്റെ ജീവൽസാക്ഷ്യമാണ്. പൊതുരംഗത്ത് തങ്ങളുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്താൻ വനിതകൾ ധൈര്യം കണ്ടെത്തിയിരിക്കുന്നു. ഇത് വെറും സാമ്പത്തിക സഹായത്തിനപ്പുറമുള്ള ഒരു സാമൂഹികപരിവർത്തനമാണ്. അയൽക്കൂട്ടങ്ങൾ സ്ത്രീകളെ വീടിനുള്ളിൽ നിന്ന് പുറത്തേക്ക് കൊണ്ടുവന്നു. അവരുടെ ചിന്തകൾക്കും കഴിവുകൾക്കും വേദി നൽകി. കുടുംബത്തിനുള്ളിൽ മാത്രമല്ല, സാമൂഹിക നിർമ്മാണത്തിലും സ്ത്രീകൾക്ക് ഇന്ന് പങ്കാളിത്തമുണ്ട്.

എന്നാൽ, ഈ യാത്ര പൂർണ്ണമായിട്ടില്ല. സ്ത്രീകൾക്ക് തുല്യാവസരങ്ങൾ ലഭിക്കുന്നതിനും അവരുടെ ശബ്ദം കേൾക്കപ്പെടുന്നതിനും ഇനിയും പോരാട്ടങ്ങൾ നടത്തേണ്ടതുണ്ട്. പുരുഷാധിപത്യത്തിന്റെ ചട്ടക്കൂടുകൾ തകർക്കാൻ അയൽക്കൂട്ടങ്ങൾ ഒരു മാതൃക സൃഷ്ടിച്ചിരിക്കുന്നു. അയൽക്കൂട്ടങ്ങളുടെ ഈ വിപ്ലവം ഭാവിയിൽ കൂടുതൽ ശക്തമാകട്ടെ. സ്ത്രീകൾക്ക് സ്വാതന്ത്ര്യവും സമത്വവും നൽകുന്ന ഒരു സമൂഹം നിർമ്മിക്കാനുള്ള പ്രയത്നം തുടരട്ടെ. കുടുംബശ്രീയുടെ ഈ മാതൃക ലോകമെമ്പാടും പ്രചരിക്കട്ടെ. സ്ത്രീകളുടെ ശക്തി സമൂഹത്തിന്റെ ശക്തിയാണ് എന്ന ബോധ്യത്തോടെ നമുക്ക് ഒരുമിച്ച് മുന്നേറാം.■

ഐശ്വര്യ പി.എസ്



ശുചിത്വസൈന്യം സൂഹത്തിന്റെ മനോഭാവത്തിൽ സൃഷ്ടിച്ച മാറ്റം

കുപ്പിപ്പാട്ട പെറുക്കുന്നവരെ മോശമായി കാണുന്ന രീതി നമുക്കിടയിലുണ്ടല്ലോ. അതേ മനോഭാവമായിരുന്നു ആദ്യമൊക്കെ പ്ലാസ്റ്റിക് ശേഖരിക്കാൻ വീടുകളിലേക്ക് ചെല്ലുമ്പോൾ. ഇപ്പോൾ എല്ലാരും സ്നേഹത്തോടെ ഞങ്ങളുടെ വരവും കാത്തിരിക്കുന്നു. ജോലിയും ശമ്പളവും നല്ല പദവിയും ഇപ്പോൾ ഞങ്ങൾക്കുണ്ട്. അതിൽ ഞങ്ങൾ സന്തുഷ്ടരാണ്.' തൃശ്ശൂർ കുന്നംകുളം നഗരസഭയിലെ ഹരിതകർമ്മ സേന പ്രസിഡന്റ് ധന്യ ബാബു അനുഭവങ്ങൾ ഇങ്ങനെ പറഞ്ഞുതുടങ്ങുമ്പോൾ അത് വെറുമൊരു വാക്കല്ല, മറിച്ച് പ്ലാസ്റ്റിക് മാലിന്യത്തെ തുരത്തി നാടിന്റെ ശുചിത്വസൈന്യമായി മാറിയ ഹരിതകർമ്മസേനാംഗങ്ങൾ നടത്തിയ സ്ത്രീമുന്നേറ്റത്തിന്റെ ഉറച്ച ശബ്ദമാണ്. ആട്ടിയോടിച്ച കാലത്തിൽനിന്നും അവർ ഏറെ മുന്നോട്ടുപോയി. സംസ്ഥാനത്തെ ഓരോ വീടും കടയും ഇന്ന് ഇവരുടെ വരവും കാത്തിരിപ്പാണ്.

'2017ൽ ഹരിത കർമ്മസേനാംഗങ്ങളായി ജോലി ആരംഭിച്ചപ്പോൾ ഞങ്ങളെ ആരും ഗൗനിച്ചിരുന്നില്ല. പ്ലാസ്റ്റിക് കവറുകൾ ചോദിക്കുമ്പോൾ വീട്ടുകാർ തരില്ലെന്ന് മാത്രമല്ല പലപ്പോഴും അവഹേളിക്കുകയും ചെയ്തിരുന്നു. ചില സ്ഥലങ്ങളിൽ പട്ടിയെ അഴിച്ചു വിട്ട് ഓടിപ്പിച്ചിരുന്നു. സമൂഹത്തിൽ നിന്ന് മാത്രമല്ല ഞങ്ങളുടെ സ്വന്തം കുടുംബങ്ങളിൽ നിന്നുപോലും ഈ ജോലിക്ക് ഒരു വിലയും തന്നിരുന്നില്ല. പക്ഷേ ആട്ടിപ്പായിച്ചവർക്ക് ഇപ്പോൾ ഞങ്ങൾ പ്രിയപ്പെട്ടവരായി', സെക്രട്ടറി പ്രീത ദാസൻ പറയുന്നു.

'പ്ലാസ്റ്റിക് തന്നില്ലെങ്കിലും ഒരോ വീട്ടിലും തുടർച്ചയായി അഞ്ച് മാസം കയറിയിറങ്ങി. പിന്നെ കവർ

# ആട്ടിപ്പായിച്ചവർക്ക് ഇപ്പോൾ ഞങ്ങൾ പ്രിയപ്പെട്ടവർ



# അഭിമാനമായി 36403 ഹരിത സേനാംഗങ്ങൾ

സംസ്ഥാനത്ത് 4155 സംരംഭഗ്രൂപ്പുകളിലായി 36403 ഹരിതസേന അംഗങ്ങളാണ് മാലിന്യ നിർമ്മാർജനരംഗത്ത് ഊർജിതമായി പ്രവർത്തിച്ചുവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വമിഷൻ, ആരോഗ്യവകുപ്പ്, ക്ലീൻ കേരള കമ്പനി എന്നിവയുമായി ചേർന്ന് മാലിന്യമുക്ത കേരളത്തിനായുള്ള പ്രയത്നത്തിലെ പ്രധാന കണ്ണികളാണ് ഹരിതകർമ്മ സേന.



തരാം, പണം തരില്ലെന്ന നിലപാടായി പലർക്കും. കഴുകാതെ തരുന്ന കവറിൽ നിന്നാണെങ്കിൽ ദുർഗന്ധവും. ഇതൊന്നും കാര്യമാക്കാതെ ഞങ്ങൾ മുന്നോട്ടുതന്നെ കുതിച്ചു. അത് ഒടുവിൽ ഫലം കണ്ടു. പലരും കവറുകൾ തരാൻ തുടങ്ങി. പാൽ കവറിന്റെ വശം മാത്രം മുറിക്കാതെ മുകൾ ഭാഗം മുഴുവൻ മുറിച്ച്, ഞങ്ങളവർക്ക് കവർ കഴുകി വൃത്തിയാക്കി കാണിച്ചുകൊടുത്തു. അങ്ങനെ ഓരോ വീട്ടുകാരുടെയും മനോഭാവത്തിലും പെരുമാറ്റത്തിലും മാറ്റംവന്നു. അവർ പറയുന്ന സമയത്ത് ഞങ്ങൾ പ്ലാസ്റ്റിക് ശേഖരിക്കാൻ ചെന്നു. യൂസർഫീയും നൽകി തുടങ്ങി. പിന്നീട് നാട്ടുകാരുടെ ആവശ്യപ്രകാരമാണ് ചെരുപ്പ്, ബാഗ്, മരുന്നുകുപ്പികൾ, ചില്ലുകൾ തുടങ്ങിയവ ശേഖരിക്കാൻ ആരംഭിച്ചത്. അത് വൻ വിജയമായി. പ്ലാസ്റ്റിക്കിനൊപ്പം ഓരോ മാസത്തിലും പ്രത്യേകം സാധനങ്ങൾ കേന്ദ്രീകരിച്ച് ശേഖരിച്ചു.



വാർഡ് തോറും വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് ഞങ്ങൾ വരുന്ന ദിവസം മുൻകൂട്ടി അറിയിക്കും. ജോലിക്ക് പോകുന്നവർ വീടിനുസമീപം പ്ലാസ്റ്റിക് ചാക്കിലാക്കി വെച്ചിരിക്കും. ഇപ്പോൾ ഓരോ വീട്ടുകാർക്കും ഞങ്ങൾ പ്രിയപ്പെട്ടവരാണ്. അവരുടെ സന്തോഷവും സങ്കടവും വരെ ഞങ്ങളോട് പങ്കുവെക്കും. മക്കളും മരുമക്കളും ജോലിക്ക് പോയി ഒറ്റയ്ക്കാവുന്ന അമ്മമാർക്ക് ഞങ്ങളുടെ വരവ് യഥാർഥത്തിൽ വലിയ ആശ്വാസം കൂടിയാണ്.' കാലം മാറ്റത്തിന്റെ മറ്റൊരു കർമപഥം കൂടി കരുതിവെച്ചിരുന്നുവെന്ന് ഇരുവരും നിറവോടെ ഓർക്കുന്നു.

## ഇവിടെ എല്ലാവരും തുല്യർ

കുന്നംകുളം നഗരസഭയിൽ വാർഡ് കേന്ദ്രീകരിച്ച് രാവിലെ എട്ടുമണിക്ക് ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിക്കാ

> **ഇപ്പോൾ ഓരോ വീട്ടുകാർക്കും ഞങ്ങൾ പ്രിയപ്പെട്ടവരാണ്. അവരുടെ സന്തോഷവും സങ്കടവുംവരെ ഞങ്ങളോട് പങ്കുവെക്കും**

നിറങ്ങും. ആറ് ക്ലസ്റ്ററുകളായി തിരിഞ്ഞ് 12 പേരാണ് ഈ ഉദ്യമത്തിന് നേതൃത്വം നൽകുന്നത്. ഒരു വാർഡിലെ അഞ്ഞൂറോളം വീടുകളിലെ പ്ലാസ്റ്റിക്കുകൾ ഉച്ചയ്ക്ക് രണ്ട് മണിയോടെ ശേഖരിക്കും. ക്യൂആർ കോഡ് സംവിധാനം വന്നതോടെ പ്രവർത്തനങ്ങൾ കൂടുതൽ ലളിതമായി.

വാർഡിൽ പ്ലാസ്റ്റിക് ശേഖരണത്തിന് പോകാത്തവർക്ക് മാലിന്യ സംസ്കരണ പ്ലാന്റിലാകും ജോലി. 9.20ന് വന്ന് 9.30ന് പണിയാരംഭിക്കും. കൃത്യനിഷ്ഠ പരമപ്രധാനമാണ്. പ്ലാന്റിൽ പ്ലാസ്റ്റിക്കുകളെ തരംതിരിച്ചെടുക്കും. ഇവിടെ എല്ലാവരും തുല്യരാണ്. എല്ലാവരും എല്ലാ പണിയും ചെയ്യും. മേൽനോട്ടക്കാരും കീഴ്ജീവനക്കാരുമില്ല. അതാണ് ഈ കൂട്ടായ്മയുടെ ഒരുമയും വിജയവും. ഉച്ചയ്ക്ക് ഒരു മണിയ്ക്ക് പണിനിർത്തി ഒരുമിച്ചിരുന്ന് ഉച്ചഭക്ഷണം. ഒരു മണിക്കൂർ വിശ്രമം കഴിഞ്ഞ് രണ്ടുമണിക്ക് വീണ്ടും ജോലി ആരംഭിക്കും. അത് അഞ്ചുമണി വരെ തുടരും. ഈ ജോലിയിലൂടെ മാസംതോറും ശരാശരി 17,000 രൂപ വരുമാനം ലഭിക്കുന്നുണ്ടെന്ന് കുന്നംകുളം നഗരസഭയിലെ ഹരിതകർമ്മ സേനാംഗങ്ങൾ പറയുന്നു. 30,000 വരെ പ്രതിമാസം സമ്പാദിക്കുന്നവർ സംസ്ഥാനത്തുണ്ട്. അംഗങ്ങൾക്ക് മെഡിക്കൽ ചെക്കപ്പും മരുന്നും ലഭിക്കും. എല്ലാം കൊണ്ടും ഇവർ ഹാപ്പിയാണ്.



**2024 മാർച്ച് മുതൽ 2025 ജൂൺ വരെ 1.52 ലക്ഷം മെട്രിക് ടൺ മാലിന്യം ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. പതിനാലായിരം മെട്രിക് ടൺ മറ്റു അജൈവ പാഴ് വസ്തുക്കളും ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറി. ഈ മാലിന്യങ്ങൾ ഒരുപക്ഷേ നമ്മുടെ തെരുവോരങ്ങളിലും ജലാശയങ്ങളിലും വലിച്ചെറിയപ്പെടുകയും പാരിസ്ഥിതിക-മാലിന്യ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമായിരുന്നു. മുമ്പ് സമൂഹം വിലകുറച്ച് കണ്ടിരുന്ന മാലിന്യശേഖരണം അഭിമാനത്തോടെ ഒരു സംരംഭമായി ഏറ്റെടുക്കാനും നാളിതുവരെ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാനും കുടുംബശ്രീ വഴി ഹരിത കർമ്മസേനയ്ക്ക് കഴിയുന്നു എന്നതാണ് ഏറ്റവും പ്രധാനം. ഇതേ കാലയളവിൽ 27.86 കോടി രൂപയുടെ വരുമാനവും തരംതിരിച്ച വസ്തുക്കൾ വിറ്റതിലൂടെ ഹരിതകർമ്മ സേനക്ക് നേടാൻ കഴിഞ്ഞു. 2024 മാർച്ച് വരെ 36000ത്തിലധികം കുടുംബങ്ങൾക്ക് സുസ്ഥിര വരുമാനം ലഭ്യത ഉറപ്പുവരുത്താനും ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിലൂടെ സാധിച്ചു,**



ഹരിതകർമ്മസേനയുടെ പ്രവർത്തനഫലമായി ഉണ്ടായിട്ടുള്ള സാമൂഹികനേട്ടങ്ങളും പരിസ്ഥിതിയിലുണ്ടായിട്ടുള്ള പ്രതിഫലനവും എടുത്തുപറയേണ്ടയാണ്. പൊതുജനങ്ങളുടെ വലിച്ചെറിയൽ പ്രവണത ഒരുപരിധിവരെ ഇല്ലാതാക്കാൻ ഈ ശുചിത്വ സൈന്യത്തിനായി. അതിനാൽ പൊതുവിടങ്ങളിലെ മാലിന്യനിക്ഷേപത്തിലും ഗണ്യമായ കുറവുവന്നു.

സമൂഹത്തിൽ സ്ക്രാപ് പിക്കേഴ്സ് എന്ന വിഭാഗത്തിൽ ഉൾപ്പെട്ട് തൊഴിലെടുക്കുന്നവരോട് നമ്മുടെ സമൂഹം കാണിച്ചിരുന്ന സാമൂഹിക വിവേചനം ഹരിതകർമ്മ സേന സംരംഭങ്ങളുടെ മാതൃകാപരമായ പ്രവർത്തനത്തിലൂടെ മാറ്റിയെടുക്കാൻ കഴിഞ്ഞു. സ്വന്തം വീട്ടുവളപ്പിലെ മാലിന്യം മറ്റൊരാളും സഹിക്കേണ്ടതല്ലെന്നും അത് ഏറ്റവും ശരിയായ രീതിയിൽ സംസ്കരിക്കേണ്ടത് അവനവന്റെ ഉത്തരവാദിത്വമാണെന്നുമുള്ള വലിയ പാഠം പകർന്നുനൽകിയതാണ് ഹരിതകർമ്മ സേനയുടെ മഹത്വം. കാലം നന്മ ചൊരിയുന്ന അതിജീവനത്തിന്റെ പുതുവഴിയിൽ നിറവോടെ പുഞ്ചിരിക്കുന്നു അവർ. ■

>> ഡോ. പി. എസ്. ശ്രീകല
ഡയറക്ടർ, കെ.കെ.ഇ.എം.




# അന്വേഷണത്തിൽ നിന്നും തൊഴിലരങ്ങത്തേക്ക്

**വനിതകൾക്ക് ഉൾപ്പെടെ തൊഴിൽ ലഭ്യത ഉയർത്താനാണ് നോളജ് എക്കോണമി മിഷൻ പരിശ്രമിക്കുന്നത്**

കേരളത്തെ വിജ്ഞാനസമൂഹമായി പരിവർത്തിപ്പിക്കുകയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം. കെ-ഡിസ്കിന്റെ ഭാഗമായി കേരള നോളെജ് ഇക്കോണമി മിഷൻ ഇതിന്റെ പ്രധാന ചാലകശക്തിയാണ്.

2021ൽ നിലവിൽവന്ന നോളെജ് ഇക്കോണമി മിഷൻ ആദ്യമായി ചെയ്തത് അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരുടെ എണ്ണം തിട്ടപ്പെടുത്തുകയായിരുന്നു. കുടുംബശ്രീ പ്രവർത്തകരും സന്നദ്ധപ്രവർത്തകരും ചേർന്ന് നടത്തിയ സർവേയിൽ 53 ലക്ഷം തൊഴിലന്വേഷകർ ഉണ്ടെന്ന് കണ്ടെത്തി. പതിനെട്ടു വയസ്സിനും 59 വയസ്സിനുമിടയിൽ പ്രായമുള്ളവരും പ്ലസ്ടു / പ്രീഡിഗ്രി അടിസ്ഥാനയോഗ്യതയുള്ളവരുമായിരുന്നു ഇവർ. ഇക്കൂട്ടത്തിൽ നാൽപത് വയസ്സിനു താഴെ പ്രായമുള്ളവർ ഏകദേശം മുപ്പതുലക്ഷം ആയിരുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ തയ്യാറാക്കിയ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന പോർട്ടലിൽ തൊഴിലന്വേഷകരെ രജിസ്റ്റർ ചെയ്യിക്കാനാണ് പിന്നീട് ശ്രമിച്ചത്. അതിനായാണ് എന്റെ തൊഴിൽ എന്റെ അഭിമാനം' എന്ന ക്യാമ്പയിൻ ആരംഭിച്ചത്.. സന്നദ്ധപ്രവർത്തകർ അണിനിരണ ഈ ക്യാമ്പയിൻ കുടുംബശ്രീയുടെ നേതൃത്വത്തിൽ രണ്ടാഴ്ചക്കാലംകൊണ്ട് ആറുലക്ഷത്തോളമായി രജിസ്ട്രേഷൻ ഉയർത്തി. ജോലി ആവശ്യമുള്ള മുഴുവൻ പേരെയും പോർട്ടലിൽ രജിസ്റ്റർ ചെയ്യിക്കാനുള്ള ശ്രമങ്ങൾ ഇപ്പോഴും തുടരുന്നു. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കുടുംബശ്രീ മിഷന് കീഴിൽ പ്രത്യേക പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചു. സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, അസി. പ്രോഗ്രാം മാനേജർ, ജില്ലാ പ്രോഗ്രാം മാനേജർമാർ,



കമ്മ്യൂണിറ്റി അംബാസഡർമാർ തുടങ്ങിയവർ ഉൾപ്പെടുന്ന സംവിധാനമാണത്. പ്രാദേശികതലത്തിൽ കുടുംബശ്രീയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

ഇനി വേണ്ടത് തൊഴിലാണ്. തൊഴിൽദാതാക്കളെ കണ്ടെത്തി DWMS ൽ എത്തിക്കാൻ എ.ഐ.സി.ടി അക്കാദമി, സി.ഐ.ഐ എന്നിവരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ആയിരക്കണക്കിന് തൊഴിലുകളും ലക്ഷക്കണക്കിന് തൊഴിലവസരങ്ങളും ഏതുസമയത്തും ലഭ്യമാകുന്നവിധം സജീവമാണ് DWMS സംവിധാനം.

## കണക്ട് കരിയർ ടു കാമ്പസ്

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അവസാനവർഷ വിദ്യാർഥികളെയും പൂർവവിദ്യാർഥികളെയും തൊഴിൽ ലഭ്യതയ്ക്ക് സജ്ജരാക്കാൻ കണക്ട് കരിയർ ടു കാമ്പസ് (CCC) എന്ന പ്രോഗ്രാമിന് രൂപം നൽകി. അതോടൊപ്പം, പാർശ്വവൽക്കൃത വിഭാഗങ്ങളെയും സ്ത്രീകളെയും കേന്ദ്രീകരിക്കുന്ന






സവിശേഷ പദ്ധതികൾ അതത് സർക്കാർ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിച്ചു. സാമൂഹ്യനീതി വകുപ്പ് ട്രാൻസ്ജെൻഡർ വ്യക്തികൾക്കുവേണ്ടി പ്രൈഡ്, ഭിന്നശേഷിക്കാർക്കായി സമഗ്ര, ഫിഷറീസ് വകുപ്പ് (തൊഴിൽതീരം), ന്യൂനപക്ഷക്ഷേമ വകുപ്പ് (സമന്വയം), പട്ടികജാതി - പട്ടികവർഗ പിന്നാക്കവിഭാഗ ക്ഷേമ വകുപ്പ് (ഉന്നതി), വനിതാശിശു വികസന വകുപ്പ് (തൊഴിലരങ്ങത്തേക്ക്, കരിയർ ബ്രേക്ക് വന്ന സ്ത്രീകൾക്കായി ബാക്ക് ടു വർക്ക്), തദ്ദേശസ്വയംഭരണ വകുപ്പ് (ലൈഫ് മിഷൻ ഗുണഭോക്തൃകുടുംബങ്ങൾക്ക് വേണ്ടി ജീവനം), പൊതുവിദ്യാഭ്യാസ വകുപ്പ് (സ്കോൾ കേരളയിലെ സ്കിൽ കോഴ്സുകൾ പൂർത്തീകരിക്കുന്നവർക്ക് വേണ്ടി പടവുകൾ) തുടങ്ങിയ വകുപ്പുകളുടെ പിന്തുണ ലഭിച്ചു.

ഇതിന്റെയെല്ലാം ഫലമായി DWMS ൽ തൊഴിലന്വേഷകരുടെ എണ്ണം 18 ലക്ഷത്തോളമായി. എന്നാൽ അപ്പോഴും ലഭ്യമായ തൊഴിലുകളുടെ എണ്ണം രണ്ടുലക്ഷത്തിൽ താഴെ മാത്രമായിരുന്നു. തൊഴിലിന് ആവശ്യമായ സ്കിൽ ഉദ്യോഗാർഥികൾക്കുണ്ടോ എന്ന് പരിശോധിക്കുന്ന സംവിധാനം DWMS ന്റെ ഭാഗമായി ഉണ്ടെങ്കിലും അത് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല എന്നതാണ് ഒരു കാരണം. അതുകൊണ്ടു തന്നെ തൊഴിലിന് ആവശ്യമായ സ്കില്ലിങ് നൽകുന്ന കാര്യത്തിലും ഉദ്ദേശിച്ച രീതിയിൽ മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. അപ്പോഴാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാധ്യത തെളിഞ്ഞുവന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ നോളെജ് ഇക്കോണമി മിഷന്റെ ഭാഗമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിക്കുന്നത് പരിഗണിക്കുന്നതിന് അനുകൂലമായ സർക്കാർ ഉത്തരവ് 2023 ഒക്ടോബറിൽ പുറപ്പെടുവിച്ചു.

> ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അവസാനവർഷ വിദ്യാർഥികളെയും പൂർവവിദ്യാർഥികളെയും തൊഴിൽ ലഭ്യതയ്ക്ക് സജ്ജരാക്കാൻ കണക്ട് കരിയർ ടു കാമ്പസ് (CCC) എന്ന പ്രോഗ്രാമിന് രൂപം നൽകി

തൊഴിൽ ലഭ്യതയുടെ എണ്ണം കുറയാൻ മറ്റൊരു കാരണം തൊഴിലിന്റെ സ്വഭാവവും തൊഴിലന്വേഷകരുടെ പ്രതീക്ഷയും തമ്മിലുള്ള അകലമാണ്. DWMS ലേക്ക് വരുന്ന തൊഴിലുകളോട് തൊഴിലന്വേഷകർക്ക് താൽപര്യക്കാൾ പ്രയോജനപ്പെടുക തൊഴിൽ അന്വേഷകരുമായി നേരിട്ടുള്ള ബന്ധപ്പെടലാണെന്ന് തിരിച്ചറിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ്തലത്തിൽ ജനകീയമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തി. കൂടാതെ ബൈസൻവാലി ഗ്രാമപഞ്ചായത്ത്, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്, സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി, കൊല്ലം കോർപ്പറേഷൻ എന്നിവിടങ്ങളിലും വാർഡ്തലത്തിൽ പ്രവർത്തനങ്ങൾ വിപുലീകരിച്ചു. കൂടുതൽ പ്രാദേശിക തൊഴിൽദാതാക്കളെ കണ്ടെത്തി. ഈ പ്രവർത്തനം വിജയകരമാണെന്ന് കണ്ടതിനെത്തുടർന്ന്, വർക്കല, കളമശ്ശേരി, ഒറ്റപ്പാലം എന്നീ നിയോജകമണ്ഡലങ്ങളിലെ ജനപ്രതിനിധികൾ അവരുടെ മണ്ഡലങ്ങളിൽ പദ്ധതിയുടെ പ്രവർത്തനത്തിന് നേതൃത്വം നൽകാൻ തയ്യാറാണെന്ന് അറിയിച്ചു.

ഇതിനിടയിൽ തളിപ്പറമ്പിൽ ആരംഭിച്ച ജോബ് സ്റ്റേഷനുകൾ മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കി. കോളേജ് അധ്യാപകർ തൊഴിലന്വേഷകർക്ക് ആത്മവിശ്വാസവും പരിശീലനവും നൽകാൻ സന്നദ്ധരായി മുന്നോട്ടുവന്നു. മൈഗ്രേഷൻ കോൺക്ലേവിനെ തുടർന്ന് വിജ്ഞാന പത്തനംതിട്ട എന്ന പദ്ധതി ജില്ലാതലത്തിൽ നടപ്പിലാക്കിയതും ജനകീയമായ പ്രവർത്തനമാണ് ഫലപ്രദമാകുക എന്ന് ബോധ്യപ്പെടുത്തി.

ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ നിന്ന് ലഭിച്ച അനുഭവപാഠങ്ങൾ ഉൾക്കൊണ്ടും വെല്ലുവിളികൾ മനസ്സിലാക്കിയും അതിജീവിക്കാനുള്ള മാർഗങ്ങൾ കണ്ടെത്തിയും ലക്ഷ്യത്തിലെത്താനാണ് നോളെജ് ഇക്കോണമി മിഷൻ ശ്രമിക്കുന്നത്.■

സംരംഭകരാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്കായി വിവിധ വകുപ്പുകൾ ആവിഷ്കരിച്ച ധനസഹായ പദ്ധതികൾ അറിയാം



# സംരംഭകത്വം
# സ്വപ്നങ്ങൾക്ക് ചിറകേകും പദ്ധതികൾ

സംരംഭം ആരംഭിക്കാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് പ്രോത്സാഹനം നൽകുന്നതിന് വിവിധ വകുപ്പുകളും സർക്കാർ ഏജൻസികളും മുന്നോട്ടുവരുന്നുണ്ട്. ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിനുപുറമെ ധനസഹായ പദ്ധതികളും നടപ്പിലാക്കുന്നു. വിവിധ കേന്ദ്രങ്ങളിൽനിന്ന് ലഭ്യമാക്കേണ്ട അനുമതികളും ലൈസൻസുകളും ഒരൊറ്റ പോർട്ടൽ വഴിയാക്കുന്ന സുപ്രധാന ചുവടുവയ്പ് വ്യവസായ വകുപ്പ് കൈക്കൊണ്ടു. സംരംഭക വർഷം പദ്ധതിയിലൂടെ മൂന്നരലക്ഷം സംരംഭങ്ങൾ ആരംഭിച്ചതിൽ ഒരു ലക്ഷത്തിലധികം വനിതാ സംരംഭകരാണ്. പദ്ധതി വഴി 7,49,712 തൊഴിലവസരങ്ങളാണ് ആകെ സൃഷ്ടിക്കപ്പെട്ടത്.

## വ്യവസായ വകുപ്പിന്റെ പദ്ധതികൾ

സംസ്ഥാനത്ത് വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലകളിൽ ആരംഭിക്കുന്ന സ്ത്രീ സംരംഭകർക്ക് പ്രോത്സാഹനവും കൂടുതൽ പ്രാധാന്യം നൽകിവരുന്നുണ്ട്.

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി 2012 മുതൽ നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതിയിൽ വനിത സംരംഭങ്ങൾക്ക് 10ശതമാനം സബ്സിഡി അധികമായി നൽകുന്നു. പദ്ധതിപ്രകാരം ഒരു വനിതാ സംരംഭത്തിന് പരമാവധി 40 ലക്ഷം രൂപവരെ പദ്ധതി മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായി ലഭിക്കുന്നു.

ഉൽപാദന മേഖല, മൂല്യാധിഷ്ഠിത പ്രവർത്ത

## വ്യവസായസൗഹൃദം വെറുംവാക്കല്ല

# കടൽകടന്ന് അവാനയുടെ വിജയം

ഫാഷൻ ഡിസൈനിങ്ങിലൂടെ രാജ്യാന്തര വിപണിയിലും ഇടം കണ്ടെത്തുകയാണ് മലപ്പുറം എടപ്പാൾ സ്വദേശി അശ്വതി ബാലകൃഷ്ണൻ. ആറ് ലക്ഷം രൂപ മുടക്കുമുതലും രണ്ട് സഹായികളുമായി തുടങ്ങിയ അവാന ഡിസൈനേഴ്സ് സ്റ്റുഡിയോ ഇന്ന് സ്വന്തമായി 1500 സ്ക്വയർ ഫീറ്റ് കെട്ടിടവും 12 ജീവനക്കാരുമായി വളർന്നു. അഞ്ച് രാജ്യങ്ങളിൽ വിപണിയും കണ്ടെത്തി.

തൃശൂർ തൈക്കാട്ടുശ്ശേരി സ്വദേശിയായ അശ്വതിക്ക് ചെറുപ്പം മുതലേ ചിത്രരചനയിലായിരുന്നു താല്പര്യം. സർഗാത്മക മേഖലയിൽ തൊഴിൽ കണ്ടെത്തണമെന്നായിരുന്നു മോഹം. സുവോളജിയിൽ ബിരുദം നേടിയ ശേഷം ഫാഷൻ ഡിസൈനിങ്ങിൽ ഡിപ്ലോമ നേടി. പിന്നീട് കേരളവർമ



അശ്വതി ബാലകൃഷ്ണൻ

കോളേജിൽ എം.എക്ക് ചേർന്നു. വിവാഹിതയായി എടപ്പാളിലെത്തിയ ശേഷമാണ് ചെറിയൊരു സ്ഥാപനം തുടങ്ങിയത്.

സംരംഭം തുടങ്ങാനുള്ള ആഗ്രഹവുമായി ആദ്യം സമീപിച്ചത് താലൂക്ക് വ്യവസായകേന്ദ്രത്തെയാണ്. വ്യവസായകേന്ദ്രത്തിന്റെ സഹായത്തോടെ കാനറാബാങ്കിനെ സമീപിച്ചു. ദിവസങ്ങൾക്കുള്ളിൽ വായ്പാതുക കൈയിലെത്തി.

കുടുംബശ്രീയിൽനിന്ന് ഒരു ലക്ഷം രൂപയുടെ സഹായം ലഭിക്കാനും പ്രയാസമുണ്ടായില്ല. വാടകയ്ക്ക് ചെറിയ ഷോപ്പെടുത്ത് സംരംഭം തുടങ്ങി. ഇന്ന് ഓസ്ട്രേലിയ, യു.കെ, യു.എസ്.എ, അയർലാൻഡ്, അബുദാബി എന്നീ രാജ്യങ്ങളിൽ അവാനയുടെ വസ്ത്രങ്ങൾക്ക് ഓഡറുണ്ട്. ഉത്തരേന്ത്യയിൽ നിന്നാണ് മെറ്റീരിയൽ എത്തിക്കുന്നത്. 'കൂട്ടായ സംരംഭങ്ങൾക്കും ചെറുകിട സംരംഭങ്ങൾക്കും മാത്രമാണ് സർക്കാർ ധനസഹായം ലഭിക്കുന്നതെന്ന തെറ്റിധാരണമാറി. ജില്ലാ വ്യവസായ കേന്ദ്രം അതിന് കൃത്യമായ മാർഗനിർദേശങ്ങൾ നൽകുന്നുണ്ട്. കേരളത്തിലെ വ്യവസായ സൗഹൃദാന്തരീക്ഷം പ്രയോജനപ്പെടുത്താൻ സംരംഭക തൽപരരായ സ്ത്രീകൾ മുന്നോട്ടുവരണമെന്നാണ് അശ്വതി ബാലകൃഷ്ണന്റെ നിർദേശം.

നങ്ങൾ നടത്തുന്ന സേവന മേഖല എന്നീ മേഖലകളിൽ ബാങ്ക് വായ്പ എടുത്ത് പുതു സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതി ആണ്

### മാർജിൻ മണി ഗ്രാന്റ് റ്റു നാനോ യൂണിറ്റ് പദ്ധതി

ആകെ പദ്ധതിച്ചെലവ് 10 ലക്ഷം രൂപ വരെയുള്ള സംരംഭങ്ങൾക്ക് ആണ് ആനുകൂല്യം ലഭിക്കുന്നത്. പൊതുവിഭാഗത്തിന് മൂന്ന് ലക്ഷം രൂപവരെ ആനുകൂല്യം ലഭ്യമാകുമ്പോൾ വനിതാസംരംഭങ്ങൾക്ക് നാല് ലക്ഷം രൂപവരെ ആനുകൂല്യം ലഭിക്കുന്നു. പദ്ധതിയുടെ 30 ശതമാനം ഗുണഭോക്താക്കൾ സ്ത്രീ സംരംഭകരായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

### ഒരു കുടുംബം ഒരു സംരംഭം പദ്ധതി

ഉൽപ്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനു വിഭാവനം ചെയ്തു നടപ്പിലാക്കുന്ന പദ്ധതി ആണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി. പദ്ധതി പ്രകാരം ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ നാല് ശതമാനത്തിൽ അധികരിച്ചുള്ള പലിശയിൽ ആറ് ശതമാനം വരെ ഇളവ് ധനസഹായമായി ലഭിക്കുന്നു. പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കണമെന്ന് നിബന്ധനയുണ്ട്.

### കെഎസ്ഐഡിയുടെ വി മിഷൻ

വി മിഷൻ പദ്ധതിയിലൂടെ നിലവിലുള്ള വനിതാസംരംഭകരെ അവരുടെ ബിസിനസ്സ് വർധിപ്പിക്കാൻ ഫാക്ടറിയുടെ വിപുലീകരണം / ആധുനികവൽക്കരണം/ ബൾക്ക് ഓർഡറുകൾ /സർട്ടിഫിക്കേഷൻ, ഐഎസ്ഒ, എഫ്എസ്എസ്എഐ, അഗ്മാർക്, പേറ്റന്റുകൾ, വ്യാപാരമുദ്രകൾ തുടങ്ങിയ അംഗീകാരങ്ങൾ നിറവേറ്റുന്നതിനുള്ള ഉപകരണങ്ങൾ/അസംസ്കൃത വസ്തുക്കൾ വാങ്ങൽ, പ്രവർത്തനങ്ങളുടെ വൈവിധ്യവൽക്കരണം എന്നിവയ്ക്കായി 7.50 ശതമാനം പലിശ യിൽ 50 ലക്ഷം രൂപ വരെ വായ്പയായി നൽകുന്നു.

പദ്ധതിച്ചെലവിന്റെ 80 ശതമാനംവരെ വായ്പ നൽകും. തിരിച്ചടവ് കാലാവധി ആറ് വർഷം. അതിൽ ആറ് മാസം മൊറട്ടോറിയം ലഭിക്കും. നിലവിൽ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്.

### സംസ്ഥാന വനിതാവികസന കോർപറേഷൻ

വായ്പാ വിതരണത്തിൽ റെക്കോഡ് നേട്ടമാണ് വനിതാവികസന കോർപറേഷൻ കൈവരിച്ചത്. വാർഷിക വായ്പാവിതരണം ശരാശരി 40 കോടി രൂപയിൽനിന്നും 340 കോടിയിലധികമായും പ്രതിവർഷ വായ്പാ തിരിച്ചടവ് ശരാശരി 35 കോടിയിൽനിന്നും 214 കോടിയിലേക്കും വളർന്നു.

കോർപ്പറേഷന്റെ സംരംഭകത്വ വികസന പരിശീലന പരിപാടിയിലൂടെ സംസ്ഥാനത്തെ 18നും 55നും മധ്യേ പ്രായമുള്ള 1500 വനിതകൾക്കും 78 ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സംരംഭകത്വ വികസന പരിശീലനം നൽകി. സംരംഭകത്വത്തിലേക്ക് വരുന്ന സ്ത്രീകൾക്കും ട്രാൻസ് വ്യക്തികൾക്കും സംരംഭം തുടങ്ങുന്നതിന് ആവശ്യമായ ഉപദേശനിർദേശങ്ങൾ നൽകുന്നതിനും സാമ്പത്തിക, സാങ്കേതിക, മാർക്കറ്റിങ് സഹായങ്ങൾ കോർത്തിണക്കുന്നതിനും പ്രതിസന്ധിഘട്ടത്തിൽ കൈത്താങ്ങ് കൊടുക്കുന്നതിനുമായി ഒരു പ്രോജക്റ്റ് കൺസൾട്ടൻസി വിങ്ങ് രൂപവൽക്കരിക്കുന്നതിനുള്ള നടപടികളിലാണ് കോർപ്പറേഷൻ.

കോർപ്പറേഷന്റെ റീച്ച് ഫിനിഷിങ് സ്കൂളുകളിൽ നടപ്പാക്കിവരുന്ന വിവിധ തൊഴിൽ പരിശീലന/ നൈപുണ്യ വികസന പരിപാടികളിലൂടെ വനിതകൾക്ക് പരിശീലനം നൽകുന്നു. വനിതാ പോളിടെക്നിക് കോളേജുകളിലെ അവസാനവർഷ വിദ്യാർഥിനികൾക്കുള്ള ഫിനിഷിങ് പരിശീലനം ലീഡ് കോർപ്പറേഷന്റെ റീച്ച് ഫിനിഷിങ് സ്കൂൾ മുഖേന ലഭ്യമാക്കി. ■

**2024-25 കാലത്ത് സാഫ് യൂണിറ്റുകളുടെ വിറ്റുവരവ് 150.95 കോടിയാണ്. വനിതാ ശാക്തീകരണത്തിനും സാമ്പത്തിക ഉന്നമനത്തിനും ഊന്നൽ നൽകുന്നതാണ് ഫിഷറീസ് വകുപ്പ് സാഫ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ**

# സാഫ്
# കടലോര ജനതയുടെ സ്ത്രീശക്തി



ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൻ (സാഫ്) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണത്തിലും സമഗ്ര വികസനത്തിലും കൈവരിച്ച നേട്ടങ്ങൾ ശ്രദ്ധേയമാണ്. നാല് വർഷത്തിനുള്ളിൽ വിവിധ പദ്ധതികളിലായി 29.98 കോടി രൂപയാണ് സാഫ് ചെലവഴിച്ചത്. മത്സ്യത്തൊഴിലാളി സമൂഹത്തിലെ വനിതകളെ സംരംഭകരാക്കി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് ലക്ഷ്യം.

സാഫിന്റെ മുൻനിര പദ്ധതികളിലൊന്നായ തീരമൈത്രി-ചെറുകിട തൊഴിൽ സംരംഭങ്ങളിലൂടെ സംസ്ഥാനത്തുടനീളം രണ്ടുമുതൽ അഞ്ചുവരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന നിരവധി യൂണിറ്റുകൾ ആരംഭിച്ചു. ഒരു യൂണിറ്റിന് അഞ്ചുലക്ഷം രൂപവരെ ഗ്രാന്റ് ലഭ്യമാക്കുന്ന ഈ പദ്ധതിയിലൂടെ ടൈലറിങ് & ഗാർമെന്റ്സ്, ബ്യൂട്ടിപാർലർ, ഡ്രൈഫിഷ് യൂണിറ്റ്, കാറ്ററിങ് & റെസ്റ്റോറന്റ്, പ്രൊവിഷൻ സ്റ്റോർ, ഹോട്ടൽ, മിനി സൂപ്പർമാർക്കറ്റുകൾ, ട്യൂഷൻ സെന്ററുകൾ, ഫ്ളോർ മില്ലുകൾ, ബേക്കറി, മെഡിക്കൽ ലാബ്, ഡ്രൈവിങ് സ്കൂൾ തുടങ്ങി വൈവിധ്യമാർന്ന സംരംഭങ്ങൾക്കാണ് തുടക്കമിട്ടത്.

മത്സ്യക്കച്ചവടം ചെയ്യാനും മത്സ്യാനുബന്ധ മേഖലയിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലെടുക്കാനുള്ള പ്രവർത്തന മൂലധനമായി വർക്കിങ് ക്യാപിറ്റൽ റിവോൾവിങ് ഫണ്ട് അനുവദിച്ചു.




2024-25 സാമ്പത്തികവർഷത്തിൽ 856 ഗ്രൂപ്പുകളിലെ 4280 ഗുണഭോക്താക്കൾക്കായി 812.50 ലക്ഷം രൂപ വിതരണം ചെയ്തു. 2021 മുതൽ ഇതുവരെ ആകെ 3527 ഗ്രൂപ്പുകളിലായി 17635 ഗുണഭോക്താക്കൾക്കായി 2501.50 ലക്ഷം രൂപയാണ് വിതരണം ചെയ്തത്.

സംരംഭങ്ങളുടെ സുസ്ഥിരമായ നിലനിൽപ്പിനും ഉപജീവന പ്രവർത്തനങ്ങൾക്കുമായി സാഫ് പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നു. സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുൻപ് വനിതകളെ പ്രാപ്തരാക്കാൻ അച്ചീവ്മെന്റ് മോട്ടിവേഷൻ ട്രെയിനിങ്, മാനേജ്മെന്റ് ട്രെയിനിങ്, ബുക്ക് കീപ്പിങ് & അക്കൗണ്ടിങ് ട്രെയിനിങ് തുടങ്ങിയ വിവിധ പരിശീലന പരിപാടികളും നൽകിവരുന്നു.

ഉൽപ്പന്നങ്ങൾക്ക് പ്രാദേശിക വിപണി കണ്ടെത്തുന്നതിനും ശക്തമായ മത്സരം നേരിടുന്നതിനും വിൽപന വർധിപ്പിക്കാനുമായി തീരമൈത്രി ബ്രാൻഡിങ് & മാർക്കറ്റിങ് സംവിധാനം സാഫ് ഒരുക്കി നൽകുന്നു. എക്സിബിഷനുകളിലും പ്രധാനപ്പെട്ട ആഘോഷങ്ങളുമായി ബന്ധപ്പെട്ടും സ്റ്റാളുകൾ സജ്ജീകരിച്ച് സംസ്ഥാനത്തും ദേശീയ തലത്തിലും പ്രദർശന വിപണന മേളകളിൽ സജീവമായി പങ്കെടുക്കുന്നു. ക്യൂആർ കോഡ്, ഓൺലൈൻ പെയ്മെന്റ് തുടങ്ങിയവയിലൂടെ ഓൺലൈൻ മാർക്കറ്റിങ് സാധ്യതകളും ശക്തിപ്പെടുത്തി. എല്ലാ വർഷവും നവംബർ 14 മുതൽ 27 വരെ ഡൽഹിയിൽ നടക്കുന്ന ഭാരത അന്താരാഷ്ട്ര മേളയിൽ സാഫ് ഉൽപ്പന്നങ്ങൾ പങ്കെടുക്കുന്നു എന്നത് അഭിമാനകരമാണ്. 2024-25 കാലത്ത് സാഫ് യൂണിറ്റുകളുടെ വിറ്റുവരവ് 150.95 കോടിയാണ് എന്നത് ഈ പദ്ധതിയുടെ വിജയത്തിന് തെളിവാണ്.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലായി 54 ഓളം പേർക്ക് ഇതിനകം ചികിത്സ നൽകിയിട്ടുണ്ട്. തീരദേശ ജില്ലകളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അംഗങ്ങൾക്കും സാഫ് ഗുണഭോക്താക്കൾക്കും മാനസികാരോഗ്യ സേവനങ്ങളും നൽകിവരുന്നു.■

**2021 മുതൽ ഇതുവരെ ആകെ 3527 ഗ്രൂപ്പുകളിലായി 17635 ഗുണഭോക്താക്കൾക്കായി 2501.50 ലക്ഷം രൂപയാണ് വിതരണം ചെയ്തത്.**



## പലിശരഹിത വായ്പകൾ

**ബിസിനസ് മെച്ചപ്പെടുത്താനായി പലിശയില്ലാതെ നൽകുന്ന വർക്കിങ് ക്യാപിറ്റൽ റിവോൾവിങ് ഫണ്ട് ധനസഹായം വലിയൊരു പിന്തുണയാണ്. എല്ലാ ചെറുകിട സംരംഭങ്ങൾക്കും വിവിധഘട്ടങ്ങളിലായി 25,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും, സൂപ്പർമാർക്കറ്റുകൾ, കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾ, സീ ഫുഡ് സെന്ററുകൾ എന്നിവയ്ക്ക് 1.50 ലക്ഷം രൂപ വരെയും പലിശരഹിത വായ്പ അനുവദിച്ചിട്ടുണ്ട്. ഈ നാല് വർഷ കാലയളവിൽ 480 ലക്ഷം രൂപ റിവോൾവ് ചെയ്തുവരുന്നു. സംരംഭങ്ങളുടെ സാങ്കേതിക നവീകരണത്തിനും നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനും ടെക്നോളജി ഇംപ്രൂവ്മെന്റ് ധനസഹായം ഒരു ഗ്രൂപ്പിന് 50,000 രൂപ വരെ തിരിച്ചടവില്ലാത്ത ഗ്രാന്റായി അനുവദിച്ചു. ആക്ടിവിറ്റി ഗ്രൂപ്പുകളെ ബിസിനസ് ഗ്രൂപ്പുകളായി ഉയർത്തുന്നതിന്റെ ഭാഗമായി ഗ്രൂപ്പുകൾക്ക് അഞ്ചുലക്ഷം രൂപ വരെ ലോൺ സൗകര്യവും ഒരുക്കുന്നുണ്ട്.**

അനിഷ രുദ്രാണി
ഐപിആർഡി

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സാമൂഹിക ഏകീകരണത്തിനും അതുവഴി സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനം കൈവരിക്കുന്നതിനും പ്രാപ്തരാക്കുന്ന നിരവധി പദ്ധതികൾ നിലവിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്നു.

# ദ്വന്ദ്വങ്ങളിൽ കുടുങ്ങാത്ത ലിംഗനീതി



.കോഴിക്കോട് നടന്ന ട്രാൻസ്ജെന്റർ കലോത്സവത്തിൽ ഓവറോൾ ജേതാക്കളായ തിരുവനന്തപുരം ജില്ലയ്ക്ക് മന്ത്രി ആർ ബിന്ദു ട്രോഫി നൽകുന്നു

ലൈംഗിക ന്യൂനപക്ഷത്തെ തീണ്ടാപ്പാടകലെ നിർത്തുകയും അവഗണിക്കുകയും അവഹേളിക്കുകയും ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. മനുഷ്യരെ ആണായും പെണ്ണായും മാത്രം കാണാൻ സാധിച്ചിരുന്നൊരു കാലത്തുനിന്നും സമൂഹത്തിൽ ദ്വന്ദ്വങ്ങളിൽ പെടാത്ത മനുഷ്യരുണ്ടെന്നും സാമൂഹിക നീതിയും സംരക്ഷണവും അവരുടെക്കൂടി അവകാശമാണെന്നും ബോധ്യപ്പെടാൻ വർഷങ്ങളുടെ പരിശ്രമം വേണ്ടിവന്നു. അവകാശങ്ങൾക്കുവേണ്ടി അവർ മുറവിളികൾ കൂട്ടി, നിരന്തരം സമരം ചെയ്തു, കുടുംബത്തിലെയും സമൂഹത്തിലെയും കുറ്റപ്പെടുത്തലുകളെ അവഗണിച്ചു. നിരവധി പദ്ധതികളിലൂടെയും ബോധവൽക്കരണത്തിലൂടെയും സാമൂഹ്യനീതി വകുപ്പ് ട്രാൻസ്ജെൻഡർ സമൂഹത്തെ പൊതുസമൂഹത്തിന്റെ ഭാഗമാണെന്ന് അടയാളപ്പെടുത്തി. കേരള ട്രാൻസ്ജെൻഡർ നയം നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറി. ലിംഗനീതിയും ലിംഗസമത്വവും അനുഭവിക്കാൻ കഴിയാതെപോകുന്ന വിഭാഗമെ



ന്ന നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സാമൂഹിക ഏകീകരണത്തിനും അതുവഴി സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനം കൈവരിക്കുന്നതിനും പ്രാപ്തരാക്കുന്ന നിരവധി പദ്ധതികൾ നിലവിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്നു.

### ഭവന പദ്ധതി

പാർപ്പിടമാണ് ട്രാൻസ്ജെൻഡർ വ്യക്തികൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. സ്വന്തമായി ഭൂമിയുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വീടുനിർമ്മിക്കാൻ ധനസഹായം നൽകുക, ഭൂരഹിതരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും ധനസഹായം നൽകുക എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 50 ലക്ഷം രൂപയാണ് സർക്കാർ അനുവദിച്ചത്.

### ക്രൈസിസ് ഇന്റർവെൻഷൻ സെന്റർ

ട്രാൻസ്ജെൻഡർ വ്യക്തികൾ നേരിടുന്ന ലൈംഗിക-ശാരീരിക-മാനസിക അതിക്രമങ്ങൾ, അപകടങ്ങൾ, ലിംഗമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട പരാതികൾ എന്നിവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനായി രൂപീകരിച്ചതാണ് ക്രൈസിസ് ഇന്റർവെൻഷൻ സെന്റർ. ട്രാൻസ്ജെൻഡർ വ്യക്തികൾ ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധികളിൽ അകപ്പെടുമ്പോൾ നൽകപ്പെടുന്ന അടിയന്തരവും താത്ക്കാലികവുമായ പരിചരണമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. സാധാരണ നിലയിലേക്ക് മടക്കിക്കൊണ്ടുവരാൻ ഈ പദ്ധതി സഹായിക്കും.

### പ്രതിഭ പദ്ധതി

സംസ്ഥാന-ദേശീയ-അന്തർദേശീയ തലത്തിൽ ബോഡി ബിൽഡിങ് ചാമ്പ്യൻഷിപ്പുകളിൽ മത്സരിക്കുന്നതിന് പരിശീലനം നേടുന്നതിനും സൗന്ദര്യ മത്സരം, മറ്റ് കലാ-കായിക മത്സരങ്ങൾ എന്നിവയിൽ പങ്കെടുക്കുന്നതിനും ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സാമൂഹ്യനീതി വകുപ്പ് ധനസഹായം അനുവദിക്കുന്നതാണ് പ്രതിഭ പദ്ധതി.

### അനന്യം

ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാഭിരുചി തിരിച്ചറിഞ്ഞ് ആവശ്യമായ പരിശീലനം നൽകി സർക്കാർ നടത്തുന്ന വിവിധ കലാപരിപാടികളിൽ കലാപ്രകടനത്തിന് അവസരം ഒരുക്കുക എന്നതാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഗുരു ഗോപിനാഥ് നടനഗ്രാമത്തിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. നൃത്തം, സംഗീതം, അഭിനയം, നാടോടികലകൾ, ഗോത്രകലകൾ എന്നിവയിൽ പ്രാവീണ്യവും വൈദഗ്ധ്യവുമുള്ള 30 ട്രാൻസ്ജെൻഡർ വ്യക്തികളെയാണ് ഈ പരിപാടിയിലേക്ക് തിരഞ്ഞെടുത്തിട്ടുള്ളത്. ■

## ഒട്ടേറെ ധനസഹായ പദ്ധതികൾ

**പി.എസ്.സി, യു.പി.എസ്.സി, ബാങ്ക് സർവീസ്, യു.ജി.സി/നെറ്റ്/ജെ.ആർ.എഫ്, CAT/MAT തുടങ്ങിയ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സാമ്പത്തിക സഹായം നൽകുന്ന യത്നം പദ്ധതി, തൊഴിൽ പരിശീലനം നൽകുന്ന സാകല്യം പദ്ധതി, ലിംഗമാറ്റ ശസ്ത്രക്രിയയുടെ ഭാഗമായി സംഭവിക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സഹായിക്കുന്ന കരുതൽ പദ്ധതി, വിദൂരവിദ്യാഭ്യാസ സാമ്പത്തിക സഹായ പദ്ധതി, പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിനുള്ള സഫലം പദ്ധതി, സ്വയംതൊഴിൽ ധനസഹായം, സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി, വിവാഹ ധനസഹായം, ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് നൽകുന്ന ധനസഹായം, സ്കോളർഷിപ്പ് തുടങ്ങി ധാരാളം പദ്ധതികൾ നിലവിൽ സർക്കാർ നടപ്പിലാക്കുന്നുണ്ട്.**

**കേരള ട്രാൻസ്ജെൻഡർ നയം നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറി**

**ശ്യാമ എസ് പ്രഭ**
സ്റ്റേറ്റ് ട്രാൻസ്ജെൻഡർ സെൽ ബോർഡ് അംഗം
പ്രോജക്റ്റ് ഓഫീസർ



**നിയമനിർമ്മാണമുൾപ്പെടെയുള്ള മേഖലകളിൽ ട്രാൻസ് സമൂഹത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കിയാൽ നല്ല മാറ്റങ്ങൾ ഉണ്ടാകുമെന്ന വിശ്വാസമുണ്ട്. ഈ സർക്കാർ ഒപ്പമുണ്ടെന്ന ആത്മവിശ്വാസവുമുണ്ട്**

# സർക്കാർ ഒപ്പമുണ്ടെന്ന ആത്മവിശ്വാസം



സാമൂഹികമായ ചൂഷണങ്ങൾക്കും അധിക്ഷേപങ്ങൾക്കും വിധേയരായ മനുഷ്യരാണ് നോൺ-ബൈനറി വിഭാഗത്തിലുള്ള ജനങ്ങളെല്ലാം. ഒരുകാലത്ത് പൊതുവിടങ്ങൾ ഇവർക്ക് അപ്രാപ്യമായിരുന്നു. സാധാരണമനുഷ്യരെപ്പോലെ അവരെ കാണാനോ അംഗീകരിക്കാനോ സമൂഹത്തിന് കഴിഞ്ഞിരുന്നില്ല. പ്രത്യുൽപ്പാദനം എന്ന വിഷയം പാഠപുസ്തകത്തിൽ ഉണ്ടെങ്കിലും ക്ലാസ്സിൽ പഠിപ്പിക്കാൻ മുതിരാത്ത അധ്യാപകർ 'അത് വീട്ടിൽ പോയി വായിച്ചാൽ മതി,' എന്നാണ് കുട്ടികളോട് പറഞ്ഞിരുന്നത്. എന്നാൽ ഇന്ന് സ്ഥിതി മാറി. അക്കാദമിക രംഗത്തെ ഈ മാറ്റം മറ്റ് പല മേഖലയിലും മാറ്റം കൊണ്ടുവരാൻ കാരണമായിട്ടുണ്ട്.

സാധാരണരീതിയിൽ സ്ത്രീകളുടെയോ പുരുഷന്മാരുടെയോ പ്രതിഷേധങ്ങളെ സാമാന്യവൽക്കരിക്കാറില്ല. എന്നാൽ ഞങ്ങൾ പ്രതിഷേധിക്കുമ്പോൾ ഇതേ സമൂഹം പ്രതികരിക്കുന്നത് മറ്റൊരു രീതിയിലാണ്. 'ട്രാൻസ്ജെൻഡർമാർ മുഴുവൻ പ്രശ്നക്കാരാണ്' എന്നൊരു പൊതുബോധം എല്ലായിടങ്ങളിലും, പ്രത്യേകിച്ച് സോഷ്യൽ മീഡിയയിൽ, കാണാറുണ്ട്. ഇത് തിരുത്തപ്പെടേണ്ടതാണ്.

ട്രാൻസ്ജെൻഡർ വ്യക്തികളോടുള്ള സമൂഹത്തിന്റെ മനോഭാവത്തിൽ ഏറെ മാറ്റമുണ്ടായിട്ടുണ്ട്. പോലീസിന്റെ സമീപനത്തിലുണ്ടായ മാറ്റം എടുത്തുപറയേണ്ടതാണ്. ബോധവൽക്കരണത്തിലൂടെയും വിദ്യാഭ്യാസത്തിലൂടെയുമാണ് ഇത് സാധ്യമായത്. സംസ്ഥാന സർക്കാർ ഈ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്. ക്യാമ്പസുകളിൽ തുടക്കമിട്ട ക്വിയർ ക്ലബ്ബുകൾ, പ്രൈഡ് എന്ന ക്വിയർ മനുഷ്യരുടെ കൂട്ടായ്മ, അനന്യം പദ്ധതി ഇതൊക്കെ ഞങ്ങൾക്ക് സാമൂഹിക സ്വീകാര്യത വളർത്താൻ സഹായിച്ചിട്ടുണ്ട്. വിദ്യാസമ്പന്നരായ പലരും ഞങ്ങൾക്ക് പിന്തുണ നൽകുമ്പോഴും സമൂഹത്തിലെ ഭൂരിഭാഗത്തിനും ഇപ്പോഴും തെറ്റായ ധാരണകളാണ് നോൺ-ബൈനറി മനുഷ്യരോടുള്ളത്. സമൂഹം ഇനിയും മാറാനുണ്ട്.

വിദ്യാഭ്യാസം ഇപ്പോഴും ബാലികേറാമലയാണ്. ഭൂരിഭാഗം ട്രാൻസ്ജെൻഡർ വ്യക്തികളും വിദ്യാസമ്പന്നരല്ല. കൗമാരപ്രായത്തിൽ തന്നെ ശാരീരിക-മാനസിക മാറ്റങ്ങൾ സംഭവിക്കുമ്പോൾ കുടുംബത്തിലും സമൂഹത്തിലും ഉണ്ടാകുന്ന പ്രശ്നങ്ങളാൽ പലരും കുടുംബത്തിൽനിന്ന് പുറത്താക്കപ്പെടുന്നു. ചിലർ ഒളിച്ചോടുന്നു. പഠനം ഇതോടെ അവസാനിക്കും. പ്രശ്നങ്ങളോട് അതിവൈകാരികമായി പ്രതികരിക്കുന്നവരാണ് ഞങ്ങൾ. വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ പ്രാതിനിധ്യം ഉറപ്പാക്കാൻ ഉയർന്ന വിദ്യാഭ്യാസം വേണമെന്നുള്ള തിരിച്ചറിവ് ഞങ്ങളിൽ പലരും ഇനിയും തിരിച്ചറിയേണ്ടതുണ്ട്.

എല്ലാവരിലുമെന്നപോലെ കൗമാരകാലമാണ് ഞങ്ങളും സ്വത്വം തിരിച്ചറിയുന്ന കാലം. പെണ്ണായാൽ മുടി നീട്ടി വളർത്തണം, ആണായാൽ മീശയുണ്ടാകും എന്നൊക്കെ സാമാന്യമനുഷ്യർ അളക്കുന്ന കാലം. പക്ഷെ ഞങ്ങളോ? പൊട്ടുതൊടാനും കമ്മൽ കുത്താനും ആഗ്രഹിക്കുന്ന ആൺകുട്ടി. പെണ്ണിഷ്ടങ്ങളിൽ സന്തോഷം കണ്ടെത്താനാവാത്ത പെൺകുട്ടി. തിരിച്ചറിവിന്റെ തുടക്കത്തിൽ തന്നെ സമൂഹത്തിന്റെ കുറ്റപ്പെടുത്തൽ. വീട്ടുകാരുടെ നിസ്സംഗത. കൂട്ടുകാരുടെ കളിയാക്കൽ. സമൂഹത്തിനും വീട്ടുകാർക്കും വേണ്ടാത്തവരെന്ന് മുദ്രകുത്തുമ്പോൾ ഞങ്ങളിൽ നിറയുന്ന നിസ്സഹായത ആരും അറിയുന്നില്ല.

ഈ സാഹചര്യങ്ങളിൽ വലിയ മാറ്റം വന്നു എന്നതിലാണ് ആശ്വാസം. ഇതൊരു മാനസികാവസ്ഥയല്ല, മറിച്ച് ശാരീരികമായ മാറ്റമാണ് എന്ന് തിരിച്ചറിയണം. നിയമനിർമ്മാണമുൾപ്പെടെയുള്ള മേഖലകളിൽ ട്രാൻസ് സമൂഹത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കിയാൽ നല്ല മാറ്റങ്ങൾ ഉണ്ടാകുമെന്ന വിശ്വാസമുണ്ട്. ഈ സർക്കാർ ഒപ്പമുണ്ടെന്ന ആത്മവിശ്വാസവുമുണ്ട്. ■



ശോഭിക വി കുറുപ്പത്ത്
മാധ്യമപ്രവർത്തക

**സംസ്ഥാനത്തെ എല്ലാ അങ്കണവാടികളും കൂടുതൽ സൗകര്യങ്ങളും പുതുക്കിയ ഭക്ഷണമെനുവുമായി കൂടുതൽ ആകർഷകമായി മാറിക്കഴിഞ്ഞു.**

# കുരുന്നുകൾക്കൊപ്പം വളരുന്ന അങ്കണവാടികൾ

ബ്ലോക്സ് കോർണറിലെ പുസ്തകമെടുത്ത് കുഞ്ഞു ദക്ഷ് ഒരക്ഷരത്തിന്മേൽ വിരൽ വെച്ചു. വസുമതി ടീച്ചർ 'അ' എന്ന് പറഞ്ഞുകൊടുത്തു. 'അമ്മ' എന്ന് കുഞ്ഞിക്കൂട്ടം വാക്ക് കണ്ടെത്തി. 'ബ' യിൽ വിരലെത്തിയപ്പോൾ 'ബിർണാണി' എന്നവർ ആർത്തുവിളിച്ചു. അങ്കണവാടിയിലെ മെനുവിൽ ബിരിയാണി ഉൾപ്പെട്ടത്തണമെന്ന ശങ്കുവിന്റെ മന്ത്രിയോടുള്ള അഭ്യർഥനയുടെ വിശേഷങ്ങൾ പറയാൻ പ്ലേ കോർണറിലെ കളിപ്പാട്ടങ്ങൾ വിട്ട് കുഞ്ഞുങ്ങൾ ടീച്ചർക്ക് ചുറ്റുംകൂടി. പാലക്കാട് വിളയൂരിലെ ഉദയപുരം സ്മാർട്ട് അങ്കണവാടിയിലെ വിശേഷങ്ങൾ തീരുന്നില്ല. ഇത് വിളയൂരിലെ മാത്രം കഥയല്ല.





## കുഞ്ഞ് ശങ്കുവിന്റെ ബിർണാണിയും പൊരിച്ച കോയിയും

**ഉപ്പുമാവിന് പകരം അങ്കണവാടിയിൽ ബിർണാണിയും (ബിരിയാണി) പൊരിച്ച കോഴിയും വേണമെന്ന് കുഞ്ഞ് ശങ്കു സമൂഹമാധ്യമങ്ങൾ വഴി ആവശ്യപ്പെട്ടത് മാസങ്ങൾക്ക് മുമ്പാണ് ഈ നാടാകെ കേട്ടത്. സാമൂഹികമാധ്യമങ്ങളിൽ വൈറലായ ശങ്കുവിന്റെ ആവശ്യം എല്ലാവരും ആസ്വദിച്ചെങ്കിലും അതങ്ങനെ വെറുതെ തള്ളിക്കളയാൻ സർക്കാർ ഒരുക്കമായിരുന്നില്ല. ശങ്കുവിന്റെ ആവശ്യത്തിന് പരിഹാരമുണ്ടാക്കുമെന്ന് ആരോഗ്യ-വനിതാ-ശിശു വികസന വകുപ്പ് മന്ത്രി നൽകിയ വാഗ്ദാനം ഇത്തവണ അങ്കണവാടികൾ തുറന്നപ്പോൾ പാലിക്കപ്പെട്ടു. ശങ്കുവിന്റെ അങ്കണവാടിയിൽ മാത്രമല്ല, സംസ്ഥാനത്തെ എല്ലാ അങ്കണവാടികളിലും മുട്ട ബിരിയാണി, പുട്ട്, കൊഴുക്കട്ട, പുലാവ്, റാഗി അട തുടങ്ങി പോഷകസമൃദ്ധമായ ഭക്ഷണങ്ങൾ കുട്ടികൾക്കായി തയ്യാറാക്കി. പ്രാതൽ, ഉച്ചഭക്ഷണം, വൈകീട്ട് സ്നാക്സ് എന്നിവയാണ് നൽകുന്നത്. പാലും മുട്ടയും കൂട്ടത്തിലുണ്ട്.**

സംസ്ഥാനത്തെ എല്ലാ അങ്കണവാടികളും കൂടുതൽ സൗകര്യങ്ങളും പുതുക്കിയ ഭക്ഷണമെനുവുമായി കൂടുതൽ ആകർഷകമായി മാറിക്കഴിഞ്ഞു. ബുക്സ് കോർണറും പ്ലേ കോർണറും ഫുഡ് കോർണറും ഹാൻഡ് വാഷ് കോർണറും ഒക്കെയായി സ്മാർട്ടായി 143 അങ്കണവാടികളുണ്ട് ഇന്ന് സംസ്ഥാനത്ത്. കുഞ്ഞുങ്ങളുടെ ശാരീരികവും മാനസികവുമായ വികാസത്തിന് ഏറ്റവും സ്മാർട്ടായ നയങ്ങളും നടപടികളുമായി മുന്നേറുകയാണ് സംസ്ഥാന സർക്കാർ.




കളിച്ചും പഠിച്ചും വളരാൻ നിറയെ കളിയുപകരണങ്ങളും പുസ്തകങ്ങളും സ്മാർട്ട് അങ്കണവാടികളിലുണ്ട്. കുട്ടികൾക്ക് ഇരിക്കാൻ ബെഞ്ചുകളും കുഞ്ഞുചെയറുകളും ടൈൽസ് വിരിച്ച തറയിൽ തെന്നി വീഴാതിരിക്കാൻ മാറ്റും സജ്ജമാക്കിയിട്ടുണ്ട്. ചായങ്ങളും ചിത്രങ്ങളും മനോഹരമാക്കിയ ചുവരുകൾപോലും കുഞ്ഞുങ്ങൾക്ക് പ്രിയപ്പെട്ടതാണ്. അതുകൊണ്ടുതന്നെ അങ്കണവാടിയിൽ വരാൻ കുട്ടികൾക്കും ഏറെ സന്തോഷമാണ്. ദക്ഷ്, ദർശ്, യതിൻ, ആര്യേഷ് കൃഷ്ണ, റിസ ഫാത്തിമ, ദക്ഷലക്ഷ്മി, സോന, ഐഫാൻ, ഫയാൻ എന്നിങ്ങനെ പത്ത് കുട്ടികളാണ് പട്ടാമ്പി ഉദയപുരം അങ്കണവാടിയിലെ കുസൃതികുടുക്കകൾ. ഇവരെ നോക്കാൻ വസുമതി ടീച്ചറും ഒരു ഹെൽപ്പറുമുണ്ട്. ശിശുസൗഹൃദ ശുചിമുറി, റാംപ് എന്നീ സൗകര്യങ്ങളും ഈ അങ്കണവാടിയുടെ പ്രത്യേകതയാണ്. 2024-25 സാമ്പത്തിക വർഷം സംസ്ഥാന വനിതാ ശിശു വികസന വകുപ്പിന്റെ 20 ലക്ഷം രൂപയും വിളയൂർ ഗ്രാമപഞ്ചായത്തിന്റെ 12,31,328 രൂപയും ഉൾപ്പെടെ 32,31,328 രൂപ ചെലവിൽ 1500 സ്ക്വയർ ഫീറ്റിലാണ് ഉദയപുരം സ്മാർട്ട് അങ്കണവാടി നിർമിച്ചത്. ഇത്തരത്തിൽ വാടകമുറികളിലും ക്ലബ്ബുകളിലും മറ്റുമായി പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം ഉറപ്പാക്കുന്ന നടപടികളിലാണ് സർക്കാർ. സംസ്ഥാനത്തൊട്ടാകെ 143 സ്മാർട്ട്  അങ്കണവാടികളാണ് നിലവിലുള്ളത്.

### പോഷകസമൃദ്ധമായ ഭക്ഷണം

കുട്ടികളുടെ മാനസിക-ശാരീരിക-സാമൂഹ്യ വികാസത്തിന് സഹായിക്കുന്ന പദ്ധതികളാണ് അങ്കണവാടികൾ മുഖേന സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത്. ഗർഭിണികൾക്കും നവ




ജാതശിശുക്കൾക്കുമെല്ലാം പോഷകാഹാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി അങ്കണവാടികൾ മുഖേന റാഗിപ്പൊടി, ശർക്കര, അവിൽ, അമൃതംപൊടി തുടങ്ങിയവയെല്ലാം നൽകുന്നുണ്ട്. ആറുമാസം മുതൽ മൂന്ന് വയസ് വരെ പ്രായമുള്ള കുട്ടികൾക്കായി മാസത്തിൽ രണ്ട് തവണ അമൃതം ന്യൂട്രിമിക്സ് പൊടി നൽകുന്നു. മൂന്നുമുതൽ ആറുവയസു വരെയുള്ള കുട്ടികൾക്കായി അങ്കണവാടികളിൽ രാവിലെ പ്രാതൽ, ഉച്ചഭക്ഷണം, വൈകീട്ട് സ്നാക്സ് എന്നിവ നൽകുന്നുണ്ട്. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കായി പോഷകാഹാരങ്ങൾ വീടുകളിലേക്കും നൽകുന്നു.

## സ്മാർട്ടായി അങ്കണവാടികൾ

കളിക്കാൻ പ്ലേ ഏരിയ, ഭക്ഷണം കഴിക്കാൻ ഡൈനിങ് ഹാൾ, നിറയെ കളിപ്പാട്ടങ്ങൾ, ശിശുസൗഹൃദ ശുചിമുറി, റാമ്പ്, ചുമരുകൾ നിറയെ കാർട്ടൂൺ കഥാപാത്രങ്ങളുടെ വർണചിത്രങ്ങൾ... അങ്കണവാടികൾ ഏറെ മാറി. കണ്ടും കേട്ടും പരിചയിച്ച പണ്ടത്തെ അങ്കണവാടികളല്ല ഇപ്പോൾ. ദിവസവും കുട്ടികൾ പോകാനും കളിക്കാനും പഠിക്കാനും ആഗ്രഹിക്കുന്ന ഇടങ്ങളായി സംസ്ഥാനത്തെ അങ്കണവാടികൾ മാറിക്കഴിഞ്ഞു. സ്വിമ്മിങ് പൂളും മ്യൂസിക് സിസ്റ്റവും വരെയുള്ള അങ്കണവാടികളുണ്ട്. കോഴിക്കോട് താനക്കോട്ടൂരിലാണ് കുട്ടികളെ പിടിച്ചിരുത്തുന്ന തരത്തിൽ അങ്കണവാടിയിൽ ഈ സൗകര്യങ്ങളൊരുക്കിയിരിക്കുന്നത്. കുട്ടികൾക്കൊപ്പം വരുന്ന അമ്മമാർക്കായി മിനി ജിം വരെ ഇവിടെയുണ്ട്. സംസ്ഥാനത്താകെ 143 അങ്കണവാടികളാണ് സ്മാർട്ടായി മാറിയത്. ബാക്കിയുള്ളവയും സ്മാർട്ട് ആക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

## അങ്കണവാടികളിൽ അംഗൻ ജ്യോതി

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ എന്ന ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തെ അങ്കണവാടികളിൽ നടപ്പാക്കിയിട്ടുള്ള പദ്ധതിയാണ് 'അംഗൻ ജ്യോതി'. അങ്കണവാടികളിൽ ഊർജക്ഷമതയുള്ള ഉപകരണങ്ങൾ സ്ഥാപിക്കുക, അങ്കണവാടികളുടെ പ്രവർത്തനങ്ങളിൽ കാർബൺ ബഹിർഗമനം കുറയ്ക്കുക, പരിസ്ഥിതി സൗഹൃദപരമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, കാർബൺ ന്യൂട്രൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക, കുട്ടികൾക്കും ജീവനക്കാർക്കും സുരക്ഷിതവും ആരോഗ്യകരവുമായ അന്തരീക്ഷം ഉറപ്പാക്കുക, അങ്കണവാടികളിൽ സൗരോർജ പാനലുകൾ സ്ഥാപിക്കുക, എൽ.ഇ.ഡി ബൾബുകൾ ഉപയോഗിക്കുക, ഊർജം ലാഭിക്കുന്ന ഉപകരണങ്ങൾ ഉപയോഗിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. പരിസ്ഥിതി സംരക്ഷണവും ഊർജസംരക്ഷണവും ഒരുമിപ്പിച്ച് കൊണ്ടുപോകുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ■

## താരമായി കുഞ്ഞൂസ് കാർഡും

**സംസ്ഥാന വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന അങ്കണവാടി ഭക്ഷണ മെനുവും മുട്ടയും പാലും നൽകുന്ന പോഷകബാല്യം പദ്ധതിയും കുഞ്ഞൂസ് കാർഡും രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസസ് പദ്ധതികളായി മാറി. സെക്രട്ടറിമാരുടെ ദേശീയ സെമിനാറിലാണ് ബെസ്റ്റ് പ്രാക്ടീസ് പദ്ധതിയായി സംസ്ഥാന വനിതാ ശിശുവികസന വകുപ്പിന്റെ പദ്ധതികൾ അവതരിപ്പിച്ചത്.**

**അങ്കണവാടി കുട്ടികളുടെ പ്രായത്തിന് അനുസൃതമായി ശാരീരികവും മാനസികവും ബൗദ്ധികവുമായ വളർച്ച മനസ്സിലാക്കാൻ ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയതാണ് കുഞ്ഞൂസ് കാർഡ്.**

പ്രിയ ടി ജോസഫ്
റേഞ്ച് ഫോറസ്റ്റ് ഓഫീസർ, വൈപ്പർ ടീം



**മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി രൂപവൽക്കരിച്ച പ്രത്യേക ദൗത്യസേനയായ വൈപ്പർ ടീം സാഹസികമായ നിരവധി ഓപ്പറേഷനുകൾ വിജയിപ്പിച്ചുമുന്നേറുകയാണ്. ടീമംഗങ്ങൾ കാടനുഭവങ്ങൾ പറയുന്നു**

# ടീം വൈപ്പർ സാഹസികതയുടെ മറുപേര്



ടീമിന് വലിയ അംഗീകാരം നേടിത്തന്ന ഓപ്പറേഷൻ ആയിരുന്നു മൂന്നാറിലെ അരിക്കൊമ്പന്റെ കാട്ടുമാറ്റം. വനം വകുപ്പ് ഉദ്യോഗസ്ഥർ, വിവിധ ആർആർടികൾ, വെറ്ററിനറി ഓഫീസർമാർ തുടങ്ങിയവർ ഒരേ മനസോടെ ഒന്നിച്ച് നിന്നതിന്റെ ഫലമാണ് അരിക്കൊമ്പൻ ഓപ്പറേഷന്റെ വിജയം. വൈപ്പർ ടീം ക്യാപ്റ്റൻ എന്ന നിലയിൽ സാഹസികമായ പല റെസ്ക്യൂ ഓപ്പറേഷനുകളിലും പങ്കെടുത്തയാളാണ് ബീറ്റ് ഫോറസ്റ്റ് ഓഫീസർ എം.ഗണേഷ്. വ്യത്യസ്തവും സാഹസികവുമായ ഓരോ ഓപ്പറേഷനും വിജയിച്ചുമടങ്ങുമ്പോൾ ടീമംഗങ്ങളുടെ ആത്മവിശ്വാസം വർധിക്കുകയാണെന്നാണ് ഗണേഷിന്റെ അനുഭവം.

വനം വകുപ്പിന്റെ ആനക്കൊട്ടിലിൽ നിന്നുമെത്തിയ ശക്തരായ കുങ്കിയാനകളുടെ മികവ് എടുത്ത് പറയേണ്ടത് തന്നെയാണ്. 'അന്നേ ദിവസം രാവിലെ ഞാൻ ട്രാക്കിങ് ടീമിന്റെ കൂടെയായിരുന്നു. അരിക്കൊമ്പനെ സിമന്റ് പാലത്തിനടുത്ത് കണ്ടതിനെത്തുടർന്ന് അതിരാവിലെ ടീം പ്രവർത്തനം ആരംഭിച്ചു. എന്റെ ഇൻസിഡന്റ് കമാൻഡർ തേക്കടി അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ ഡോ.അനുരാജ് ആയിരുന്നു. അദ്ദേഹം ഡാർട്ടിങ് (മയക്കുവെടി വയ്ക്കുന്ന സംഘം) ടീമിലായിരുന്നു. അരിക്കൊമ്പനെ ട്രാക്ക് ചെയ്തു കൊണ്ടിരിക്കുമ്പോൾ ചക്കക്കൊമ്പൻ ഞങ്ങളുടെ മുമ്പിൽ നിൽക്കുകയായിരുന്നു. ഡാർട്ടിങ് ടീമിനെ വിവരമറിയിച്ചതിനെത്തുടർന്ന് അവർ വരികയും മയക്കുവെടി വയ്ക്കുകയും ചെയ്തു. കുങ്കിയാനകളുടെ മണിക്കൂറുകൾ നീണ്ടുനിന്ന ശ്രമഫലമായി കാടിറങ്ങിയ അരിക്കൊമ്പനെ അവിടെനിന്നും ഉൾവനത്തിലേക്ക് കയറ്റിവിടുകയും ചെയ്തു. പുതിയൊരു ദേശത്തേക്ക്, പെരിയാർ ടൈഗർ റിസർവിന്റെ മടിത്തട്ടിലേക്കുള്ള യാത്രയായിരുന്നു അത്.' ഗണേഷ് പറഞ്ഞുനിർത്തി.

## എന്താണ് വൈപ്പർ ടീം?

വനം വന്യജീവി സംരക്ഷണം, പങ്കാളിത്ത വനപരിപാലനം, ഇക്കോ ടൂറിസം പ്രവർത്തനങ്ങൾക്ക് ലോക ശ്രദ്ധ നേടിയ രാജ്യത്തെ തന്നെ മികച്ച കടുവാ സങ്കേതമാണ് പെരിയാർ ടൈഗർ റിസർവ്. കേന്ദ്ര ഗവൺമെന്റിന്റെ 2008ലെ നയത്തിന്റെ ഭാഗമായി നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ (NTCA) കീഴിൽ എല്ലാ ടൈഗർ റിസർവുകളും സ്പെഷ്യൽ ടൈഗർ പ്രൊട്ടക്ഷൻ ഫോഴ്സ് (STPF) രൂപവൽക്കരിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി പെരിയാർ ടൈഗർ റിസർവിൽ രൂപീകരിച്ച പ്രത്യേക ദൗത്യസേനയാണ് VIPER (Valiant Intrepid Powerful Enigmatic Raiders).

2017 ലാണ് VIPER രൂപീകരിക്കുന്നത്. റിസർവിലെ പല റേഞ്ചുകളിലായി ജോലി ചെയ്യുന്ന തിരഞ്ഞെടുക്കപ്പെട്ട ഫോറസ്റ്റ് ഉദ്യോഗസ്ഥർ, പരിചയസമ്പന്നരായ പ്രൊട്ടക്ഷൻ വാച്ചർമാർ എന്നിവരെ ഉൾപ്പെടുത്തിയാണ് സേന രൂപീകരിച്ചത്. ദുർഘടമായ പ്രദേശങ്ങളിലും സംഘർഷമേഖലകളിലും ഫലപ്രദമായ പ്രവർത്തനം നടത്തുന്നതിനുള്ള ജംഗിൾ സർവൈവൽ & കോമ്പാക്ട് ടെക്നിക്സിൽ പ്രത്യേക പരിശീലനം തമിഴ്നാട് സത്യമംഗലം സ്പെഷ്യൽ ടാസ്ക് ഫോഴ്സിൽ നിന്നും ലഭ്യമാക്കി. കാട് കേന്ദ്രീകരിച്ചുള്ള തിരച്ചിലുകൾ, മൃഗങ്ങളുമായുള്ള നേരിട്ടിടപെടലുകൾ, സീറ്റ് റാപ്പലിങ്, രക്ഷാപ്രവർത്തനങ്ങൾ എന്നിവയിൽ പ്രാവീണ്യം നേടിയ ആറ് വനിതകൾ ഉൾപ്പെടെ 25 അംഗങ്ങളാണ് നിലവിൽ ദൗത്യസേനയിലുള്ളത്.




മറ്റൊരു സംഭവം കഴിഞ്ഞ ജൂണിലാണ്. ഫീൽഡ് പട്രോളിങ്ങിലായിരുന്ന വൈപ്പർ ടീമിനോട് തേക്കടി ഫ്ളൈയിങ് സ്ക്വാഡ് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ വയർലസിലൂടെ എത്രയും പെട്ടെന്ന് തേക്കടി ബോട്ട് ലാൻഡിങ്ങിലെത്താൻ നിർദേശം നൽകി. യാത്രാമധ്യേ തേക്കടി അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറായ ഡോ.അനുരാജ് ഫോണിൽ ബന്ധപ്പെടുകയും റെസ്ക്യൂ ഓപ്പറേഷനായി ടീമിനെ സജ്ജമാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. അന്ന് വിഷയം കടുവയായിരുന്നു. കൂടെ ഒരു നായക്കുട്ടിയും ഉണ്ട്. ഇടുക്കി ചെല്ലാർകോവിൽ എന്ന സ്ഥലത്ത് ഒരു ഏലം എസ്റ്റേറ്റിലെ വേസ്റ്റ് കുഴിയിൽ ജീവനോടെയാണ് കടുവ കിടക്കുന്നത്. ടീം എത്തുന്നതിന് മുമ്പുതന്നെ ഇടുക്കി ഫ്ളൈയിങ് സ്ക്വാഡ് ഡിഎഫ്ഒ, പിടിആർ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, കുമളി ആർആർടി, പീരുമേട് ആർആർടി, പോലീസ് എല്ലാവരും സജ്ജരായിരുന്നു.

ഇര പിടിക്കാനായി നായയെ ഓടിക്കുന്നതിനിടെ രണ്ടും കുഴിയിൽ വീഴുകയായിരുന്നു. ഒടുവിൽ കടുവയെ മയക്കുമരുന്ന് വച്ച് റെസ്ക്യൂ ചെയ്യുന്നതിന് തീരുമാനിച്ചു. മൂന്ന് പേർ കുഴിയുടെ മുകളിൽ താല്കാലികമായി സ്ഥാപിച്ചിരുന്ന ഇരുമ്പ് ഗേറ്റിന് മുകളിൽ ചെന്നു. കടുവയ്ക്ക് ഏകദേശം ഒന്നര - രണ്ട് വയസ്സാണ് പ്രായം. ഈ പ്രായത്തിൽ ചെറിയ കേഴമാൻ, കൂരമാൻ മുതലായ ചെറിയ മൃഗങ്ങളെ അവർ വേട്ടയാടും. ഏകദേശം നാല് വയസ്സ് മുതൽ കാട്ടുപോത്ത് പോലുള്ളവയെ പിടികൂടും. ആദ്യത്തെ മയക്കവെടി കടുവയ്ക്കും രണ്ടാമത്തേത് നായയ്ക്കും വെച്ചു. ഇരുപത് മിനിറ്റിന് ശേഷം ബൂസ്റ്റർ ഡാർട്ട് കൂടി ഡോക്ടർ നൽകിയ ശേഷം കടുവയെ കുഴിയിൽ നിന്നും ഉയർത്താനുള്ള നടപടികൾ തുടങ്ങി. പിടിആറിന്റെ ഡോഗ് സ്ക്വാഡ് ഫോറസ്റ്റ് വാച്ചർ ശേഖറിന്റെ നേതൃത്വത്തിൽ വൈപ്പർ ടീം അംഗങ്ങൾ ബോലൈൻ കെട്ട് ഇടുകയും ക്യാപ്ച്ചറിങ് റഗ് ഉപയോഗിച്ച് സുരക്ഷിതമായി കടുവയെ പുറത്തെടുക്കുകയും ചെയ്തു. അന്നേരവും നായ നല്ല ഉറക്കത്തിലായിരുന്നു. തുടർന്ന് നായയെയും സുരക്ഷിതമായി പുറത്തെത്തിച്ചു. സഹജീവികളെ സംരക്ഷിക്കുന്നതാണ് ഈ ഭൂമിയിൽ വസിക്കുന്നതിന് നാം കൊടുക്കുന്ന വാടക എന്നാണ് വൈപ്പർ അംഗങ്ങൾ കരുതുന്നത്. പെരിയാറിൽ നിന്നും ലഭിച്ച കാടറിവുകളും ടീമിന്റെ ഭാഗമായ ശേഷം ലഭിച്ച പരിശീലനവും ഓപ്പറേഷനുകളിൽ ആത്മധൈര്യം പകരുന്നുവെന്നും ടീമംഗങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ■

## എന്തൊക്കെയാണ് പ്രവർത്തനങ്ങൾ?

ഉൾക്കാടുകളിൽ അപകടം പറ്റുന്നവരെ സുരക്ഷിതമായി പുറത്തെത്തിക്കുക, വനാതിർത്തികളിൽ പട്രോളിങ് നടത്തുക, പോലീസ് - വനം വകുപ്പ് സേന ട്രെയിനികൾക്ക് പരിശീലനം നൽകുക എന്നിവയാണ് ടീമിന്റെ പ്രധാന പ്രവർത്തനങ്ങൾ. മൂന്നാറിലെ ടൈഗർ റെസ്ക്യൂ, അരിക്കൊമ്പൻ ഓപ്പറേഷൻ, ഗ്രാമ്പി ടൈഗർ റെസ്ക്യൂ, ചെല്ലാർകോവിൽ ടൈഗർ റെസ്ക്യൂ എന്നിവയിൽ പ്രശംസനീയമായ പ്രവർത്തനം കാഴ്ച വയ്ക്കാൻ VIPER ടീമിന് കഴിഞ്ഞു. 2022 ൽ VIPER ടീമിലെ മികച്ച പ്രവർത്തനത്തിന് ടീം ക്യാപ്ടനായ എം.ഗണേഷിന് ലഭിച്ച NTCA ടൈഗർ കൺസർവേഷൻ അവാർഡ് ദേശീയതലത്തിൽ ടീമിന് ലഭിച്ച അംഗീകാരമാണ്.

വനം വകുപ്പ് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിൽ നിർണ്ണായക പങ്കാണ് വൈപ്പർ ടീം വഹിക്കുന്നത്. പെരിയാർ ടൈഗർ റിസർവ് ഫീൽഡ് ഡയറക്ടർ പി.പി.പ്രമോദ് ഐ.എഫ്.എസ്, ഡെപ്യൂട്ടി ഡയറക്ടർ പി.യു.സാജു ഐ.എഫ്.എസ്, അസിസ്റ്റന്റ് ഫീൽഡ് ഡയറക്ടർ ആർ.ലക്ഷ്മി എന്നിവരാണ് ടീമിന് നേതൃത്വം കൊടുക്കുന്നത്.

നാട്ടു വിശേഷം

കൊല്ലം

# ആനവണ്ടിയിലെ വിനോദസഞ്ചാരം

കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരമെന്ന സാധാരണക്കാരന്റെ സ്വപ്നത്തിന് കെ.എസ്.ആർ.ടി.സി കൈകൊടുത്തതോടെയാണ് ബജറ്റ് ടൂറിസം എന്ന ആശയത്തിന് രൂപമാകുന്നത്. ഇതാകട്ടെ കായലും കടലും മലനിരകളും കൈകോർക്കുന്ന കൊല്ലം ജില്ലയിൽ വൻ ഹിറ്റുമായി. ആറുമാസത്തിനുള്ളിൽ ജില്ലയിൽ ബജറ്റ് ടൂറിസം സെൽ കൊയ്തത് 1,50,82,924 രൂപയുടെ വരുമാന നേട്ടം. ഒമ്പത് ഡിപ്പോകളിൽ നിന്നുമായി പ്രതിമാസ ശരാശരി വരുമാനം 35-40 ലക്ഷം രൂപ.

കൊല്ലം, കൊട്ടാരക്കര, കരുനാഗപ്പള്ളി, ചടയമംഗലം, പത്തനാപുരം ഡിപ്പോകളാണ് യാത്രകളിൽ മുന്നിൽ. 2022 ജനുവരി 10ന് റോസ്മലയിലേക്കായിരുന്നു ആദ്യയാത്ര. ഗവി, മൂന്നാർ, പാലക്കാട് എന്നിവക്കാണ് തിരക്കേറെ. നെഫർറ്റിറ്റി കപ്പൽയാത്ര, ഓക്സി വാലി -സൈലന്റ് വാലി, പൊലിയംതുരുത്ത്, വയനാട്, മൂകാംബിക എന്നീ യാത്രകളും കൂടുതൽ വരുമാനമെത്തിക്കുന്നുണ്ട്. കൊല്ലം, കുളത്തൂപ്പുഴ ഡിപ്പോയിൽ നിന്നുമുള്ള വിനോദ യാത്രകൾക്ക് പുറമേ തീർഥാടന യാത്രകളുമുണ്ട്. മൂകാംബിക, കൊട്ടിയൂർ, മലപ്പുറത്തെ ക്ഷേത്രങ്ങൾ, തൃശ്ശൂർ നാലമ്പലങ്ങൾ, ഗുരുവായൂർ, തിരുവൈരാണിക്കുളം, മധ്യകേരളത്തിലെ ശിവക്ഷേത്രങ്ങൾ, സരസ്വതി ക്ഷേത്രങ്ങൾ, കോട്ടയം നാലമ്പലം, പത്തനംതിട്ടയിലെ ക്ഷേത്രങ്ങൾ, കുളത്തൂപ്പുഴ, ആര്യങ്കാവ്, അച്ചൻകോവിൽ, പന്തളം ഉൾപ്പെടുന്ന അയ്യപ്പ ക്ഷേത്രങ്ങൾ, അഴിമല-ചെങ്കൽ, പൗർണമി കാവ്, മണ്ടയ്ക്കാട്, കന്യാകുമാരി, കൃപാസനം, അൽഫോൻസാമ്മ തീർഥാടനം എന്നിങ്ങനെ സീസൺ യാത്രകളും ഉണ്ട്.

അന്തർ സംസ്ഥാന യാത്രകളായ മൂകാംബിക, കന്യാകുമാരി



എന്നിവയാണ് സ്ഥിരംചാർട്ടിൽ. ശബരിമല സീസണിൽ തഞ്ചാവൂർ, മധുര, വേളാങ്കണ്ണി സർവീസുകളുമുണ്ടാകും. നെഫർറ്റിറ്റി കപ്പൽയാത്ര, കുമരകം ബോട്ട് യാത്ര എന്നീ ട്രിപ്പുകൾ എസി ബസുകളിലാണ്. ദീർഘദൂര ട്രിപ്പുകൾ എല്ലാം ഡീലക്സ് സെമി സ്ലീപ്പറുകളിലും. ഗവി, റോസ്മല, പൊന്മുടി, മൂന്നാർ, മലക്കപ്പാറ യാത്രകൾ വനം-ടൂറിസം വകുപ്പുകളുമായി സഹകരിച്ചാണ് നടത്തുന്നത്.

**ഫോൺ അമിതോപയോഗം കുറഞ്ഞു**

കൗമാരകാലത്തെ പിരിമുറുക്കങ്ങളെക്കുറിച്ചും ആ സമയത്ത് ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും പിയർ എഡ്യൂക്കേറ്റർ പ്രോജക്റ്റിലൂടെ അറിവ് ലഭിച്ചു. ഇത് എന്റെ കൂട്ടുകാരുമായി പങ്കുവെച്ചു. പേടിക്കാനില്ല, അത് സ്വാഭാവികമാണെന്നും നമ്മളത് പോസിറ്റീവായി എടുക്കണമെന്നും അവർക്ക് പറഞ്ഞുകൊടുത്തു. പിയർ എഡ്യുക്കേറ്റർ ആയതിന് ശേഷം പഠനത്തിനും മറ്റ് കളികൾക്കും കൂടുതൽ സമയം ചെലവഴിക്കാൻ തുടങ്ങി. ഫോൺ അഡിക്ഷൻ കുറഞ്ഞു.

വൈഗ രമേശ്
വിദ്യാർഥി, ജി.എച്ച്.എസ്.എസ്, എരുമപ്പെട്ടി

തൃശ്ശൂർ

# കുരുന്നുകൾക്ക് പ്രശ്നങ്ങൾ പങ്കിടാൻ ഒരിടം

മാറ്റങ്ങളിലൂടെ കടന്നുപോകുന്ന കൗമാരപ്രായം അനേകം സംശയങ്ങളുടെയും ആശങ്കകളുടെയും കാലമാണ്. ഈ സങ്കീർണ്ണതകളെ ആത്മവിശ്വാസത്തോടെ നേരിടാനും ആരോഗ്യകരമായ ജീവിതശൈലി സ്വീകരിക്കാനും കൗമാരക്കാരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ദേശീയാരോഗ്യ ദൗത്യവും സംസ്ഥാന ആരോഗ്യ വകുപ്പും ചേർന്ന് നടപ്പാക്കിയ പിയർ എഡ്യൂക്കേറ്റർ പ്രോജക്റ്റ് വിജയഗാഥയായി മാറിയിരിക്കുന്നു. സ്വന്തം കൂട്ടുകാരോട് മടികൂടാതെ സംശയങ്ങൾ ചോദിക്കാനും തുറന്നുസംസാരിക്കാനും കഴിയുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

കൗമാരക്കാരുടെ പ്രശ്നങ്ങൾ സമപ്രായക്കാർക്ക് എളുപ്പത്തിൽ മനസ്സിലാക്കാനും അവരുമായി കൂടുതൽ അടുത്തിടപഴകാനും കഴിയുമെന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാനം. ജില്ലയിലെ നാല് ബ്ലോക്കുകളിലെ വിവിധ സ്കൂളുകളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട 200 വിദ്യാർത്ഥികൾക്കാണ് 'പിയർ എഡ്യൂക്കേറ്റർമാർ' എന്ന നിലയിൽ സമഗ്ര പരിശീലനം നൽകിയത്. ലൈംഗികവും പ്രത്യുത്പാദനപരവുമായ ആരോഗ്യം, മാനസികവും വൈകാരികവുമായ ക്ഷേമം, അക്രമരഹിത ജീവിതം, പോഷകാഹാരം, ലഹരി പദാർഥങ്ങളുടെ ഉപയോഗം തടയൽ, അപകടങ്ങളിൽനിന്ന് സ്വയം രക്ഷിക്കൽ തുടങ്ങി കൗമാരക്കാർ നേരിടുന്ന വിവിധ വിഷയങ്ങളിൽ ശാസ്ത്രീയമായ അറിവാണ് ഇവർക്ക് ലഭിച്ചത്. ഈ പിയർ എഡ്യൂക്കേറ്റർമാർ തങ്ങളുടെ കൂട്ടുകാർക്കിടയിൽ വിശ്വസനീയമായൊരു പിന്തുണ സംവിധാനമായി പ്രവർത്തിക്കുന്നു.

## ഭാവിയിലേക്കൊരു ചുവട്

നിരവധി വിദ്യാർഥികളാണ് ഈ പദ്ധതിയിലൂടെ മാറ്റത്തിന് വിധേയരായത്. മുതിർന്നവരോട് ചോദിക്കാൻ മടിച്ചിരുന്ന പല കാര്യങ്ങളും കൂട്ടുകാരായ പിയർ എഡ്യൂക്കേറ്റർമാരോട് ചോദിക്കാൻ കുട്ടികൾക്ക് കഴിയുന്നതായി അധ്യാപകർ സാക്ഷ്യപ്പെടുത്തുന്നു. ചെറിയ ഗ്രൂപ്പുകളായുള്ള ചർച്ചകളും ചോദ്യപ്പെട്ടിയിലൂടെ പേര് വെളിപ്പെടുത്താതെ സംശയങ്ങൾ ചോദിക്കാനുള്ള സൗകര്യവും പ്രയോജനപ്പെട്ടു. സ്കൂൾ ഹെൽത്ത് നഴ്സുമാരുടെ നിരന്തരമായ പിന്തുണയും മാർഗനിർദ്ദേശങ്ങളും പദ്ധതിയുടെ വിജയത്തിന് നിർണായക പങ്കുവഹിച്ചു.



കൗമാരക്കാർക്കിടയിൽ ആരോഗ്യകരമായ ശീലങ്ങൾ വളർത്താനും തെറ്റിദ്ധാരണകൾ ഇല്ലാതാക്കാനും ആവശ്യമായ വിവരങ്ങളും പിന്തുണയും നൽകാനും ആവശ്യമെങ്കിൽ വിദഗ്ധ സഹായം തേടാൻ പ്രോത്സാഹിപ്പിക്കാനും ഈ പദ്ധതിയിലൂടെ സാധിച്ചുവെന്ന് രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം കോ-ഓർഡിനേറ്റർ നിത്യ സനി അറിയിച്ചു.

**കാർത്തിക സി.**
അസി.ഇൻഫർമേഷൻ ഓഫീസർ, തൃശ്ശൂർ

**സഭാകമ്പം കുറയ്ക്കാൻ സഹായിച്ചു**

പിയർ എഡ്യൂക്കേറ്റർ പരിശീലനം കഴിഞ്ഞുവന്ന കുട്ടികൾ അവരുടെ സുഹൃത്തുക്കളെ ഇതിനെക്കുറിച്ച് ബോധവാന്മാരാക്കി. അതിനുശേഷം കുട്ടികൾ ആരോഗ്യം ശ്രദ്ധിച്ചുതുടങ്ങി. അവിടെ അവതരിപ്പിച്ച വിവിധ കാര്യങ്ങൾ കുട്ടികളിൽ ആത്മവിശ്വാസം വളർത്തുകയും സഭാകമ്പം കുറയ്ക്കാൻ സഹായിക്കുകയും ചെയ്തു.

ആശ
അധ്യാപിക, ജി.എം.ആർ.എസ് വടക്കാഞ്ചേരി


# മാതൃ-ശിശു ആരോഗ്യം
## നേട്ടങ്ങൾ തുടർന്ന് കേരളം

മാതൃ-ശിശു ആരോഗ്യത്തിൽ നേട്ടങ്ങൾ കൈവരിച്ച്, ആരോഗ്യസംരക്ഷണ രംഗത്ത് കേരളം ഇന്ത്യയുടെ മാതൃകയാവുന്നു. സുസ്ഥിര വികസനലക്ഷ്യങ്ങളിൽ (എസ്ഡി) ആരോഗ്യവും ക്ഷേമവും ഉറപ്പാക്കുന്നതിൽ കേരളത്തിന്റെ മുന്നേറ്റം രാജ്യത്തിനാകെ പ്രചോദനമാണ്.

എല്ലാവർക്കും ആരോഗ്യമുള്ള ജീവിതം ഉറപ്പാക്കുക എന്ന ലക്ഷ്യവുമായി ബന്ധപ്പെട്ട 'SDG ഗോൾ 3'ൽ നിർണായക ആരോഗ്യ സൂചകങ്ങൾ കൈവരിക്കുന്നതിൽ കേരളം രാജ്യതലത്തിൽ തന്നെ ഒന്നാമതാണ്. മാതൃമരണനിരക്ക്, അഞ്ച് വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളുടെ മരണനിരക്ക്, നവജാതശിശു മരണനിരക്ക് എന്നീ വിഭാഗങ്ങളിലാണ് കേരളം നേട്ടം കൈവരിച്ചിരിക്കുന്നത്.

കേരളത്തിന് പുറമെ മഹാരാഷ്ട്രയും തമിഴ്നാടുമാണ് ഐക്യരാഷ്ട്രസഭയുടെ 'SDG ഗോൾ 3'യിൽ മികച്ച പ്രകടനം നേടിയ മറ്റ് സംസ്ഥാനങ്ങൾ. മഹാരാഷ്ട്രയിൽ 33, തമിഴ്നാട് 54 ആണ് മാതൃമരണ നിരക്ക്. അഞ്ച് വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളുടെ മരണനിരക്കിൽ തമിഴ്നാട്ടിൽ 14, മഹാരാഷ്ട്രയിൽ 16 ആണ്.


### മാതൃമരണ നിരക്ക് (ഒരു ലക്ഷത്തിന്)




പ്രധാന സംസ്ഥാനങ്ങൾ

| | |
|---|---|
| അഖിലേന്ത്യ ശരാശരി | 70 |
| കേരളം | 19 |
| മഹാരാഷ്ട്ര | 33 |
| തമിഴ്നാട് | 54 |
| മധ്യപ്രദേശ് | 173 |
| ഉത്തർപ്രദേശ് | 167 |
| ഗുജറാത്ത് | 57 |

### അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്ക് (1000 ജനനങ്ങൾക്ക്)




പ്രധാന സംസ്ഥാനങ്ങൾ

| | |
|---|---|
| അഖിലേന്ത്യ ശരാശരി | 32 |
| കേരളം | 8 |
| മഹാരാഷ്ട്ര | 18 |
| തമിഴ്നാട് | 13 |
| മധ്യപ്രദേശ് | 51 |
| ഉത്തർപ്രദേശ് | 43 |
| ഗുജറാത്ത് | 24 |

# പിന്നാക്ക വിഭാഗക്ഷേമം
## മത്സരപ്പരീക്ഷാ പരിശീലനം

പിന്നാക്കവിഭാഗ വിദ്യാർഥികൾക്ക് വിവിധ മത്സരപ്പരീക്ഷകൾക്കുള്ള പരിശീലനത്തിനായി എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതി വഴി സർക്കാർ ധനസഹായം നൽകുന്നു.

സഹായം: മെഡിക്കൽ, എഞ്ചിനീയറിങ്ങ് പ്രവേശനപ്പരീക്ഷ-30,000 രൂപ

സിവിൽ സർവീസ്-50,000 ബാങ്കിങ്ങ്-20,000

യുജിസി,നെറ്റ്, ഗേറ്റ് പരീക്ഷാപരിശീലനം-25,000

വാർഷിക വരുമാനപരിധി: 4.5 ലക്ഷം രൂപ

അപേക്ഷ വെബ്സൈറ്റ് മുഖേന ഓൺലൈൻ ആയി നൽകണം.

പ്രൊഫഷണലുകൾക്ക് സംരംഭം തുടങ്ങാൻ രണ്ട് ലക്ഷം രൂപ വരെ ഈ പദ്ധതിവഴിതന്നെ നൽകും.

സിക്കിൾ സെൽ അനീമിയ ബാധിതർക്ക് ഒരു ലക്ഷം രൂപ വരെ ഗ്രാന്റും.

വിശദവിവരങ്ങൾക്ക്: www.bcdd.kerala.gov.in




# സൂപ്പർഹിറ്റായി കെ എസ് ആർ ടി സി
## ട്രാവൽ കാർഡും ആപ്പും

രണ്ട് നൂതന സംവിധാനങ്ങളും ആരംഭിച്ച് ദിവസങ്ങൾക്കുള്ളിൽ സ്വന്തമാക്കിയത് 1,00,961 പേർ. അപേക്ഷിച്ചിരിക്കുന്നവരുടെ എണ്ണം അധികരിച്ചതിനാൽ 5 ലക്ഷത്തോളം ട്രാവൽ

# പ്രാചീന ചേര ശിലാലിഖിതം കണ്ടെത്തി
# പുരാവസ്തുവകുപ്പിന് അഭിമാനം

മഹോദയപുരം (കൊടുങ്ങല്ലൂർ) കേന്ദ്രമാക്കി 9 ാം നൂറ്റാണ്ടു മുതൽ 12-ാം നൂറ്റാണ്ടുവരെ ഭരണം നടത്തിയിരുന്ന ചേരപ്പെരുമാക്കന്മാരിൽ മൂന്നാമനായ കോതരവിപ്പെരുമാളുടെ ഒരു ശിലാലിഖിതം കൂടി കണ്ടെത്തി. മലപ്പുറം മഞ്ചേരിക്കടുത്തുള്ള തൃക്കലങ്ങോട് മേലേടത്ത് മഹാശിവ - വേട്ടക്കൊരുമകൻ ക്ഷേത്രത്തിൽ നിന്നാണ് കല്ലെഴുത്ത് കണ്ടു കിട്ടിയത്. ക്ഷേത്രത്തിന്റെ വട്ടശ്രീകോവിലിനു മുമ്പിൽ, മുറ്റത്ത്, പ്രദക്ഷിണ വഴിയിൽ പാകിയ കല്ലിലാണ് ഈ രേഖയുള്ളത്. അക്ഷരങ്ങൾ ഏറെയും തേഞ്ഞു മാഞ്ഞ നിലയിലാണ്. സ്വസ്തി ശ്രീ എന്ന മംഗള വചനത്തോടെ ആരംഭിക്കുന്ന ലിഖിതത്തിൽ പെരുമാളിന്റെ പേര് കൃത്യമായി വായിച്ചെടുക്കാമെങ്കിലും ഭരണവർഷം സൂചിപ്പിക്കുന്ന ഭാഗം അവ്യക്തമാണ്. കോതരവിപ്പെരുമാളിന്റെ ഭരണകാലത്ത് ക്ഷേത്രത്തിൽ ചെയ്ത ഏതോ വ്യവസ്ഥയാണ് ലിഖിതപരാമർശം. ഇത് വിലക്കുകയോ കവരുകയോ ചെയ്യുന്ന ഊരാളർ മൂഴിക്കള വ്യവസ്ഥ ലംഘിച്ചവരാകും എന്ന് കല്ലിന്റെ താഴെ ഭാഗത്ത് വ്യക്തമായി വായിച്ചെടുക്കാനാകും.



കേരള പുരാവസ്തു വകുപ്പിനു കീഴിലുള്ള കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം ഓഫീസറായ കെ. കൃഷ്ണരാജാണ് ലിഖിതം തിരിച്ചറിഞ്ഞ് മുദ്രപ്പകർപ്പ് തയ്യാറാക്കിയത്.

കോതരവിപ്പെരുമാളിന്റേതായി 10 ലിഖിതങ്ങളാണ് മുമ്പ് കണ്ടെത്തിയിട്ടുള്ളത്. പതിനൊന്നാമത്തേതാണ് തൃക്കലങ്ങോടുനിന്ന് കൈവന്ന ഈ രേഖയെന്ന് ലിഖിതം പരിശോധിച്ച പ്രമുഖ ലിപിപണ്ഡിതൻ ഡോ. എം. ആർ. രാഘവവാരിയർ അഭിപ്രായപ്പെട്ടു.

## കലിഗ്രഫി ദിനം
# ചിത്രചാരുതയിൽ അക്ഷരകല

ഒരു ചിത്രം വരയുന്ന മനോഹാരിതയോടെ അക്ഷരങ്ങളെ വിന്യസിക്കുന്ന കലയാണ് കലിഗ്രഫി. കൈയെഴുത്തിൽ നിന്ന് രൂപപ്പെടുന്ന അക്ഷരചിത്രകല.

ആഗസ്റ്റിലെ രണ്ടാമത്തെ ബുധനാഴ്ചയാണ് ലോ കലിഗ്രഫി ദിനം. ഇതോടനുബന്ധിച്ചാണ് ലളിതകലാ അക്കാദമിയും INSX ഫൗണ്ടേഷനും സംയുക്തമായി ഇന്റർനാഷണൽ കലിഗ്രഫി ഫെസ്റ്റിവൽ (ഐ സി എഫ് കെ)കലിഗ്രഫി ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്.

വിവിധ രാജ്യങ്ങളിൽ നിന്നുള്ള കലിഗ്രാഫർമാർ പങ്കെടുക്കുന്ന മേളയിൽ വൈവിധ്യമാർന്ന ശൈലികളും സാങ്കേതികവിദ്യകളും പ്രദർശിപ്പിക്കുന്നു. കലിഗ്രഫി പഠനത്തിനും നൈപുണ്യ വികസനത്തിനും അവസരങ്ങൾ നൽകുന്ന വർക്ക്ഷോപ്പുകൾ, പ്രഭാഷണങ്ങൾ, തത്സമയ പ്രകടനങ്ങൾ എന്നിവ



ആർട്ടിസ്റ്റ് ഭട്ടതിരിയുടെ ഒരു കലിഗ്രഫി

ഫെസ്റ്റിവലിൽ ഉൾപ്പെടുന്നു. മലയാളം, ദേവനാഗരി, ഇംഗ്ലീഷ്, ഉറുദു കലിഗ്രഫികളും വ്യത്യസ്ത ലിപികളും മേളയിൽ പ്രദർശിപ്പിക്കും. കൊച്ചി ദർബാർ ഹാളിൽ ഒക്ടോബർ 2 - 5 നടക്കുന്ന ഫെസ്റ്റിവലിന്റെ ലോഗോ പ്രകാശനം മുഖ്യമന്ത്രി നിർവഹിച്ചു.

കാർഡുകളാണ് കെ എസ് ആർ ടി സി ഉടൻ എത്തിക്കുന്നത്. കെ എസ് ആർ ടി സിയുടെ യാത്രാ ലൊക്കേഷൻ അറിയാൻ സഹായിക്കുന്ന ചലോ ആപ്പ് 1,20,000 പേരാണ് ഇതിനകം ഡൗൺലോഡ് ചെയ്തത്.

100 രൂപയാണ് ചാർജ്. റീചാർജ് ചെയ്ത് ഉപയോഗിക്കാം. ഒരു വർഷമാണ് കാലാവധി. കാർഡ് മറ്റൊരാൾക്ക് കൈമാറുന്നതിനും തടസ്സമില്ല. കുറഞ്ഞത് 50 രൂപയും പരമാവധി 3000 രൂപയും കാർഡ് ചാർജ് ചെയ്യാം. 1000 രൂപ ചാർജ് ചെയ്താൽ 40 രൂപയും, 2000 രൂപ ചാർജ് ചെയ്താൽ 100 രൂപയും അധികമായി കാർഡിൽ ക്രെഡിറ്റ് ആകും. ഇത് യാത്രക്കാർക്ക് കൂടുതൽ ലാഭകരമാണ്. വിദ്യാർഥികൾക്കുള്ള സ്മാർട്ട് ഓൺലൈൻ കൺസഷൻ കാർഡും താമസിയാതെ ലഭ്യമാവും.

**ഓർമ്മ**

# സ്വാതന്ത്ര്യത്തിന്റെ പ്രാണവായു



**അന്തരിച്ച സാഹിത്യകാരൻ എം.കെ.സാനു 2022 ലെ സമകാലിക ജനപഥം ഭാഷാപ്പതിപ്പിൽ എഴുതിയ കുറിപ്പിൽ നിന്ന്**

മാതൃഭാഷാ സ്നേഹം അമ്മയുടെ നേർക്കുള്ള സ്നേഹം പോലെയാണ്. അത് എന്തെന്ന് നിർവചിക്കാൻ ആവുകയില്ല. മനുഷ്യബന്ധങ്ങളിലെ വിശിഷ്ടമായ ഭാവങ്ങളൊക്കെയും ആ സ്നേഹവുമായി ബന്ധപ്പെട്ടിരിക്കുന്നു. എല്ലാറ്റിനും ഉപരിയായി മാതൃഭാഷാസ്നേഹം സ്വാതന്ത്ര്യത്തിന്റെ പ്രാണവായുവുമാണ്. മാതൃഭാഷ നഷ്ടപ്പെട്ടു കഴിഞ്ഞ ജനങ്ങൾ അടിമകളായി മാറുന്നുവെന്നാണ് ചരിത്രത്തിൽ നാം കണ്ടിരിക്കുന്നത്. തലമുറകൾക്കുശേഷം മാത്രമേ അവർ സ്വാതന്ത്ര്യം വീണ്ടെടുക്കുന്നുള്ളൂ.

മലയാളികൾ മാതൃഭാഷ പരിപോഷിപ്പിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. പലപ്പോഴും അധീശവർഗത്തിന്റെ ഭാഷ സ്വീകരിക്കുന്നതിനുള്ള ഭ്രമമാണ് അവരെ ബാധിച്ചിട്ടുള്ളത്. പണ്ട് അത് സംസ്കൃത ഭാഷാഭ്രമമായിരുന്നു. ബ്രിട്ടീഷ് ഭരണം വന്നതിന് ശേഷം അത് ഇംഗ്ലീഷ് ഭാഷാഭ്രമമായി മാറി. അന്ന് ഭാഷാധ്യാപകർ തങ്ങളുടെ ഹൃദയത്തിൽ കത്തിച്ചുവെച്ച തിരിപോലെ മലയാളത്തെ സംരക്ഷിക്കുന്നതിൽ വ്യഗ്രത കാണിച്ചതിനെക്കുറിച്ച് മഹാകവി ഉള്ളൂർ പ്രസ്താവിക്കുന്നുണ്ട്.

പിൽക്കാലത്ത് മാതൃഭാഷാ സംരക്ഷണത്തിനുവേണ്ടി അനേകം സംഘങ്ങളും വ്യക്തികളും നിരന്തരം വാദിക്കാൻ തുടങ്ങി. രാഷ്ട്രീയ രംഗത്ത് ഇ എം എസ് ആ വാദം സ്ഥിരമായി ഉയർത്തിക്കൊണ്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് വി.ടി. ഭട്ടതിരിപ്പാട് സമൂഹത്തിൽ മാറ്റം ഉണ്ടാകുന്ന സാഹിത്യകൃതികൾ സൃഷ്ടിച്ചത്. ശ്രീനാരായണഗുരുവും അയ്യൻകാളിയും സഹോദരൻ അയ്യപ്പനും മലയാളത്തിലൂടെയാണ് മൗലികമായ ആശയങ്ങളുടെ ശക്തി എന്തെന്നു ബോധ്യപ്പെടുത്തിയത്.

എങ്കിലും മാതൃഭാഷയുടെ നേർക്ക് അവഗണന കാട്ടുന്നവരുടെ സംഖ്യ കുറയുകയുണ്ടായില്ല. അനേകം സംഘങ്ങൾ ആ പ്രവണതയ്ക്കെതിരെ പോരാടിയതിന്റെ ഫലമായിട്ടാണ് സർക്കാർ അതിൽ ശ്രദ്ധ ചെലുത്താൻ തുടങ്ങിയത്. ആ ശ്രദ്ധയുടെ അടിസ്ഥാനത്തിൽ നിയമം കൊണ്ടുവന്നത് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരാണ്. ഇന്ന് വിദ്യാഭ്യാസത്തിൽ മലയാള ഭാഷയ്ക്ക് ഗണ്യമായ സ്ഥാനമുണ്ടെന്ന് നമുക്ക് ഉറപ്പായി പറയാം.

ആ സ്ഥാനം സ്ഥിരമാക്കുന്നതിനുവേണ്ടി, ഭാഷാസ്നേഹത്തിനുവേണ്ടി യുവാക്കളിൽ നിന്ന് ശബ്ദം ഉയരേണ്ടതാണ്. മുന്നോട്ടുള്ള നീക്കത്തിൽ മാതൃഭാഷാസ്നേഹവും മാർഗ ദീപങ്ങളിൽ ഒന്നായിരിക്കട്ടെയെന്ന് ആശംസിക്കുന്നു.








നൂറ് വർഷത്തോളം നീളുന്ന പ്രൗഢമായ ചരിത്രമുള്ള മലയാള സിനിമാ മേഖലയെ പുതിയ ഉയരങ്ങളിലെത്തിക്കാൻ ലക്ഷ്യമിട്ട് തിരുവനന്തപുരത്ത് ആഗസ്റ്റ് 2ന് സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ദ്വിദിന ഫിലിം കോൺക്ലേവിൽനിന്ന്.
ലൈറ്റ്ബോയ് മുതൽ സംവിധായകൻ വരെയുള്ളവരെ പങ്കെടുപ്പിച്ച കോൺക്ലേവ് അർഥപൂർണമായ സംവാദങ്ങളാലും പ്രതിഭകളുടെ സാന്നിധ്യത്താലും മികച്ചുനിന്നു.
ചിത്രം: ഐപിആർഡി ഫോട്ടോഗ്രഫി

Date of Publication: **01.08.2025**
KERMAL2014/58028 Price: **12.00**
Reg. No. KL/TV(N)/660/2022-2024




Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala
and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala
Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS